Reg. No. M. 229

ഒറ്റപ്രതി 2ണ.

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 26 | 1128 മകരം 22—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1953 ഫെബ്രുവരി 4 | ലക്കം 24

## ചൈനയിലെ മതമർദ്ദനം

(എ. റ്റി. ദേവസ്യാ എം. എ.)

കത്തോലിക്കാസഭയുടെ ചരിത്രം പരിശോധിച്ചാൽ അതു മർദ്ദനത്തിന്റെ തീച്ചൂളയെ അതിജീവിച്ചാണ് ഇന്നത്തെ നിലയിലെത്തിയിരിക്കുന്നതെന്ന് വ്യക്തമായി കാണാൻ കഴിയും. ക്രിസ്തു കാൽവരിമലമുകളിൽവച്ച് [illegible] സാക്ഷിമകുടം ചൂടിയതുതന്നെ അദ്ദേഹത്തിന്റെ അനുയായികൾക്കു നേരിടേണ്ടിവരുന്ന പീഡകളുടെ സൂചനയായിട്ടായിരുന്നു. “അവർ എന്നെ പീഡിപ്പിച്ചെങ്കിൽ നിങ്ങളെയും അവർ പീഡിപ്പിക്കും” (യോഹന്നാൻ 15–20). എത്രയോ അന്വർത്ഥമായ വചനങ്ങളാണ് സഭാനാഥൻ ശ്ലീഹന്മാരോടരുളിച്ചെയ്തത്. ക്രിസ്തുമതം ബീജാവാപം ചെയ്യപ്പെട്ടപ്പോൾ മുതൽ ഇന്നുവരെയും സഭ ലോകത്തിന്റെ ഏതെങ്കിലും ഭാഗത്ത് എപ്പോഴും മർദ്ദിക്കപ്പെട്ടുകൊണ്ടിരുന്നിട്ടുള്ളതായി ചരിത്രം പഠിപ്പിക്കുന്നു.

ആധുനികകാലത്തും സഭയും അതിന്റെ സന്താനങ്ങളും പീഡകളുടെ മൂർദ്ധന്യത്തിൽക്കൂടി കുരിശുംവഹിച്ചുകൊണ്ട് ചരിക്കുകയാണ്. പൂർവ്വയൂറോപ്യൻ രാഷ്ട്രങ്ങളിലും ചൈനയിലും ദിനംപ്രതി അനേകം രക്തസാക്ഷികൾ ക്രിസ്തുവിന്റെ മലർവാടിയിലേക്ക് ആനയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 16 ലക്ഷം നിരപരാധികളെ കൊല്ലുകൊണ്ട് വധിക്കാൻ വൈദഗ്ദ്ധ്യം പ്രദർശിപ്പിക്കാതിരുന്ന ചെങ്കിസ്ഖാന്റെ കേളീരംഗമാണ്. ഇരുമ്പുമറയ്ക്കുള്ളിൽ അകപ്പെട്ടിരിക്കുന്ന സാധുജനങ്ങളുടെ മനോഗതം ആർ പ്രകടിപ്പിക്കുന്നു? മനുഷ്യന്റെ ജന്മാവകാശമായ ആരാധനാസ്വാതന്ത്ര്യത്തെ നിഹനിച്ചശേഷം യഥാർത്ഥ മതാനുയായികളെ മൃത്യുവിനിരയാക്കുന്ന കാര്യത്തിൽ മാത്രമേ സ്റ്റാലിനും കൂട്ടരും ശ്രദ്ധ കാണിക്കുന്നുള്ളു. ഈ കാര്യത്തിൽ റഷ്യൻ സർവ്വാധിപതിയുടെ വലംകൈയായി പ്രവർത്തിക്കുന്നത് ചൈനയിലെ [illegible]ധിപതിയായ മാവോസേതുങ് ആണ്.

കത്തോലിക്കാസഭ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരുന്നപ്പോളായിരുന്നു കമ്മ്യൂണിസ്റ്റുകാർ ചൈനയിൽ അധികാരമാരോഹണം ചെയ്തത്. പ്രതിവർഷം ആയിരക്കണക്കിനു ജനങ്ങൾ നിത്യരക്ഷയിലേക്ക് ആനയിക്കപ്പെട്ടുകൊണ്ടിരുന്നു. പെക്കിംഗ്, ടീയൻസിൻ, ഷാങ്ഹായ് തുടങ്ങിയ നഗരങ്ങളിൽ ഉന്നതപ്രസിദ്ധങ്ങളായ സർവ്വകലാശാലകൾ നടത്തിയിരുന്നതിനു പുറമേ 250 ഹൈസ്കൂളുകളും 15000 പ്രൈമറിസ്കൂളുകളും കത്തോലിക്കർ സ്ഥാപിച്ചിരുന്നു. അനേകശതം ദിനപ്പത്രങ്ങളും മറ്റു പ്രസിദ്ധീകരണങ്ങളും കത്തോലിക്കർക്കുണ്ടായിരുന്നുവെന്നോർക്കുമ്പോൾ സഭയുടെ പുരോഗതി ഊഹിക്കാമല്ലോ. എന്നാൽ നിരീശ്വരവാദികൾ ഭരണകൂടം പിടിച്ചടക്കിയതോടെ സർവ്വകലാശാലകൾ പൂട്ടപ്പെട്ടു. ഹൈസ്കൂളുകളും പ്രൈമറിസ്കൂളുകളും ഗവണ്മെന്റിന്റെ മർദ്ദനനിയമപ്രകാരം വിറ്റുപൂട്ടി നശിപ്പിച്ചു. ഇതെപ്പറ്റി സുപ്രസിദ്ധ പത്രലേഖകനായ വിക്ടർ റിഡ് പറഞ്ഞ വാക്കുകൾ ഇങ്ങനെയാണ്: “ചെങ്കുപ്പായക്കാർ സ്കൂളുകൾ ഏറ്റെടുക്കുകയും, പുതിയ രീതിയിലുള്ള സ്കൂൾ നികടിച്ചു വിദ്യാഭ്യാസം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. പള്ളികൾ മിക്കവാറും ഹോട്ടലുകളും സിനിമാശാലകളും [illegible]വർഷത്താവളങ്ങളിൽ വീട്ടുതടങ്കലിൽ പാർപ്പിക്കപ്പെട്ടിരിക്കുന്ന വൈദികരും അൽമേനികളും അനേകമാണ്.

മതത്തിൽ വിശ്വസിക്കുന്നവരെന്ന കാരണത്താൽ അറസ്റ്റു ചെയ്യപ്പെടുന്നവർക്ക് അനുഭവിക്കേണ്ട മർദ്ദനം മിക്കവാറും ഭയങ്കരങ്ങളായിരിക്കയാണ്. ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണങ്ങളെല്ലാം തന്നെ തടയപ്പെട്ടിട്ടുണ്ട്.”



അഭിനവമെത്രാൻ ബനഡിക്ട് മാർ ഗ്രിഗോറിയോസ്

കമ്മ്യൂണിസ്റ്റ് ഭരണകൂടം ചൈനയിൽ നിലവിൽ വന്നപ്പോൾ അവിടെ ഏകദേശം 50 ലക്ഷം കത്തോലിക്കരുണ്ടായിരുന്നു. 20 ആർച്ചുബിഷപ്പുമാരും 30 വികാർ അപ്പസ്തോലിക്കാമാരും 5000 വൈദികരും 6000 കന്യാസ്ത്രീകളും പ്രേഷിതവൃത്തിയിൽ ഏർപ്പെട്ടിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി പാടേ വ്യത്യസ്തമാണ്. 22 മെത്രാന്മാരും, 400-ൽപ്പരം വൈദികരും അനേകശതം കന്യാസ്ത്രീകളും കൽത്തുറുങ്കുകളിൽ അടയ്ക്കപ്പെട്ടിട്ടുണ്ട്. 1500-ൽ കൂടുതൽ പുരോഹിതർ നാടുകടത്തപ്പെട്ടിരിക്കുന്നു. കഠിനത്തെ രണ്ട് കഠിനമായ ദേഹമർദ്ദനം, കാരാഗൃഹവാസം, മരണം എന്നീ മൂന്നുവിധത്തിലുള്ള ശിക്ഷകൾക്ക് ഒരാൾ വിധേയനാകപ്പെടാം. എന്നാൽ തടങ്കലിൽ അകപ്പെടുന്ന വൈദികശ്രേഷ്ഠന്മാർ മരണത്തിനു വിധിക്കപ്പെടുന്നവരെക്കാളും കഷ്ടതകൾ അനുഭവിക്കേണ്ടിവരുന്നു. ജയിലിലടയ്ക്കപ്പെടുന്ന അർദ്ധനഗ്നന്മാരെയും മഴപ്പട്ടിണിക്കാരെയും കണ്ട് ആട്ടഹസിക്കുന്നതാണ് മതവിരോധികൾക്ക് [illegible]. കാരാഗൃഹത്തിന്റെ മൂലയിൽ ചെവിവരെ മാത്രം കെട്ടിനിറുത്തി മറ്റുവിധം യാതനകളേല്പിക്കപ്പെടുന്ന അനേകം ഹതഭാഗ്യരവിടെ കാണപ്പെടുന്നു. കന്യാസ്ത്രീകളുടേതായുള്ള മിഷ്യനികളും മറ്റു സംഘടനകളും പരിഷ്കൃതലോകത്തെ സംഭ്രമിപ്പിക്കുന്നവയാണ്. കർദ്ദിനാൾ സ്പെൽമാൻ ചൈനയിലെ ജനങ്ങളുടെ കഷ്ടതയെപ്പറ്റി വിവരിച്ചതു താഴെ ഉദ്ധരിക്കാം: “ചെങ്കുപ്പായക്കാർ അധികാരം പിടിച്ചുപറ്റിയപ്പോൾ സ്ത്രീകളും പുരുഷന്മാരും അടക്കം എല്ലാം മിഷനറിമാരോടും അപമര്യാദയായി പ്രവർത്തിച്ചു. കമ്മ്യൂണിസ്റ്റുകാർ കിരാതന്മാരായ അവരുടെ രീതിയനുസരിച്ച് ശതക്കണക്കിനു പള്ളികളും മിഷൻപള്ളിക്കൂടങ്ങളും മഠങ്ങളും സന്യാസാശ്രമങ്ങളും കൊള്ളചെയ്യുകയും തീവച്ചു നശിപ്പിക്കുകയും ചെയ്തു. മിഷനറിമാരെ മാത്രമല്ല ക്രിസ്ത്യാനികളായ പുരുഷന്മാരെയും സ്ത്രീകളെയും കുഞ്ഞുങ്ങളെയും തൂക്കിക്കൊല്ലുകയോ വെടിവെച്ചുകൊല്ലുകയോ പൈശാചികമായി പീഡിപ്പിക്കയോ ചെയ്യാതിരുന്നില്ല. ഇങ്ങനെ മർദ്ദനം സഹിക്കവയ്യാതെ ആയപ്പോൾ ചൈനാ സന്ദർശിച്ച ഇന്ത്യൻ സാംസ്കാരികസംഘത്തിനു നേതൃത്വം നൽകിയ ശ്രീമതി വിജയലക്ഷ്മി പണ്ഡിറ്റിന് അവിടുത്തെ കത്തോലിക്കർ ഒരു കത്തയച്ചതും ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

ആധുനികചൈനയുടെ ഏതു മൂലയിൽനിന്നും കേൾക്കുന്ന വാക്കുകൾ ഇതാണ്: “സാറു്, സാറു്” (കൊലചെയ്യുക, കൊലചെയ്യുക) “സഭ നശിക്കട്ടെ”, “മിഷനറിമാർ നശിക്കട്ടെ” “അവരുടെ ദൈവവും നശിക്കട്ടെ.” പൊതുജനക്കോടതികൾ സ്ഥാപിച്ച് മിഷനറിമാരെയും ക്രിസ്തീയവൈദികരെയും പരസ്യമായി വിചാരണചെയ്ത് അനേകരെ ഒരുമിച്ചു വധിക്കുന്ന സമ്പ്രദായവും അവിടെ ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെയുള്ള കോടതികളിൽ വിചാരണചെയ്യുന്ന സമയത്തു അവിടത്തെ കാഴ്ചക്കാർക്ക് ശിക്ഷകൾ സംബന്ധിച്ച് അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്. പൊതുജനക്കോടതിയിൽ കയറുന്ന എല്ലാവരുടെയും മരണത്തിനുവേണ്ടിയുള്ള ആർപ്പുകളാണ് രക്തദാഹികളായ പ്രേക്ഷകർ മുഴക്കാറ്. വാദ്യഘോഷത്തിന്റേയും, ആർപ്പുവിളിയുടേയും അകമ്പടിയോടെ മരണത്തിനു വിധിക്കപ്പെടുന്നവർ കൊലക്കളത്തിലേക്ക് ആനയിക്കപ്പെടുന്നു.

അപരിഷ്കൃതരെപ്പോലും ഞെട്ടിപ്പിക്കുന്നവിധത്തിലുള്ള പീഡകൾ സഹിച്ചുകൊണ്ടിരുന്നിട്ടും ചൈനയിലെ കത്തോലിക്കർ ആദ്യശതാബ്ദത്തിലെ ക്രിസ്ത്യാനികളുടെ വിശ്വാസതീക്ഷ്ണതയാണ് പ്രകടിപ്പിക്കുന്നത്. ഇതിനുദാഹരണമായി ധീരന്മാരായ ചൈനീസ് കത്തോലിക്കർ പരിശുദ്ധ പിതാവിനയച്ച ഒരു കത്തിലെ ഏതാനും ഭാഗങ്ങൾ ചൂണ്ടിക്കാണിക്കാം. “പരിശുദ്ധ പിതാവേ, ചൈനയിലെ സഭ അപകടകരവും വിഷമകരവുമായ അവസ്ഥയിലാണ്”.... ക്രിസ്തുവിനാൽ അറിയിക്കപ്പെട്ട സത്യത്തിന്റെ സാക്ഷികളാകാനിടവേണ്ടി ഞങ്ങൾ കാരാഗൃഹവാസം അനുഭവിക്കുന്നതിനും രക്തം ചിന്തുന്നതിനും എപ്പോഴും തയ്യാറാണ്. ഞങ്ങളുടെ കുരിശു

# സാഹിത്യതിലകനെപ്പററി കവിതിലകൻ

[സാഹിത്യതിലകൻ സി. കെ. മററത്തിന്റെ "പൂവും കായും" രണ്ടാംഭാഗത്തിനു കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജ എഴുതിയിരിക്കുന്ന അവതാരിക ഗ്രന്ഥകാരന്റെ സാഹിത്യപരിശ്രമങ്ങളെപ്പററി സമഗ്രജ്ഞാനം നല്കുന്ന ഒന്നാകയാൽ അതിവിടെ ഉദ്ധരിക്കുന്നു.]

ക്രിസ്ത്യാനികൾ അനേകം ശതാബ്ദങ്ങൾക്കു മുമ്പുമുതല്ക്കുതന്നെ കേരളീയസമുദായങ്ങളിൽ ശ്രദ്ധാർഹത പ്രദർശിപ്പിച്ചുവരുന്ന ഒരു സമുദായമാകുന്നു. തൽഫലമായി വിപുലമായ ഒരു ഗ്രന്ഥസമുച്ചയം ഭാഷക്കു പുഷ്ടിസമ്പത്തായി ലഭിച്ചിട്ടുണ്ട്. അടുത്തകാലത്തു പലരും ഭാഷാദേവതാരാധനാവിഷയത്തിൽ അഹമഹമികയാ മുന്നോട്ടുവന്നു പ്രവർത്തിച്ചിരിക്കുന്നതായിക്കാണാം. അവരുടെ തൽപ്രവർത്തനഫലങ്ങളായ ഗ്രന്ഥങ്ങൾക്കു സാഹിത്യത്തിൽ ഉന്നതമായ സ്ഥാനം ലഭിക്കുവാൻ അവകാശമുണ്ട്. അവരെയും തദ്രചിതങ്ങളായ ഗ്രന്ഥങ്ങളെയും വിസ്മരിച്ച് ആ നിലയിൽ നിർമ്മിതമാകുന്ന ഒരു ഭാഷാചരിത്രം അത്യന്തം അപൂർണ്ണവും പ്രയോജനരഹിതവുമാകുമെന്നു നിസ്സംശയം അഭിപ്രായപ്പെടാം. ഭാഗ്യദോഷാൽ ഇന്നു നിർമ്മിതങ്ങളായിരിക്കുന്ന ഭാഷാചരിത്രഗ്രന്ഥങ്ങളിൽ പലതും അങ്ങനെയുള്ളവയായിരിക്കുന്നു.

കസ്തൂരിയുടെ ഗന്ധം ശപഥംകൊണ്ടു നശിക്കുന്നതല്ല. കണ്ണടച്ചിരുന്നതുകൊണ്ട് ആദിത്യൻ അസ്തമിച്ചു ലോകം ഇരുളിൽ മുങ്ങുന്നതുമില്ല. അതുപോലെ ചില ചരിത്രകാരന്മാരുടെ അനാദരമോ വിസ്മൃതിയോകൊണ്ട് ക്രിസ്ത്യൻ സമുദായത്തിനു ഭാഷാസാഹിത്യത്തിൽ അർഹിക്കുന്ന സ്ഥാനവും മാനവും സഹൃദയലോകത്തിൽനിന്ന് ലഭിക്കാതെയിരിക്കയില്ലെന്നു സിദ്ധമാണ്.

അടുത്തകാലത്തു ഭാഷയെ സേവിച്ച് അതിന്റെ സമ്പത്തു വർദ്ധിപ്പിക്കുന്നതിനു ശ്രമിക്കുന്ന സാഹിത്യകാരന്മാരിൽ എല്ലാംകൊണ്ടും മുഖ്യനാണു വൈദികവര്യനും സുപ്രസിദ്ധനുമായ ദിവ്യശ്രീ സി. കെ. മററം. നിരന്തരമായ സാഹിത്യപരിശ്രമംകൊണ്ട് ഭാഷയെ ഇത്രയും കടപ്പെടുത്തിയിരിക്കുന്ന ഭാഷാപ്രണയികൾ ഈ കാലത്തു ചുരുക്കമാണെന്ന് എനിക്കു തോന്നുന്നു.

ദിവ്യശ്രീ സി. കെ. മററം അവർകളെ സാഹിത്യലോകവുമായി പ്രത്യേകം പരിചയപ്പെടുത്തുന്നത് അനാവശ്യമാകുന്നു. ഏകദേശം രണ്ടുമൂന്നു വ്യാഴവട്ടം കാലമായി, കേരളത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പത്രങ്ങളിലും മാസികകളിലും ദിവ്യശ്രീ മററത്തിന്റെ ലേഖനരത്നഭൂഷണമണിഞ്ഞ് അസാധാരണമായ കാന്തി കൈക്കൊള്ളാത്തവ വളരെ ചുരുക്കമാണ്. ചരിത്രം, തത്വചിന്ത, നിരൂപണം മുതലായ സാഹിത്യശാഖകളെല്ലാം ദിവ്യശ്രീ മററത്തിനു വശംവദങ്ങളാകുന്നു. അവയെ ആശ്രയിച്ച് അത്യന്തം വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ കണക്കില്ലാതെ ദിവ്യശ്രീ മററം എഴുതിയിട്ടുണ്ട്. സുവർണ്ണകിരണങ്ങൾ, ചിത്രാവലി, വിശ്വവിഹാരം മുതലായ അനേകം പ്രൗഢങ്ങളായ ഗ്രന്ഥങ്ങളും ഈ സാഹിത്യസേവകന്റെ തൂലികയിൽനിന്നു സഞ്ജാതങ്ങളായിട്ടുണ്ട്. അവയുടെ കൂട്ടത്തിൽ പ്രധാനമായ ഒരു ഗ്രന്ഥമാണ് "പൂവും കായും." ഇതിന്റെ ഒന്നാംഭാഗം മുൻപു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നതാകുന്നു. രണ്ടാംഭാഗമാണ് ഇപ്പോൾ അവതരിപ്പിക്കുന്ന ഗ്രന്ഥം.

വാഗ്മി, ഫലിതരസികൻ, സഹൃദയൻ, ഗവേഷകൻ, നിരൂപകൻ, ചരിത്രാന്വേഷകൻ, പണ്ഡിതൻ എന്നിങ്ങനെ പല നിലകളിലും ദിവ്യശ്രീ മററത്തിനു വിദഗ്ദ്ധബഹുമതി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സുമധുരവും സരളവും ആയ ഭാഷയിൽ ഫലിതം തികഞ്ഞ സാരാംശം വിടാതെ ആരെയും രസിപ്പിക്കുന്ന രീതിവിശേഷത്തോടുകൂടിയ ദിവ്യശ്രീ മററത്തിന്റെ പ്രസംഗം കേൾക്കേണ്ടതായ ഒന്നുതന്നെയാണ്. നിലേശ്വരത്തുവച്ചു കൂടിയ സാഹിത്യപരിഷത്സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ച് ഈ പണ്ഡിതവര്യൻ ചെയ്ത പ്രസംഗം അവിടെ കൂടിയിരുന്ന വിവിധജാതിമതാവലംബികളായ അനേകായിരംപേരെ രോമാഞ്ചകഞ്ചുകമണിയിച്ച് ആനന്ദാമൃതസാഗരത്തിൽ ആറാടിച്ച സംഭവം ഞാൻ കണ്ടറിഞ്ഞിട്ടുള്ളതാണ്. പാശ്ചാത്യദേശങ്ങളിൽ പര്യടനം നടത്തി ഭാരതീയരുടേയും കേരളീയരുടേയും സാഹിത്യസംസ്കാരാദി മാഹാത്മ്യത്തെക്കുറിച്ച് അനേകം പ്രസംഗങ്ങൾ ചെയ്തു, ആ നാട്ടുകാരുടെ ബഹുമതിനേടുന്നതിനും ദിവ്യശ്രീ മററത്തിനു സാധിച്ചിട്ടുണ്ട്. പരിശുദ്ധി തികഞ്ഞ ഭാഷയിൽ ഫലിതമധുരമായി സംഭാഷണംചെയ്തു ആരെയും ആകർഷിക്കുന്നതിനു ദിവ്യശ്രീ മററത്തിനു ഒരു അനുഗൃഹീതമായ വൈഭവം ഉണ്ട്. ചുരുക്കത്തിൽ ഈശ്വരൻ അനുഗ്രഹിച്ചു കൊടുക്കുന്ന ഗുണങ്ങൾ എല്ലാം ദിവ്യശ്രീ മററത്തിനു ലഭിച്ചിട്ടുണ്ടെന്നു പറയണം. അങ്ങനെയുള്ള ഒരു പണ്ഡിതന്റെ കൃതികൾ തന്മയസരസഗുണപുഷ്ടങ്ങളായിട്ടല്ലാതെ എങ്ങനെ വരും?

ഗ്രന്ഥത്തിന്റെ "പൂവും കായും" എന്ന നാമം അന്വർത്ഥമായിരിക്കുന്നു. ആകാരസൗഷ്ഠവം, സൗരഭ്യം, മധുരസം എന്നിവ പുഷ്പങ്ങളിൽ സഹജമായി കാണുന്ന ഗുണങ്ങളാകുന്നു. "വർണ്ണഭംഗി, പദസൗരഭ്യം, ആശയസൗന്ദര്യം, വിജ്ഞാനമധു എന്നിവ പ്രസ്തുതഗ്രന്ഥത്തിൽ ഉണ്ടെന്ന് ആർക്കും അനുഭവപ്പെടും. അതുകൊണ്ട് അതിനു പൂവിന്റെ സാദൃശ്യം സിദ്ധമെന്നു സമ്മതിക്കണം. കായ് ഫലമാകുന്നു. അതു ക്ഷുത്പീഡയെ നശിപ്പിക്കുന്നു. ഈ ഗ്രന്ഥമാകുന്ന കായ് അജ്ഞാനമാകുന്ന ക്ഷുത്തിനെ നാമാവശേഷമാക്കുന്നതിനാൽ "കായും" അന്വർത്ഥമാകുന്നു. ഇപ്രകാരം ഗ്രന്ഥകാരൻ ചിന്താപൂർവ്വം കൊടുത്തിരിക്കുന്ന ഒന്നാണു പുസ്തകത്തിന്റെ പേരെന്നു ഞാൻ വിചാരിക്കുന്നു. എന്റെ ഈ അഭിപ്രായം പ്രത്യക്ഷരം വാസ്തവമെന്നും പുസ്തകം മുഴുവനും സശ്രദ്ധം വായിക്കുന്നവർ സകൗതുകം സമ്മതിക്കുമെന്നാണ് എന്റെ വിശ്വാസം.

മുൻപ് ഗ്രന്ഥകർത്താവു പല സന്ദർഭങ്ങളിലായി എഴുതി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളാണ് ഒന്നാംഭാഗത്തിലെന്നപോലെ രണ്ടാംഭാഗത്തിലും അന്തർഭവിച്ചിരിക്കുന്നതു്. അതിൽ മെക്കാളിയുടെ കാവ്യോത്സവം, സംഗീതവും സാഹിത്യവും, കന്യാസ്ത്രീ, ഒരു കൂടിക്കാഴ്ച എന്നു തുടങ്ങി 21 ലേഖനങ്ങൾ ഉണ്ട്. അവ വിവിധവിഷയപ്രതിപാദകങ്ങളാകുന്നു. ഓരോന്നും അവ വിജ്ഞാനപ്രദങ്ങളെന്നും അഭിപ്രായപ്പെടണം. ഗ്രന്ഥകാരന്റെ ഹൃദയംഗമമായ പ്രതിപാദനരീതികൊണ്ട് ആപാദമൂർദ്ധം കഞ്ചുകിതമാണു ഗ്രന്ഥം.


സാഹിത്യത്തേയും മതത്തേയും സംബന്ധിക്കുന്ന ഉപന്യാസങ്ങൾക്കാണ് ഇതിൽ പ്രാധാന്യം കൊടുത്തിരിക്കുന്നതു്. മുൻപു ഗ്രന്ഥകർത്താവു പല ഗ്രന്ഥങ്ങൾക്കും എഴുതിയിരിക്കുന്ന അവതാരികകൾക്കും ഇതിൽ സ്ഥാനം ഉണ്ട്. അവ പ്രായേണ നിരൂപണപരങ്ങളാകുന്നു. ചില ലേഖനങ്ങളിൽ സ്വന്തം ചില സാഹിത്യാനുഭവങ്ങളെ ഗ്രന്ഥകർത്താവു പ്രതിപാദിക്കുന്നു.

"മെക്കാളിയുടെ കാവ്യോത്സവം" എന്ന ആദ്യത്തെ ലേഖനം അങ്ങനെയുള്ള ഒന്നാണ്. ചെറുതുരുത്തിയിൽ ആസ്ഥാനകവി വള്ളത്തോളിന്റെ 71-ാമത്തെ ജന്മവർഷം ആഘോഷിച്ച അവസരത്തിൽ ഗ്രന്ഥകർത്താവിനും അതിൽ സംബന്ധിക്കുന്നതിനു ഭാഗ്യം ലഭിച്ചു. തത്സംബന്ധമായ വിവരങ്ങൾ ഒന്നാമത്തെ ഉപന്യാസത്തിൽ പ്രതിപാദിച്ചിരിക്കുന്നു. അതു് അല്പംകൂടി ദീർഘമാക്കേണ്ടതായിരുന്നു. അതിൽ കവിസാർവ്വഭൗമന്റെ ശ്രേയസ്സിനുവേണ്ടി ഗ്രന്ഥകാരൻ ചെയ്തിരിക്കുന്ന പ്രാർത്ഥനയോടു ആരും യോജിക്കുന്നതാണ്. സംഗീതവും സാഹിത്യവും എന്ന രണ്ടാമത്തെ ഉപന്യാസത്തിൽ പ്രസ്തുതകലകളുടെ പല മർമ്മങ്ങളേയും വിശദമാക്കിയിട്ടുണ്ട്. സംഗീതസാഹിത്യങ്ങളുടെ അന്യോന്യബന്ധമാണ് അതിലെ മുഖ്യമായ പ്രതിപാദ്യം. മൂന്നാമത്തെ ഉപന്യാസമായ "കന്യാസ്ത്രീ"യിൽ കമ്മ്യൂണിസ്റ്റുകാരുടെ ഒരു ഉറച്ചതും വിഷമയവും ആയ സിദ്ധാന്തം അടിസ്ഥാനശൂന്യമെന്നു ഗ്രന്ഥകർത്താവു ചരിത്രാദി പ്രമാണങ്ങളെ ആശ്രയിച്ചു സ്ഥാപിക്കുന്നു. അതു ഇന്നത്തെനിലയ്ക്കു ഉചിതമായിട്ടുണ്ട്.

യേശുക്രിസ്തു എന്ന പേരായ ഒരാൾ ലോകത്തിൽ അവതരിച്ചിട്ടില്ലെന്നും തത്സംബന്ധങ്ങളായ കഥകൾ കപോലകല്പിതങ്ങളാണെന്നും സ്ഥാപിച്ചു ഡാക്ടർ ഓൻ ചന്ദ്രവർമ്മ എഴുതിയ പുസ്തകത്തെക്കുറിച്ച് വൈദികവര്യനായ ദിവ്യശ്രീ മററം ഒരു പ്രത്യാഖ്യാനം എഴുതി. തത്സംബന്ധങ്ങളായ ചില കാര്യങ്ങൾ "ഒരു കൂടിക്കാഴ്ച"യിൽ പറയുന്നു. രസവും സാരവത്തും ആയ ഒന്നാണ് ഈ ഉപന്യാസം. ആദിത്യൻ എന്നപോലെ ശ്രീ ക്രിസ്തുവും ഉണ്ടായിരിക്കുന്ന ഒരു മഹാപുരുഷനെന്നു വ്യക്തമായിരിക്കെ, വളരെക്കാലം കഷ്ടതകൾ അനുഭവിച്ചു കുയുക്തിവാദങ്ങൾ ആലോചിച്ചു തലപുകച്ചിട്ട് ഒരിക്കലും ലോകത്തിൽ അങ്ങനെയൊരാൾ ഉണ്ടായിട്ടില്ലെന്നു സ്ഥാപിക്കുന്നതുകൊണ്ട് എന്തു പ്രയോജനം സിദ്ധിക്കുമെന്നറിവാൻ പ്രയാസമായിരിക്കുന്നു. ഈ ബുദ്ധി വേറെയേതെങ്കിലും നല്ല കാര്യത്തിനു വേണ്ടി ചെലവഴിച്ചിരുന്നെങ്കിൽ എത്ര നന്നാകുമായിരുന്നു.

"അക്ഷന്തവ്യമായ നേരമ്പോക്കുകൾ" എന്ന ഉപന്യാസം സാഹിത്യകാരന്മാരും ഗവേഷകന്മാരും ശ്രദ്ധിക്കേണ്ടതായ ഒന്നാണ്. ശ്രീ മണ്ണീതല കൃഷ്ണന്റെ "കവിരത്നമാല", ശ്രീ ആർ. നാരായണപ്പണിക്കരുടെ "ഭാഷാചരിത്രം" എന്നിവയിലെ ചില അഭിപ്രായങ്ങൾ അബദ്ധങ്ങളെന്ന് അതിൽ കാണിച്ചിരിക്കുന്നു. ആർ. നാരായണപ്പണിക്കരവർകളുടെ ഭാഷാചരിത്രത്തിലെ പിശക് ഈ ഉപന്യാസത്തിൽ കാണിച്ചിരിക്കുന്നതു ശരിയാണ്. ഭാഷാചരിത്രത്തിന്റെ അടുത്തപതിപ്പിൽ ശ്രീ പണിക്കർ, ദിവ്യശ്രീ സി. കെ. മററം കാണിച്ചുകൊടുത്ത പിശകു കൃതജ്ഞതയോടെ തിരുത്തുമെന്നു വിശ്വസിക്കാം. ഭാഗ്യദോഷത്താൽ തിരുത്തേണ്ടവയും അബദ്ധമയങ്ങളും ആയ മറ്റു ചില ബോധങ്ങൾ പ്രസ്തുത ഭാഷാചരിത്രത്തിന്റെ ഓരോഭാഗത്തിലും കടന്നുകൂടിയിട്ടുണ്ട്. അവയിലൊന്നു ഇതും എന്നുമാത്രമേ വിചാരിക്കേണ്ടതുള്ളു.

"ക്രിസ്ത്യാനികളുടെ സാഹിത്യപരിശ്രമങ്ങൾ" എല്ലാവരും വായിച്ചിരിക്കേണ്ടതും വിജ്ഞേയവും ആയ ഉപന്യാസമാകുന്നു. സാഹിത്യത്തിൽ പ്രവർത്തിച്ചിരിക്കുന്ന ക്രിസ്ത്യൻ കവികളേയും തൽകൃതികളേയുംകുറിച്ച് ഇതിൽ വിവരിക്കുന്നു. ഇതിൽ സൂചിപ്പിക്കുന്ന കൃതികൾ പ്രാചീനങ്ങളാണ്. അവയ്ക്കു ചരിത്രകാലോദ്ദേശ്യം വളരെ വിലയുണ്ട്. ധർമ്മോപദേശവിഷയത്തിൽ അവ മുന്നിട്ടുനില്ക്കുന്നു. സഹൃദയന്മാരെ ആകർഷിക്കുന്നതിനും അവയ്ക്കു ശക്തിയുണ്ട്. ഇന്ന് അവയെക്കുറിച്ച് സാധാരണ ക്രിസ്ത്യാനികൾക്കുതന്നെ ശരിയായ ജ്ഞാനം ഇല്ല. പിന്നെ ഹിന്ദുക്കളുടെ കാര്യം പറയേണ്ടതില്ലല്ലോ. ഈ അജ്ഞതയ്ക്കു പരിഹാരം ഉണ്ടാക്കേണ്ട കടമ ദിവ്യശ്രീ മററത്തിനെപ്പോലെയുള്ള ഭാഷാഭിമാനികൾക്കു ഉണ്ടെന്നും അവർ അതു നിർവ്വഹിക്കുമെന്നും വിചാരിക്കാം.



തൃപ്പൂണിത്തുറ കനകക്കുന്നു കൊട്ടാരത്തിൽവച്ച് 1952 നവംബർ 23 ാം തീയതി കൊച്ചി മഹാരാജാവു തിരുമനസ്സിലെ ആദ്ധ്യക്ഷ്യത്തിൽ കൂടിയ പണ്ഡിതസദസ്സിന്റെ മുമ്പാകെ ഫാദർ സി. കെ. മററത്തിനു സാഹിത്യതിലക ബിരുദദാന സന്നദ്ധ് സർവ്വാധികാര്യക്കാർ രാമവർമ്മതമ്പുരാൻ വായിക്കുന്നതു്.

ഫാദർ മററം, ആസ്ഥാനകവി വള്ളത്തോൾ, കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജ, വിദ്യാനിധി പ്രൊഫസ്സർ രാമപിഷാരടി, മഹാരാജാ തിരുമനസ്സിലെ എ. ഡി. സി. ഇടങ്ങിയുള്ളവരെ ചിത്രത്തിൽ കാണാം.

---

കളും വഹിച്ചുകൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള പാതയിൽകൂടി ചരിക്കുന്നതിനു ഞങ്ങൾ ആഗ്രഹിക്കുന്നു." തന്റെ ജനങ്ങളുടെ കഷ്ടാവസ്ഥയിൽ ഏറ്റവും ചൊട്ടിയ നല്ലയിടയൻ പുറപ്പെടുവിച്ച ചാക്രികലേഖനത്തിൽ (Evangeli Praecones) അടങ്ങിയിട്ടുള്ള വാക്കുകൾ താഴെ കാണുന്നവയാണ്: "നമ്മുടെ കാലത്തു രക്തസാക്ഷികളുടെ നിണംകൊണ്ട് ശോണവർണ്ണമാക്കപ്പെടുന്ന രാജ്യങ്ങൾ വിദൂരപൂർവ്വദേശത്തുണ്ട്. നമ്മുടെ വാത്സല്യസന്താനങ്ങളുടെ യാതനയേയും വിഷമതയേയും മരണത്തെയുംപററി ചിന്തിക്കുമ്പോൾ ഹൃദയം ദുഃഖത്താൽ പിടയുന്നു."

ഇങ്ങനെ മനുഷ്യത്വത്തിന്റെ മഹനീയതയിൽ വിശ്വസിക്കുന്ന ഏതൊരാളും സംഭീതനാക്കുന്ന ഒരവസ്ഥയാണു ചൈനയിൽ സംജാതമായിരിക്കുന്നതു്. പക്ഷെ നിറൊയുടെ കാലംമുതൽ ഹിററ്ലറുടെയും മുസ്സോലിനിയുടെയും ഭയങ്കരവാഴ്ചകളെ അതിജീവിച്ച നമുക്ക് ഇതൊന്നും ആശങ്കയ്ക്കു വഴി നൽകുന്നതല്ല. ചൈനയിലെ സ്ഥിതിഗതികളെപ്പററി വ്യക്തമായ അറിവുള്ള നാങ്കിംഗിലെ ആർച്ചുബിഷപ്പു തിരുമേനി പറഞ്ഞ വാക്കുകൾ ആശ്വാസകരമാണ്. "13-ാം നൂററാണ്ടിനു ശേഷം ചൈനയിൽ ക്രിസ്തുമതം രണ്ടുപ്രാവശ്യം നശിപ്പിക്കപ്പെട്ടതിനുശേഷം ഏകദേശം 300 വർഷക്കാലത്തേക്ക് അതു അപ്രത്യക്ഷമാകാറായിട്ടുമുണ്ട്. പക്ഷെ അതു വീണ്ടും ഉയർത്തെഴുന്നേററു. ക്രിസ്തുമതത്തിന്റെ നേരെ സകലം അഴിച്ചുവിട്ടവരെല്ലാം പരാജിതരായതുപോലെതന്നെ ഇന്നത്തെ സ്വേച്ഛാധിപതികളും "ഗലീലിയക്കാരാ, നീ വിജയിച്ചു" എന്നു പറയുന്ന കാലം അത്ര വിദൂരത്തിലല്ല."

ധർമ്മോദയംകമ്പനി, തൃശ്ശൂർ
Estd. 1919 A. D.

പുതിയ മാസക്കുറി

(As per Govt. sanction L. Dis. 9066/52/R. D. dated 30-12-'52)

നറുക്ക് 1ക്ക് 100ക—111 നറുക്ക്—11100ക. സല

ഒന്നാം തവണ: 1953 മാർച്ച് 9-ാംനു- / 1128 കുംഭം 26-ാംനു-

കുറിയിൽ കാണുന്ന 32-ൽ മരണം
(3ക. 2ണ. വരെ വീതം) വരെ ചേരാം.

കൂടുതൽ വിവരങ്ങൾക്കു കമ്പനി ആഫീസിലേക്ക് ഉടനെ എഴുതുക:

തൃശ്ശൂർ, 5—1—53 } ചാലിശ്ശേരി അന്തോണി ദേവസ്സി, ചെയർമാൻ ഓഫ് ദി ബോർഡ്

# 1953 ജനവരി 3

## കൂനൻകുരിശുസത്യത്തിന്റെ 3-ാം ശതാബ്ദപൂർത്തി

(ഫാദർ തോമസ്സ് വടശ്ശേരി എൽ. ഡി.)

(തുടർച്ച)

### 7. അർക്കദിയാക്കോന്റെ അഭിഷേകം

കൂനൻകുരിശുസത്യത്താൽ സുറിയാനിക്രിസ്ത്യാനികൾ കത്തോലിക്കാസഭയെയോ, മാർപ്പാപ്പായുടെ അധികാരത്തെയോ തള്ളിക്കളയുകയല്ല ചെയ്തത്, പ്രത്യുത പോർട്ടുഗീസുകാരുടെ ഭരണത്തെയാണ് അപലപിക്കയും ഉപേക്ഷിക്കയും ചെയ്തതെന്ന് ആ സത്യത്തിനുശേഷം നടന്ന പല സംഭവങ്ങൾ വ്യക്തമാക്കുന്നു.

കൂനൻകുരിശുസത്യം നടന്ന് അഞ്ചു മാസം കഴിഞ്ഞപ്പോൾ, അതായത് 1653 മേയ് 22-ാംനു- ഞായറാഴ്ച പെന്തക്കോസ്തു തിരുനാളിൽ പന്ത്രണ്ടു പട്ടക്കാർകൂടി തോമ്മാ അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചു. ഇങ്ങനെ മെത്രാഭിഷേകം നടത്തുന്നതിനുള്ള അധികാരം മാർപ്പാപ്പായിൽനിന്ന് അഹത്തള്ള മുഖേന മലങ്കര സുറിയാനിസഭയ്ക്കു ലഭിച്ചിട്ടുണ്ടെന്നു കല്ലിശ്ശേരി ഇടവക ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ പറഞ്ഞുണ്ടാക്കിയ ഒരു വ്യാജപ്രസ്താവനയെ അടിസ്ഥാനമാക്കിയാണ് ഈ അഭിഷേകം നടന്നത്. കൂനൻകുരിശുസത്യം ചെയ്തവരുടെകൂടി മലങ്കരനസ്രാണികൾ കത്തോലിക്കാസഭയെയും മാർപ്പാപ്പായുടെ അധികാരത്തെയും നിഷേധിച്ചിരുന്നെങ്കിൽ മാർപ്പാപ്പായിൽനിന്നു മെത്രാഭിഷേകം നടത്തുന്നതിനുള്ള അധികാരം സിദ്ധിച്ചിട്ടുണ്ടെന്നു പറഞ്ഞാൽ എന്തു വിലയാണുള്ളത്? മാർപ്പാപ്പായെ ഉപേക്ഷിച്ചവരോടു മാർപ്പാപ്പായുടെ അധികാരത്തെപ്പറ്റി പറഞ്ഞാൽ വിദ്വേഷം വർദ്ധിക്കയല്ലേ ചെയ്യുന്നുള്ളു? ആകയാൽ ഇട്ടിത്തൊമ്മൻ കത്തനാരുടെ വ്യാജപ്രസ്താവനതന്നെ തെളിയിക്കുന്നു കൂനൻകുരിശുസത്യം ചെയ്തവർ മാർപ്പാപ്പായുടെ അധികാരത്തെ നിഷേധിച്ചിരുന്നില്ലെന്നും, അനധികൃതമായി മെത്രാഭിഷേകം നടത്തിയപ്പോഴും മാർപ്പാപ്പായുടെ കല്പനപ്രകാരമാണ് തങ്ങൾ അങ്ങനെ ചെയ്യുന്നതെന്ന് അവർ പൂർണ്ണമായി വിശ്വസിച്ചിരുന്നെന്നും.

തോമ്മാ അർക്കദിയാക്കോനെ മെത്രാൻവേഷം ധരിപ്പിച്ചശേഷം കൂനൻകുരിശുസത്യം ചെയ്തവരിൽ പ്രധാനികൾ ചേർന്ന് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. അതിൽ ഇപ്രകാരം പ്രസ്താവിക്കുന്നു: "മാർപ്പാപ്പായുടെയും (Supreme Pontiff) വിശുദ്ധ മാതാവായ റോമാസഭയുടെയും കല്പനപ്രകാരം വന്ന പാത്രിയർക്കീസിന്റെ (അഹത്തള്ളായുടെ) കല്പനയും നിശ്ചയവും അനുസരിച്ച് നാം ഒരു മെത്രാപ്പോലീത്തായെ വാഴിച്ചതിനാൽ നമുക്ക് ഈ മെത്രാപ്പോലീത്തായോടുകൂടി നില്ക്കുകതന്നെ ചെയ്യാം. ഈ കാരണത്താൽ പൗലൂസ് പുരോഹിതന്മാർ പ്രസംഗസന്ദർഭത്തിൽനിന്നു പ്രസംഗിച്ചു നാം പാഷണ്ഡികളാണെന്നു പറഞ്ഞുകൊള്ളട്ടെ... അവർ (പ്രോട്ടസ്റ്റന്റുകൾ) മാർപ്പാപ്പായുടെയും വിശുദ്ധ മാതാവായ റോമാസഭയുടെയും... ശത്രുക്കളാണ്... നാം അവരുടെ സ്നേഹത്തിൽ ഇരിക്കുന്നവരല്ല; ആ (സന്ന്യാസ)സമൂഹത്തിലെ മെത്രാപ്പോലീത്തായുടെ കല്പനയെ നാം ശ്രദ്ധിക്കേണ്ടതും അല്ല" (I. S Manual II, P 185)

ഈ വിളംബരത്തിൽനിന്ന് അർക്കദിയാക്കോനെ മെത്രാനായി വാഴിച്ചപ്പോഴും കൂനൻകുരിശുസത്യം ചെയ്തവർ മാർപ്പാപ്പായെയോ, കത്തോലിക്കാ വിശ്വാസസത്യത്തെയോ ഉപേക്ഷിക്കുകയല്ല, പ്രത്യുത പോർട്ടുഗീസുമെത്രാന്മാരുടെ അധികാരത്തിൽനിന്നു വിമുക്തി നേടുവാനാണ് ഉദ്ദേശിച്ചിരുന്നതെന്നു വിശദമാകുന്നു.

### 8. മലങ്കര യാക്കോബായസഭയുടെ ഉത്ഭവം

തോമ്മാ അർക്കദിയാക്കോനെ അനുകൂലിച്ചുനിന്ന പലർക്കും അർക്കദിയാക്കോന്റെ മെത്രാൻപട്ടം ശരിയല്ലെന്നു പിന്നീടു മനസ്സിലായി. ഏതു പട്ടക്കാർകൂടിയാലും മെത്രാൻപട്ടം സാധുവായി കൊടുക്കുവാൻ സാധിക്കയില്ലെന്നും, ഇട്ടിത്തൊമ്മൻ കത്തനാർ അന്നു പ്രസ്താവിച്ചതു വെറും വ്യാജമാണെന്നും ഗ്രഹിച്ചപ്പോൾ പലരും അർക്കദിയാക്കോനെ ഉപേക്ഷിച്ചു വീണ്ടും പോർട്ടുഗീസുമെത്രാന്റെ ഭരണത്തിൽ വന്നുചേർന്നു. എന്നാൽ ഒരു വിഭാഗം ഇട്ടിത്തൊമ്മൻ കത്തനാരുടെ നേതൃത്വത്തിലും ആലോചനയിലും അർക്കദിയാക്കോന്റെ കക്ഷിയിൽത്തന്നെ വാശിയോടും വൈരാഗ്യത്തോടുംകൂടി നിലനിന്നു. എങ്ങനെയെങ്കിലും അർക്കദിയാക്കോന്റെ മെത്രാൻപട്ടം ശരിയാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി അവർ ബാബേൽ, അന്ത്യോക്യാ, അലക്സാണ്ഡ്രിയാ എന്നീ പ്രദേശങ്ങളിലെ പാത്രിയർക്കീസുമാർക്കായി എഴുത്തുകുത്തുകൾ നടത്തി. തൽഫലമായി 1665-ൽ അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് മാർ ഗ്രീഗോറിയോസ് എന്ന മെത്രാനെ കേരളത്തിലേക്ക് അയച്ചു. കൂനൻകുരിശുസത്യം ചെയ്തിട്ട് അന്നു പന്ത്രണ്ടു സംവത്സരങ്ങൾ കഴിഞ്ഞിരുന്നു. അക്കാലത്തുപോലും അർക്കദിയാക്കോന്റെ മാറത്തുനിന്നവർ കത്തോലിക്കാവിശ്വാസസത്യത്തെയോ മാർപ്പാപ്പായുടെ അധികാരത്തെയോ ഉപേക്ഷിച്ചിരുന്നില്ലെന്ന് അർക്കദിയാക്കോനും കൂട്ടരും മാർ ഗ്രീഗോറിയോസിനു നൽകിയ സ്വീകരണത്തിൽനിന്നു മനസ്സിലാക്കാം.

മാർ ഗ്രീഗോറിയോസ് കേരളത്തിൽ വന്ന കാലത്തു കേരളത്തിൽത്തന്നെ ഉണ്ടായിരുന്ന ഫാ. അസ്വേദോ എന്നൊരു ഈശോസഭാവൈദികൻ അമ്പഴക്കാട്ടു താമസിച്ചിരുന്ന ബറാദസ് എന്ന മറ്റൊരു ഈശോസഭാവൈദികന് 1666 ജൂലൈ 28-ാംനു- അയച്ച കത്തിൽ മാർ ഗ്രീഗോറിയോസിനെ അർക്കദിയാക്കോൻ സ്വീകരിച്ച വിധത്തെയും, അദ്ദേഹത്തിന്റെ കുർബാന കണ്ട കേരളീയ സുറിയാനിക്കാരുടെ അഭിപ്രായങ്ങളെയും പറ്റി ഇപ്രകാരം രേഖപ്പെടുത്തുന്നു: "അന്ത്യോക്യായിലെ യാക്കോബായ പാത്രിയർക്കീസ് കേരളത്തിലേക്ക് അയച്ച മെത്രാൻ രണ്ടു കൂട്ടുകാരോടുകൂടി സന്ന്യാസം കൈക്കൊണ്ടായിൽ എത്തി. ആ മെത്രാന്റെ പേർ ഗ്രീഗോറിയോസ് എന്നായിരുന്നു. ഇദ്ദേഹം വന്ന വിവരം ഉടനെ അർക്കദിയാക്കോൻ അറിയുകയുണ്ടായി...... ഈ മെത്രാന്റെ ആഗമനത്തെ സംബന്ധിച്ച് എല്ലാ പള്ളികൾക്കും അറിവു കൊടുക്കയും, അദ്ദേഹം കടന്നുപോരേണ്ടുന്ന വടക്കൻ പ്രദേശങ്ങളിലെ പള്ളികളിൽ മാർപ്പാപ്പായാൽ അയക്കപ്പെടുന്ന ഒരു പാത്രിയർക്കീസിന് അനുയോജ്യമായ വിധം മനോഹരമായ രീതിയിൽ അദ്ദേഹത്തെ സ്വീകരിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു...... മാർ ഗ്രീഗോറിയോസ് ഇടപ്പള്ളി എന്ന സ്ഥലത്തു വന്നുചേർന്നപ്പോൾ ചില കത്തനാരന്മാരുടെയും അനേക ക്രിസ്ത്യാനികളുടെയും ഇടയിൽ വച്ച് അർക്കദിയാക്കോൻ അദ്ദേഹത്തെ സ്വീകരിച്ചു. സാധാരണ ചടങ്ങുകൾക്കു ശേഷം മാർപ്പാപ്പായുടെ കല്പന വായിക്കപ്പെടുന്ന ചടങ്ങിനായി അർക്കദിയാക്കോൻ ഒരു ......ന്റെ അനുമതികളെല്ലാം വിളിച്ചു പറവൂരിൽ ഒരു യോഗം നടത്തി. എന്നാൽ അന്ത്യോക്യാപാത്രിയർക്കീസ് കൊടുത്തയച്ച സാക്ഷ്യപത്രം കല്പന ഒന്നും വായിക്കയുണ്ടായില്ല. ഇട്ടിത്തൊമ്മൻ കത്തനാർ സുറിയാനിയിൽ ഏതോ ഒരെഴുത്തു വായിച്ചു. ആ എഴുത്ത് അദ്ദേഹംതന്നെ എഴുതിയതായിരുന്നു. സുറിയാനിഭാഷയിൽ നല്ല പാണ്ഡിത്യമുള്ള ഒരാളായിരുന്നു അദ്ദേഹം. ഇപ്രകാരം അർക്കദിയാക്കോൻ ഉദ്ദേശിച്ച വിധത്തിൽതന്നെ അന്ത്യോക്യായിൽനിന്നു വന്ന മെത്രാനെ (പൊതുജനസമക്ഷം) പ്രദർശിപ്പിക്കയുണ്ടായി. ഇപ്രകാരമെല്ലാം ചെയ്തിട്ടും അർക്കദിയാക്കോന്റെ മനസ്സിനു വേണ്ടപോലുള്ള തൃപ്തിയുണ്ടായില്ല......മെത്രാൻ കുർബാനചൊല്ലിയതു കണ്ടപ്പോൾ എല്ലാവർക്കും ഇടർച്ചയുണ്ടായി......അദ്ദേഹത്തിന്റെ കുർബാനയുടെ ക്രമങ്ങളുടെ ഒട്ടുമിക്കതും, ഈശോസഭക്കാരായ പട്ടക്കാരുടെ കുർബാനയുടെ ക്രമങ്ങൾ പോലെ അല്ലായിരുന്നു. പതിനഞ്ചിൽ നിന്നുകൊണ്ടു കുർബാന ചൊല്ലുകയും ചെയ്തു (x) ആകയാൽ ഇദ്ദേഹം റോമ്മായിൽനിന്നു വന്നതല്ല എന്നുള്ള ശങ്കയെ വർദ്ധിപ്പിച്ചു. ഇന്നുമിത്രം ഉണ്ടാക്കുവാനിട്ടുള്ള മലങ്കര കേരളത്തിൽ പവിത്രമായ വസ്തുക്കളും ക്രമങ്ങളും കുർബാനയിൽ ഉപയോഗിക്കുവാൻ അർക്കദിയാക്കോൻ മെത്രാനെ പ്രേരിപ്പിച്ചു. പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നതൊഴിച്ചു മറ്റെല്ലാക്കാര്യങ്ങളും ചെയ്യാമെന്ന് അദ്ദേഹം സന്തോഷപൂർവ്വം സമ്മതിച്ചു. ഈശോസഭയിൽപ്പെട്ട വൈദികരുടെ സ്വാധീനതകൊണ്ടായിരുന്നു ഈ മെത്രാന്റെ ജോലി പരാജയപ്പെട്ടതിനുള്ള വേറൊരു കാരണം. പുതുതായി വന്ന മെത്രാനെ സംബന്ധിച്ചുള്ള വിവരങ്ങൾ നൽകുകയും, എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചിരുന്ന ആളുകളുടെ സംശയങ്ങളെല്ലാം തീർക്കുകയും ചെയ്തുകൊണ്ടു നിസ്തുല്യമായിട്ടാണെങ്കിലും വളരെ ഫലവത്തായി ഈശോസഭാവൈദികർ ജനങ്ങളുടെ ബോധങ്ങളെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു" (The letters of Fr. F. d' Asvedo to Fr. A. Baradas, Ambalagad, july 28th. 1666—Archives of the Society of Jesus)

ഈ എഴുത്തിലെ താഴെപ്പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധാർഹമത്രെ.

(1) മാർ ഗ്രീഗോറിയോസ് എന്ന യാക്കോബായമെത്രാൻ കേരളത്തിൽ വന്നപ്പോഴും അർക്കദിയാക്കോന്റെ കക്ഷിയിൽനിന്ന ജനങ്ങൾ കത്തോലിക്കാസഭയുടെ വിശ്വാസത്തിൽത്തന്നെ നിലനിന്നിരുന്നു. മാർപ്പാപ്പായുടെ അധികാരത്തിൽത്തന്നെയാണു തങ്ങൾ അപ്പോഴും ഇരിക്കുന്നതെന്നു പൂർണ്ണമായി അവർ വിശ്വസിച്ചിരുന്നു.

(2) മാർ ഗ്രീഗോറിയോസ് റോമ്മാ മാർപ്പാപ്പായാൽ അയക്കപ്പെട്ട മെത്രാൻ

(x) യാക്കോബായസഭയിൽ 98 കുർബാനക്രമങ്ങൾ ഉണ്ട്. ഇവയിൽ ചിലതു ദീർഘവും ചിലതു ഹ്രസ്വവുമാണ്.

---

ഇപ്രകാരം ചിന്തിക്കുന്നതായാൽ ഇതിലെ എല്ലാ ഉപന്യാസങ്ങളും വിജ്ഞേയങ്ങളും വിവിധവിഷയപ്രതിപാദകങ്ങളും എന്നു തെളിയും. സന്ദർഭാനുസരണം ഭഗവദ്ഗീതാദി മഹാഗ്രന്ഥങ്ങളിൽനിന്ന് അനേകം പദ്യരത്നങ്ങളെ ഇതിൽ ഉദ്ധരിച്ചു കാണിച്ചിട്ടുണ്ട്. അവ പുസ്തകത്തിന്റെ മാററു വർദ്ധിപ്പിക്കുമെന്നു പറയാം. പല കൃതികളിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള ഗദ്യഖണ്ഡങ്ങളെ ഉദ്ധരിച്ചിരിക്കുന്നതും യുക്തമായിരിക്കുന്നു. ഉദ്ധൃതങ്ങളായ ഭാഗങ്ങൾ, പ്രസ്തുത ഗ്രന്ഥത്തെ അത്യന്തം ഹൃദയംഗമമാക്കിത്തീർക്കുന്നു എന്നുള്ളത് അനിഷേധ്യമാണ്. ഏതു വിഷയത്തെക്കുറിച്ചു പ്രതിപാദിക്കുമ്പോഴും അതിന്റെ മർമ്മങ്ങളെ വിശദമാക്കുന്ന കാര്യത്തിൽ ഗ്രന്ഥകാരൻ സവിശേഷം ശ്രദ്ധാലുവാണ്. വാഗ്ജാലങ്ങളായ "പല്ലവഗ്രാഹിപാണ്ഡിത്യങ്ങൾക്ക്" "പൂർവ്വികം" കാര്യത്തിലും തീരെ സ്ഥാനമില്ല.

ഗ്രന്ഥത്തിലെ ഭാഷയ്ക്കാണ് ശുദ്ധിയുടെയും ഹൃദ്യതയുടെയും സാരള്യത്തിന്റെയും പരമമായ ആധിക്യം എന്നു സമ്മതിക്കപ്പെട്ടിരിക്കുന്നു. ഈ ഗുണങ്ങൾ ശ്രീ മററത്തിന്റെ ശൈലിയുടെ സഹജങ്ങളാകുന്നു. ശ്രോതാക്കളെ പ്രഥമശ്രവണത്തിൽതന്നെ ആകർഷിക്കത്തക്കവണ്ണം ഒരു വൈഭവം അതിനു കിട്ടിയിട്ടുണ്ട്. ആശയത്തിന്റെ കാര്യക്ഷമത, പദങ്ങൾക്കു സംഗതത്വം, ക്ലിഷ്ടതമുതലായ ദോഷങ്ങൾ പ്രസ്തുത കൃതിയെ സ്പർശിച്ചിരിക്കുന്നതായി ഒരിടത്തും കാണുന്നതല്ല. ഗദ്യപ്രിയന്മാരേയും പദ്യപ്രണയികളേയും ഒരുപോലെ ഈ ഗ്രന്ഥം രസിപ്പിക്കും. വിവിധവിഷയങ്ങളെക്കുറിച്ച് വിജ്ഞാനം വായനക്കാർക്കു പ്രദാനം ചെയ്യും. ഇപ്രകാരം വിചാരിച്ചാൽ ഈ "പൂവും കായും" ഭാഷാസാഹിത്യത്തിന്റെ മേന്മയേയും സമ്പന്നതയേയും വർദ്ധിപ്പിക്കുമെന്നു നിശ്ശങ്കം അഭിപ്രായപ്പെടാം. അതിൽ സഹൃദയലോകത്തിന്റെ ശ്രദ്ധാർഹമായ ഉച്ചൈസ്തരം പരിഗണിക്കപ്പെടുവാൻ അതു കാരണമാകും. അതു മാത്രമല്ലാ ഗ്രന്ഥകാരന്റെ കൃതാർത്ഥതയും.

## സാഹിത്യതിലകൻ

ഫാദർ സി. കെ. മററത്തിന്റെ

കൃതികൾ

| | | |
|---|---|---|
| 1. | പൂവും കായും മൂന്നു വാല്യങ്ങൾ വില ഒന്നാകാൻ പ്രചാരിതം | |
| 2. | ഉപന്യാസപ്രകാശിക 2-ാം പതിപ്പ് | 1—4—0 |
| 3. | ഫാദറിക് ഒസ്സാനാം 2-ാം പതിപ്പ് | 1—8—0 |
| 4. | സെയിൻറ് സേവിയർ 2-ാം പതിപ്പ് | —10—0 |
| 5. | ക്രിസ്തുദേവൻ 2-ാം പതിപ്പ് | —12—0 |
| 6. | ചരിത്രമാല | 1—12— |
| 7. | ചിത്രാവലി | 1—0—0 |
| 8. | നിരൂപണസാഹിത്യം 2-ാംപതിപ്പ് അച്ചടിയിൽ | |
| 7. | ശ്രീമദ്ഗീതാ ഭാഗവതം 2-ാംപതിപ്പ് അച്ചടിയിൽ | |

സി. കെ. മററം, കുറവിലങ്ങാട്.

## പ്രതിമാസഗ്രന്ഥക്ലബ്ബ്

വിശ്വസ്തരായ ഏജൻറുമാരെ ആവശ്യമുണ്ട്. ആകർഷണീയമായ വ്യവസ്ഥകൾ:—

സെക്രട്ടറി, പ്രതിമാസഗ്രന്ഥക്ലബ്ബ്,
എറണാകുളം

അല്ലെന്ന് അറിഞ്ഞാൽ കേരളത്തിലെ ജനങ്ങൾ പ്രത്യക്ഷമായിട്ടല്ലെങ്കിലും അദ്ദേഹത്തെ സ്വീകരിക്കാതിരിക്കയും ചെയ്യേണ്ടതാണെന്നു ഭയന്ന മാർപ്പാപ്പായാൽ അയക്കപ്പെട്ട മെത്രാനാണ് അദ്ദേഹം എന്ന് ജനങ്ങളെ വിശ്വസിപ്പിക്കുന്നതിനുവേണ്ടി അദ്ദേഹത്തിനു മാർപ്പാപ്പായാൽ അയക്കപ്പെട്ടവർക്ക് സാധാരണമായി നൽകുന്നവിധം ബഹുമാനപൂർവ്വകമായ സ്വീകരണം നൽകുവാൻ അർക്കദിയാക്കോൻ ചില നിർദ്ദേശങ്ങൾ നൽകി.

3) കള്ള എഴുത്തുകൾ ഉണ്ടാക്കുന്നതിൽ വിരുതനായ ഇട്ടിത്തൊമ്മൻ കത്തനാർ സുറിയാനിയിൽ ചില എഴുത്തുകൾ മാർപ്പാപ്പായുടെ എഴുത്താണെന്നു പറഞ്ഞു വായിച്ചു ജനങ്ങളെ കബളിപ്പിക്കുന്നു. മാർ ഗ്രിഗോറിയോസിനെ യാക്കോബായ പാത്രിയർക്കീസ് കൊടുത്തയച്ച സാക്ഷ്യങ്ങൾ എഴുത്തു പുറത്തു കാണിക്കുന്നതിന് അനുവദിക്കുന്നില്ല.

(4) ഇങ്ങനെ മാർപ്പാപ്പായാൽ അയക്കപ്പെട്ട മെത്രാനെന്ന് ഗ്രിഗോറിയോസിനെ കേരളീയക്രിസ്ത്യാനികളെ ധരിപ്പിക്കുവാൻ അർക്കദിയാക്കോനും ഇട്ടിത്തൊമ്മൻ കത്തനാരും വളരെ പണിപ്പെട്ടെങ്കിലും ജനങ്ങൾ ഏതാണ്ടും ചില ഉള്ളുകള്ളികൾ മനസ്സിലാക്കി പ്രക്ഷോഭണം തുടങ്ങുന്നു.

(5) മാർ ഗ്രിഗോറിയോസിന്റെ യാക്കോബായരീതിയിലുള്ള കുർബാന കേരളത്തിലെ സുറിയാനിക്കാർക്കു സുപരിചിതമായിരുന്ന കൽദായരീതിയിലുള്ള കുർബാനയോ, പിന്നീട് കേരളീയർ പരിചയിച്ച പോർട്ടുഗീസ് മെത്രാന്മാരുടെ ലത്തീൻ റീത്തിലുള്ള കുർബാനയോ പോലെ അല്ലെന്നു ജനങ്ങൾ ഗ്രഹിച്ചതോടുകൂടി റോമ്മാമാർപ്പാപ്പായാൽ അയക്കപ്പെട്ട മെത്രാനല്ല മാർ ഗ്രിഗോറിയോസ് എന്ന് അവർ ഖണ്ഡിതമായി മനസ്സിലാക്കുന്നു.

(6) വരാൻപോകുന്ന അത്യാപത്തിനെയും ദുഷ്ഫലങ്ങളെയും കണ്ടുകൊണ്ടു അർക്കദിയാക്കോൻ ഭയപ്പെട്ട് മാർ ഗ്രിഗോറിയോസിന്റെ യാക്കോബായരീതിയിലുള്ള കുർബാനയ്ക്കു വ്യത്യാസം വരുത്തി മലങ്കരനസ്രാണികൾക്കു പരിചയമുള്ള കൽദായരീതിക്ക് അനുയോജ്യമായ വിധത്തിൽ കുർബാന ചൊല്ലാൻ അദ്ദേഹത്തോട് ആവശ്യപ്പെടുന്നു. അദ്ദേഹം അതിനു സമ്മതിക്കുന്നു.

7) ഇങ്ങനെയൊക്കെ ചെയ്തിട്ടും മാർ ഗ്രിഗോറിയോസിനു ഉദ്ദേശിച്ചവിധത്തിലുള്ള വിജയം ഉണ്ടായില്ല. ഇതാണ് സമരവൈരികൾ സംശയഗ്രസ്തരായ ജനങ്ങൾക്കു വേണ്ട അറിവു നൽകിയിരുന്നതുകൊണ്ടു ഭിന്നിച്ചുനിന്ന അനേകർ ഗ്രിഗോറിയോസിനെ ഉപേക്ഷിച്ചിട്ടു കത്തോലിക്കാവിശ്വാസത്തിലേക്കും മാർപ്പാപ്പായുടെ അനുസരണത്തിലേക്കും വീണ്ടും വന്നു.

(8) അർക്കദിയാക്കോനെയും ഇട്ടിത്തൊമ്മൻ കത്തനാരെയും അനുകൂലിച്ചു നിന്നവർ ക്രമേണ മാർ ഗ്രിഗോറിയോസിനെ സ്വീകരിക്കയും, അങ്ങനെ കേരളത്തിൽ യാക്കോബായസഭ ആവിർഭാവം ഉണ്ടാകയും ചെയ്തു. ഇങ്ങനെ 1653-ൽ കൂനൻകുരിശുസത്യം ചെയ്ത കത്തോലിക്കാസഭാംഗങ്ങളിൽ ഒരു വിഭാഗക്കാർ പന്ത്രണ്ടു സംവത്സരങ്ങൾക്കു ശേഷം, അതായതു 1665-ൽ കേരളത്തിൽവന്ന മാർ ഗ്രിഗോറിയോസിന്റെ കാലത്തു മാത്രമാണു യാക്കോബായ വിശ്വാസം സ്വീകരിച്ചു കത്തോലിക്കാസഭയെയും മാർപ്പാപ്പായെയും ഉപേക്ഷിക്കുന്നതിന് ഇടയായതു്. തോമ്മാ അർക്കദിയാക്കോന്റെ അഭിപ്രായപ്രകാരം വിശ്വാസത്തിനു ഒരു നെസ്തോറിയൻ മെത്രാനോ, യവനായ (ഗ്രീക്ക്) മെത്രാനോ ആയിരുന്നു കേരളത്തിൽ വന്നിരുന്നെങ്കിൽ ഇന്നു കേരളത്തിൽ യാക്കോബായസഭയുടെ സ്ഥാനത്തു നെസ്തോറിയൻ സഭയോ, ഗ്രീക്കുസഭയോ നാം കാണുമായിരുന്നു. ആകയാൽ യാക്കോബായസഭ കേരളത്തിൽ ഉത്ഭവിച്ചതു് ആകസ്മികമായി ഉണ്ടായ സംഭവം—തോമ്മാ അർക്കദിയാക്കോന്റെ മെത്രാൻപട്ടം സാധുവാക്കാനുള്ള ശ്രമം—നിമിത്തമത്രെ. കേരളീയസഭയെ ഭരിക്കുവാൻ മാർ ഗ്രിഗോറിയോസിനെയും യാതൊരു യാക്കോബായമെത്രാനെയും മലങ്കരയിൽ വന്നിട്ടില്ലെന്ന് അസ്സെമാനി, പൗളീനോസ്, ഫ്രാൻസീസ് ഡേ ആദിയായ വിദേശീയചരിത്രപണ്ഡിതന്മാർ ഭേദംപോലും നിസ്സംശയം അഭിപ്രായപ്പെടുന്നു.

## 9 കൂനൻകുരിശു സത്യത്തെപ്പറ്റി

### യാക്കോബായ സാക്ഷ്യങ്ങൾ

കൂനൻകുരിശുസത്യം നടന്നതു കത്തോലിക്കാസഭയോടോ, മാർപ്പാപ്പായോടോ ഉള്ള വിദ്വേഷംകൊണ്ടല്ല; പോർട്ടുഗീസുകാരോടുള്ള വിദ്വേഷവും വൈരാഗ്യവുംകൊണ്ടാണെന്നു നിരവധി യാക്കോബായലേഖകന്മാരും ചൂണ്ടിക്കാണിക്കുന്നു. (1) യാക്കോബായ ചരിത്രകാരന്മാരിൽ പ്രധാനിയായ ശ്രീ ഇ. എം. ഫിലിപ്പ് ഇപ്രകാരം എഴുതിയിരിക്കുന്നു:— "സുറിയാനിക്കാർക്കു ന്യായമായ കോപത്തിനും മനോവേദനയ്ക്കും അതിരില്ലായിരുന്നു. അവരെല്ലാം മട്ടാഞ്ചേരിയിൽ കൂടി കൂനൻകുരിശ് എന്ന അപരാഭിധാനത്താൽ സുപ്രസിദ്ധമായ വലിയ കൽക്കുരിശിൽ ഒരു കയർ കെട്ടി അതിന്മേൽ പിടിച്ചുകൊണ്ടു തങ്ങളുടെ വന്ദ്യ പാത്രിയർക്കീസിനെ ഹിംസിച്ചവരായ ജെസ്വീട്ടുകളെ (ഈശോസഭക്കാരെ) ബഹിഷ്കരിപ്പാനും റോമ്മാസഭയെ ഇനി ഒരിക്കലും സ്വീകരിക്കുന്നതല്ലെന്നു സത്യംചെയ്തു" (മാർത്തോമ്മാ ശ്ലീഹായുടെ ഇന്ത്യൻസഭ, പുറം 144). അടിവരയിട്ട ഭാഗത്തിന് അധികം പരിശോധിക്കേണ്ട ആവശ്യമില്ലല്ലോ.

എന്റെ സ്വർണ്ണാഭരണങ്ങൾ കാണാതെപോകയും, ഞാൻ സെന്റ് ജോസഫിനും, സെന്റ് ആന്റണിക്കും നവനാൾ ഇടുകയും തൽഫലമായി സാധനങ്ങൾ തിരികെ കിട്ടുകയും ചെയ്തതിന് ഉപകാരസ്മരണ

Tresa F. Gomez, Trengganu
Malaya

ഈശോസഭാമെത്രാനോടു വിദ്വേഷം ഉണ്ടായതുകൊണ്ടു പെട്ടെന്നു റോമ്മാസഭയെ സ്വീകരിക്കയില്ലെന്നു സത്യംചെയ്യേണ്ട ആവശ്യമൊന്നും കാണുന്നില്ല. റോമ്മാസഭ അഹത്തുല്ലായെ ഹിംസിച്ചില്ല.

2) തോമ്മാ അർക്കദിയാക്കോന്റെ മെത്രാൻസ്ഥാനം ശരിയല്ലെന്നു മനസ്സിലാക്കിയ കടുത്തുരുത്തി ഇടവക കടവിൽ ചാണ്ടി കത്തനാർ തോമ്മാ അർക്കദിയാക്കോനെ ഉപേക്ഷിച്ചു വീണ്ടും പോർട്ടുഗീസുമെത്രാന്റെ അധികാരത്തിനു വിധേയനായി. അപ്പോൾ ഇട്ടിത്തൊമ്മൻ കത്തനാർ ചാണ്ടിക്കത്തനാരെ ആക്ഷേപിച്ചു് ഇപ്രകാരം എഴുതിയതായി ശ്രീ ഇ. എം. ഫിലിപ്പ് പ്രസ്താവിക്കുന്നു: "കാലിയംകലപ്പെട്ട അന്നുള്ള കടവിൽ ചാണ്ടിക്കത്തനാർ കണ്ട എന്നാൽ ... ... ഞാനും എല്ലാപേരും മട്ടാഞ്ചേരിയിൽ കൂടി സത്യംചെയ്തു കഴിഞ്ഞതുടനെ ഇതിനെക്കുറിച്ചു ഒരു വർത്തമാനം ചില അർമ്മേനിക്കാർ പറഞ്ഞപ്പോൾ ഒരു ഒണക്കകമ്പ ഞാൻ ഒടിച്ചു ഇതു മറിച്ചിട്ടപ്പോൾ അല്പമെങ്കിലും പങ്കികളും ഒന്നാമതും കൂടെ ഒരുമപ്പെടുകയില്ലെന്നും പറഞ്ഞശേഷം ഇട്ടിത്തൊമ്മൻ പറഞ്ഞു ഒരു നിവൃത്തിയുമാകുന്നതാണ് ആരും ഒരു വാക്കും മറികയില്ലെന്നും പറഞ്ഞ അവരുടെ നാക്കിൽ തൊട്ടാൽ കൊള്ളാമെന്ന എന്റെ കയ്യിൽ ആരെപ്പെട്ടതാണ് ... ... ... ഇപ്രകാരം ഇട്ടിത്തൊമ്മൻ കത്തനാർ എഴുതി ചുങ്കത്തിപ്പള്ളിയിൽനിന്നും" (ടി പുസ്തകം പുറം 146). കൂനൻകുരിശുസത്യത്തിനുശേഷം ഉണ്ടായ ഒരു കമ്പു ഒടിച്ചു "ഈ കമ്പു മുറിക്കുന്നതുപോലെ സുറിയാനിക്കാരും പറങ്കികളും തമ്മിൽ യോജിക്കുന്നതല്ല" എന്നു ഇട്ടിത്തൊമ്മൻ കത്തനാർ പറഞ്ഞപ്പോൾ അതൊരു പ്രവചനമായെന്നും, അതിനെ നാം ഒരിക്കലും മറക്കുകയില്ലെന്നും പറഞ്ഞ കടവിൽ ചാണ്ടി കത്തനാർ തോമ്മാ അർക്കദിയാക്കോനെ ഉപേക്ഷിച്ചു് ഇതുപ്രകാരം പറങ്കികളോട് യോജിച്ചതു വഞ്ചനാപരമല്ലേ എന്നാണ് ഇട്ടിത്തൊമ്മൻകത്തനാരുടെ ഈ എഴുത്തിന്റെ സാരം. ഈ എഴുത്തിൽ പറങ്കികളെയല്ലാതെ കത്തോലിക്കാസഭയെയോ, മാർപ്പാപ്പായെയോ കൂനൻകുരിശുസത്യം ചെയ്തവർ ഉപേക്ഷിച്ചതായി പറയുന്നില്ലല്ലോ.

3) 18-ാം ശതാബ്ദത്തിന്റെ ആരംഭത്തിൽ കേരളത്തിലെ ഒരു യാക്കോബായമേലദ്ധ്യക്ഷനായ മത്തായി "(മലങ്കരയിലെ) സുറിയാനിക്കാർക്കു സംഭവിച്ച സംഭവങ്ങളും അവരുടെ ചരിത്രവും" എന്ന പേരിൽ പ്രസിദ്ധപ്പെടുത്തിയ സുറിയാനിഗ്രന്ഥത്തിൽ കൂനൻകുരിശുസത്യത്തെപ്പറ്റി ഇപ്രകാരം എഴുതുന്നു: "സുറിയാനിക്കാരെല്ലാം കൊച്ചിക്കു സമീപമുള്ള മട്ടാഞ്ചേരിയിൽ ഒരുമിച്ചുകൂടി പറങ്കികളോടും അവരുടെ സന്തതികളോടും ഒരുകാലത്തും അനുസരിക്കയില്ലെന്നു സകല സുറിയാനിക്കാരും, ഒരേ നാമത്തിൽ എന്നും പരിശുദ്ധമായ ബലിപീഠത്തിന്മേൽ സത്യംചെയ്തു. ഈ വാക്കുകളെ അവർ എഴുതിയിടുകയും ചെയ്തു." (Gamil, Genuinae relationes... P. 558).

4) നവീകരണക്കാരെ (മാർത്തോമ്മാക്കാരെ) യാക്കോബായസഭയിൽനിന്നു പിരിച്ചു ബഹിഷ്കരിക്കുന്നതിനായി കേരളത്തിൽ വന്ന പത്രോസ് പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിലും, പുലിക്കോട്ടു മാർ ദിവന്നാസ്യോസിന്റെ സാന്നിദ്ധ്യത്തിലും 1876-ൽ മുളന്തുരുത്തിയിൽ നടന്ന സുന്നഹദോസിൽ കേരളത്തിലെ 102 പള്ളിക്കാർ ചേർന്ന് എഴുതിവച്ച പടിയോലയിൽ പറയുന്നു: "ഞങ്ങൾ കൊച്ചി മട്ടാഞ്ചേരിയിൽ കൂട്ടംകൂടി മേലാൽ പറങ്കികളുമായി യാതൊരു സംബന്ധവും ചെയ്കയില്ലെന്നു സത്യംചെയ്തു പിരിയുകയും ചെയ്തു." (സുന്നഹദോസ് നിശ്ചയങ്ങൾ, പുറം 26.)

5) 1772-ൽ നിരണത്തുവച്ചു അഭിഷേകം സ്വീകരിച്ചു മലങ്കരയാക്കോബായസഭയെ ഭരിച്ച ആറാം മാർത്തോമ്മാ എന്ന വലിയ മാർ ദിവന്നാസ്യോസ് തൃത്താപ്പള്ളി പള്ളിയിൽവച്ചു് എഴുതിയ പടിയോലയിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "കൽദായസുറിയാനിക്കാരുടെ ക്രമപ്രകാരം നാം എല്ലാവരും അനുസരിച്ചു നടന്നുവരവേ സുറിയാനിക്കാരിൽനിന്നും രോമാപ്പാക്കരുള്ള മെത്രാന്മാർ മലയാളത്തിൽ വാഴിക്കപ്പെട്ടു നമ്മുടെ മെത്രാനില്ലാതിരിക്കുമ്പോൾ ദേശത്തുള്ള മാർ അല്ലേസസ (അലക്സിസ് മെനേസിസ്) മെത്രാപ്പോലീത്താ മാർപ്പാപ്പായുടെ കല്പനയാൽ മലങ്കരയിൽ ഉദയംപേരൂർ സുന്നഹദോസു കൂടി കല്പിച്ചിരിക്കുന്നപ്രകാരം 1652-ാം കാലത്തോളവും നാമെല്ലാവരും ഏകോപിച്ചു നടന്നുവരവേ സുറിയാനിക്കാരിൽ ഒരു മെത്രാൻ വന്നാറെ സമ്പാളൂർകാർ (ഈശോസഭക്കാർ) അന്നു കൊച്ചിക്കോട്ടയിൽ പ്രമാണമായിരിക്കുന്ന പറങ്കികളെ സ്വാധീനമാക്കി അപായപ്പെടുത്തുകകൊണ്ടു മലങ്കര ഇടവകക്കാരെല്ലാവരും മട്ടാഞ്ചേരി പള്ളിയിൽ കൂടി സമ്പാളൂർക്കാരെ ജാതിയുള്ളമാനവരോടൊട്ട് ഒരുകാലത്തും ചേരുകയില്ലെന്ന് സത്യവും ചെയ്തു" (മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം, പുറം 260—261). ഈ പടിയോലയിൽനിന്നും കൂനൻകുരിശുസത്യം ചെയ്യുവോളം കേരളീയക്രിസ്ത്യാനികൾ കൽദായസുറിയാനിറീത്തുകാരായ കത്തോലിക്കരായിരുന്നെന്നും, പോർട്ടുഗീസു (പറങ്കി) മെത്രാന്മാരെ ഭരണകർത്താക്കളായിട്ടു സ്വീകരിക്കയില്ലെന്നാണ് അവർ സത്യംചെയ്തതെന്നും വ്യക്തമാകുന്നുണ്ടല്ലോ."

6. ഇ. എം. ഫിലിപ്പിനെപ്പോലെ യാക്കോബായസഭയിലെ പേരറിഞ്ഞ ചരിത്രകാരനായ ഇട്ടൂപ്പ് റൈട്ടർ തന്റെ ഗ്രന്ഥത്തിൽ കൂനൻകുരിശുസത്യത്തെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നതുകൂടി കേട്ടാലും: "ഇതൊക്കെയും കണ്ടു ദേഷ്യപ്പെട്ട കൂടിപ്പെട്ട സുറിയാനിക്കാർ അശേഷവും മട്ടാഞ്ചേരി പള്ളിയിലും കമ്പോളത്തിലുമായി സംഘടിച്ചുകൂടി ഇനി പാത്രിയർക്കീസിനെ കൂടാതെ ആശയവും മേലധ്യക്ഷയും കൂടാതെ അനുകൂലിച്ചു ഏന്ന ഈ പറങ്കികളോടു ഇനി നാം ചേരുകയില്ല, നമ്മുടെ അനന്തരവർകളും അതുപോലെ ഇനി ചേർച്ചയും ഉപചരിയും വേണ്ടാ എന്നും, അപ്പോൾ റോമ്മാപാപ്പായുടെ പാർസിസ് മെത്രാനെ ഒരു നാളും ഏൽക്കാനെന്നു വിളിക്കുന്നതല്ലെന്നും ... ... ... സത്യംചെയ്തു." (സുറിയാനിസഭാചരിത്രം, പുറം 116).

## 10. ഉപസംഹാരം

കൂനൻകുരിശുസത്യത്തെ സംബന്ധിച്ചു വിദേശീയരും സ്വദേശികളുമായ ഇത്രയധികം ചരിത്രപണ്ഡിതന്മാരുടെ—യാക്കോബായസഭയിലെ പേരുകേട്ട പണ്ഡിതന്മാരുടെതന്നെയും—പ്രസ്പഷ്ടവും അനിഷേധ്യവുമായ സാക്ഷ്യങ്ങൾ ഉള്ളപ്പോൾ മലങ്കരസഭയിലെ ആദിമവിശ്വാസം നെസ്തോറിയൻ യാക്കോബായ, മാർത്തോമ്മാ ആദിയായ സഭകളിലെ ഇപ്പോഴത്തെ വിശ്വാസസംഹിതയിൽ ഒന്നായിരുന്നു; പോർട്ടുഗീസുകാരുടെ വരവിനുമുമ്പു കേരളത്തിൽ കത്തോലിക്കാവിശ്വാസം ഇല്ലായിരുന്നു; പോർട്ടുഗീസുമെത്രാന്മാർ, പ്രത്യേകിച്ചു മെനേസിസ് മെത്രാപ്പോലീത്തായും മറ്റും ബലപ്രയോഗത്തിനു വന്നിരുന്ന കുട്ടികളുടെ രക്ഷകർ തങ്ങൾക്കുള്ളവ കൊഴുക്കട്ടകൾ കൊടുത്താണ് മലങ്കരയിലെ പല സുറിയാനിക്രിസ്ത്യാനികളെയും കത്തോലിക്കരാക്കിയതു്; കൂനൻകുരിശുസത്യം ചെയ്ത നമ്മുടെ പിതാക്കന്മാർ കത്തോലിക്കാവിശ്വാസം സ്വീകരിക്കയില്ലെന്നും, മാർപ്പാപ്പായുടെ അധികാരത്തിന് ഒരുനാളും വിധേയരാകയില്ലെന്നുമാണ് സത്യംചെയ്തിട്ടുള്ളത് എന്നിങ്ങനെ കേരളത്തിലെ വിദ്യാസമ്പന്നന്മാരായ അകത്തോലിക്കർപോലും സദാ പറഞ്ഞുകൊണ്ടിരിക്കുന്നതു് ഇസ്സംഗതികളുടെ വാസ്തവസ്ഥിതി ഗ്രഹിക്കാതെ പാവപ്പെട്ട ജനങ്ങളെല്ലാം തങ്ങളുടെ സഭയിൽതന്നെ ഉറച്ചുനിൽക്കണമെന്നും, സത്യം അന്വേഷിച്ചു കത്തോലിക്കാസഭയിലേക്ക് ആരും പോകുവാൻ ഇടയാകരുതെന്നും ഉള്ള ദുരുദ്ദേശ്യത്തോടുകൂടിയല്ലെങ്കിൽ പിന്നെ എന്തുകൊണ്ടാണ്? തെറ്റു ചെയ്താൽ കഴിയുന്നതുംവേഗം അതു തിരുത്തുകയല്ലേ വേണ്ടതു്? ദുഃഖവും നിരാശയും അവമാനവും നമ്മുടെ പിതാക്കന്മാരിൽ മൂർത്തീകരിച്ചതിന്റെ ഫലമായി, അധികാരസ്ഥാനികളോടു് മത്സരിച്ചു് അവർ ചെയ്ത തെറ്റിൽത്തന്നെ നാം ഇന്നും ഇപ്പോഴും പിടിവാദമായി നിൽക്കുന്നതു് നമുക്ക് അഭിമാനകരമോ? സത്യദൂഷകങ്ങളും ഫലങ്ങളും ഏതു പരമാർത്ഥികളും നിഷ്പക്ഷമനസ്കരുമായുള്ളവരും അങ്ങനെതന്നെയോ ചെയ്യേണ്ടതു്? "Errare est humanum, sed perseverare in errore est stultitia." "തെറ്റിൽ വീഴുന്നതു മനുഷ്യസഹജമാണ്; എന്നാൽ തെറ്റിൽത്തന്നെ നിലനിൽക്കുന്നതു് ബുദ്ധിമാന്ദ്യലക്ഷണമാണ്" എന്ന പണ്ഡിതാഗ്രേസരനായ സിസെറോ പറയുന്നതു് ഇത്തരുണത്തിൽ സ്മരണീയമത്രെ.

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്: ആലുവാ റെയിൽവെസ്റ്റേഷന സമീപം
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു
ചികിത്സ നിശ്ചയിക്കുന്നതുമാണ

(10-ാം പേജ് തുടർച്ച)

എന്റെ നിരാശ്രയസ്ഥിതി എനിക്കു കൂടുതൽ മനസ്സിലായതു്. ഒന്നുരണ്ടു കമ്പനികളുടെയും, ചില ഹോട്ടലുകളുടേയും മുമ്പിലേക്കു ഞാൻ നടന്നു. അഥവാ വിശപ്പ് എന്നെ അങ്ങോട്ടു തള്ളി. ഏതോ ചില ഉൾപ്രേരണകളോടുകൂടിയാണ് അങ്ങോട്ടു സമീപിച്ചതു്. എങ്കിലും യാന്ത്രികമായിട്ടെന്നപോലെ, വീണ്ടും ആ രാജപാതയിലേക്ക് തിരിഞ്ഞു നടന്നുപോന്നു. കണ്ണാടി അലമാരകൾക്കുള്ളിലിരുന്നു മധുരപലഹാരങ്ങൾ എന്നെ പരിഹസിച്ചു! സുഖമായി ഭക്ഷണംകഴിച്ചിറങ്ങിപ്പോകുന്ന പലരെയും ഞാൻ കണ്ടു. ഭക്ഷണസാധനങ്ങളുടെ മാദകമായ മണം എന്റെ ആർത്തിയെ വർദ്ധിപ്പിച്ചു. എന്റെ വിശപ്പു കത്തിക്കാളി. എന്റെ തളർച്ച മററാർക്ക് അറിയാൻകഴിയും! എത്രയോപേർ ഉത്സാഹഭരിതരായി, വ്യഗ്രരായി എന്നെ കടന്നുപോകുന്നുണ്ടായിരുന്നു! ചിലർ തിരിഞ്ഞ് അലക്ഷ്യമായി നോക്കിക്കൊണ്ട് ധൃതിയിൽ അവരുടെ വഴിക്കു പോയി. പട്ടണത്തിന്റെ ആ പകിട്ടിനിടയിൽ എന്നെപ്പററി ആര് ചിന്തിക്കാൻ! കത്തിക്കാളുന്ന അഗ്നിയുടെ ചൂടേററു തിളയ്ക്കുന്ന പാത്രത്തിലെ വെള്ളത്തിൽ കിടന്നു മറിയുന്ന ധാന്യമണികൾക്കു തുല്യമാണ് ആ പട്ടണത്തിലെ ജനങ്ങളുടെ വ്യഗ്രത എന്നു പറയാം. ആ സാഹചര്യത്തിൽ എരിഞ്ഞുതീർന്നുകൊണ്ടിരിക്കുന്ന ഒരു കഷണം വിറകു പോലെയായിരുന്നു എന്റെ അവസ്ഥ. അഥവാ ചെന്നായ് ആട്ടിൻകുട്ടിയെ എന്നപോലെ വിശപ്പ് എന്നെ പിടികൂടിയിരിക്കയാണ്. എന്നെ അവശനാക്കിയിരുന്നു.


മണി നാലുകഴിഞ്ഞു. ഉത്സാഹഭരിതരായ പള്ളിക്കൂടംകുട്ടികൾ കളിച്ചുപായുന്നു. അവരിൽ പലരും എന്റെ പ്രായക്കാരാണ്! അവർക്കൊക്കെ എന്തൊരു പ്രസരിപ്പ്! എനിക്കോ? അങ്ങനെ എത്രനേരം? എല്ലാം ഭിന്നപ്രകൃതികൾ! ഞാനും എന്നെപ്പോലെ ചിലരെങ്കിലും അക്കൂട്ടത്തിൽ കാണാതിരിക്കില്ലെന്നു തോന്നുന്നു. എന്തായാലും ഒരു ഹോട്ടലിലേക്കു ഞാൻ കടന്നുകയറിച്ചെന്നു. നല്ല മാംസളമായ ശരീരത്തോടുകൂടിയ ഒരു നല്ല തടിയൻ—ഹോട്ടൽ മാനേജർ. അദ്ദേഹം പ്രസന്നമുഖനായി കസേരയിൽ ഇരിക്കയാണ്. എന്നെ അപാദചൂഡം ഒന്നു നോക്കി. അത്ഭുതമായി നെററി ചുളിച്ചു. ഒരു ചോദ്യചിഹ്നം. വ്യക്തമായി തെളിഞ്ഞുവന്ന ആ മുഖത്ത് മററനേകം ഭാവങ്ങളും അന്തർലീനമായിരുന്നിരിക്കണം. ഹാ! അനാഥൻ ആ മുഖം! എന്റെ സ്മൃതിപഥത്തിൽ നിന്നും ഒരിക്കലും അതു മായുകയില്ല. നിശ്ശബ്ദനായി നിന്ന എന്നോടു വീണ്ടും അദ്ദേഹം ചോദിച്ചു: "എന്താ മോനേ?" അവിടെനിന്നും ഇറങ്ങിപ്പോയാൽ കൊള്ളാമെന്നെനിക്കു തോന്നി. ആ ചോദ്യം എന്നെ ഭേദിച്ചു തൊട്ടറിയുന്നതുപോലെ എനിക്കു തോന്നി. പക്ഷെ എനിക്കു ചലനമേ ഉണ്ടായില്ല. ഞാൻ സ്തംഭിച്ചുവിടെ നിന്നുപോയി. എന്റെ പുഴുക്കുത്ത, പറയാത്ത, അപേക്ഷ മുഴുവൻ അദ്ദേഹം ഗ്രഹിച്ചുകഴിഞ്ഞിരുന്നു. ആ മുഖഭാവം പകർന്നതു് എനിക്കു കാണാമായിരുന്നു. എനിക്കു ഭക്ഷണം തരുവാനദ്ദേഹം ഏല്പിച്ചു. എന്റെ കഥകളെല്ലാം അദ്ദേഹം ഗ്രഹിച്ചു. അദ്ദേഹത്തിന്റെ ഉദാരം കാരുണ്യത്തിന്റെ വികാരവായ്പിൽ വേലിയേററംകൊള്ളുന്ന ആ മുഖത്തു നോക്കി അങ്ങനെ ഞാൻ ആ ഹോട്ടലിലെ ഒരു കൊച്ചു ജോലിക്കാരനായി.

പിന്നീടൊരു ദിവസം മാനേജർ പറഞ്ഞു: "എടാ നിന്നെ കണ്ടപ്പോൾ—നിന്റെ കഥകേട്ടപ്പോൾ—ഞാൻ എന്നെത്തന്നെ കാണുകയായിരുന്നു. എന്റെ പഴയ അനുഭവകഥകൾ വായിക്കുകയായിരുന്നു. ഞാൻ അമ്മാവന്റെ കൂടെയാണ് വളർന്നതു്. അച്ഛനും അമ്മയും ആയി അന്നു വലിയ ബന്ധമില്ലായിരുന്നു. ഒരവസ്ഥ ചില സമുദായങ്ങളിൽ, ചില സ്ഥലങ്ങളിൽ, ചില കുടുംബങ്ങളിൽ നിലവിലിരുന്നു. എന്റെ അമ്മാവൻ അത്ര വലിയ പ്രബലനായിരുന്നില്ല. ഒന്നോ അമ്മാവിയുടെ കൈകളിലുമായിരുന്നു. എന്റെ അമ്മ ആ ഭരണാധികാരത്തിൻകീഴിൽ ഞെരിഞ്ഞമരുകയായിരുന്നു. ഒന്നു നീണ്ടുനിവർന്നു ശ്വാസോച്ഛ്വാസം ചെയ്യാൻ ഞാൻ ആഗ്രഹിച്ചു. ഞാൻ മാതൃഗൃഹത്തോടു യാത്രപറഞ്ഞു ഈ പട്ടണത്തിൽ വന്നു. നിന്നെപ്പോലെതന്നെ ഞാനും ഒരു ഹോട്ടലിലെ ശമ്പളക്കാരനായി. ഇന്നു ഞാൻ മാനേജരാണ്. ഈ ഹോട്ടൽ നടത്തുന്നു."

ഇപ്രകാരമുള്ള പല അനുഭവകഥകളും ജോലികഴിഞ്ഞ സന്ദർഭങ്ങളിൽ അദ്ദേഹം എന്നെ പറഞ്ഞുകേൾപ്പിക്കാറുണ്ട്. എനിക്കിപ്പോൾ തൃപ്തികരമായ ഒരു നല്ല ശമ്പളം ഉണ്ട്. സുഖമായ ഭക്ഷണവും വസ്ത്രവുമുണ്ട്. ഞാൻ ഒരു മാനേജരായില്ലെന്നുമാത്രം. വേണമെങ്കിൽ അതിനും സൗകര്യമുണ്ട്. അദ്ദേഹം വേണ്ട ഒത്താശകളും ചെയ്യുന്നതാണ്. എന്നാൽ, അതിനെനിക്കു തണൽനൽകിയ മാനേജരുടെ ശമ്പളക്കാരനാണ് ഇന്നും ഞാൻ. എങ്കിലും, എന്റെ അമ്മയെയും എന്റെ രണ്ടു സഹോദരങ്ങളെയും ഇന്നു ഞാനാണു പുലർത്തുന്നതു്. എന്റെ കുടുംബം ഇന്നും കഷ്ടപ്പെട്ടാണു കഴിയുന്നതു്. കഷ്ടപ്പാടില്ലാത്ത ഇപ്രകാരജീവിതം സാദ്ധ്യമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും അന്നും ഇന്നും തമ്മിൽ വളരെ അന്തരമുണ്ട്. എന്റെ സഹോദരങ്ങളിന്നു പഠിക്കുകയാണ്. അവർക്ക് ഒരു നല്ല ഭാവി ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇതെനിക്കു വളരെ മനസ്സമാധാനമുണ്ട്.

ഈ ഹോട്ടൽമാനേജർ എന്റെ രക്ഷിതാവാണ്. ഞാൻ ഹൃദയംഗമമായി അദ്ദേഹത്തെ ബഹുമാനിക്കുന്നു. എന്റെ ഹൃദയം അദ്ദേഹത്തിന്റെ പേരിൽ കൃതജ്ഞതാനിർഭരമാണ്. സത്യസന്ധതയോടും കൃത്യനിഷ്ഠയോടുംകൂടി ഞാൻ എന്റെ ജോലിചെയ്യുന്നു. എന്റെ സേവനം അദ്ദേഹം വിലമതിക്കുന്നു. സഹോദരനിർവിശേഷം അദ്ദേഹം എന്നോടു പെരുമാറുന്നു. ഞാൻ വന്നശേഷം സാമ്പത്തികമായും അദ്ദേഹം അഭിവൃദ്ധി പ്രാപിച്ചിട്ടുണ്ട്. അതിനനുസരണമായി അദ്ദേഹം എന്നെ സഹായിക്കയുംചെയ്യുന്നു.

## പരേതനായ



വടയാററു ചക്കാംകൽ
വർക്കിക്കുഞ്ഞ് അവർകൾ

Inserted by his children

നിങ്ങൾ ഉൾപ്പെട്ട, ഈ പട്ടണത്തിലെ ഹോട്ടൽതൊഴിലാളിസംഘടനയുടെ മുമ്പിൽ ഞാൻ കരിങ്കാലിയാണ്. ആയിക്കൊള്ളട്ടെ! എന്തുചെയ്യാം! സംഘടന നല്ലതുതന്നെ. പക്ഷേ, തൊഴിലിനെ നശിപ്പിക്കയല്ല സംഘടനയുടെ ലക്ഷ്യമെന്നാണെന്റെ വിശ്വാസം. മാനേജ്മെന്റിനെ എതിർക്കുക പ്രസ്ഥാനങ്ങളെ നശിപ്പിക്കുക, എന്നിങ്ങനെയുള്ള നാശോന്മുഖമായ പ്രവൃത്തികളിൽമാത്രമാണ് ഈ സംഘടനകൾ ലക്ഷ്യംവച്ചിരിക്കുന്നതു്. ഹോട്ടൽ തൊഴിലാളികൾ മഹനീയമായ ഒരു സേവനമാണു ചെയ്യുന്നതെന്നു ഞാൻ വിശ്വസിക്കുന്നു. ആ ധാരണ ഈ തൊഴിലാളിസംഘടനകൾക്കില്ല. ഈ ഹോട്ടലിലെ ചില തൊഴിലാളികൾകൂടി നിങ്ങളുടെ സംഘടനയിലെ അംഗങ്ങളാണ്. അവരും എന്നെപ്പോലെ ഗ്രാമങ്ങളിൽ നിന്നും അലഞ്ഞുതിരിഞ്ഞു കഷ്ടപ്പെട്ടു വന്നുചേർന്നവരാണ്. ഇന്നവരെ തടിമിടുക്കുള്ളവരാക്കിത്തീർത്തിട്ടുള്ളതു്, അന്നവരെ സഹായിച്ചവരാണെന്നുള്ള കാര്യം അവർ മറന്നുകളഞ്ഞു. ഈ തൊഴിലാളികളുടെ അവിവേകപൂർവ്വമായ പ്രവൃത്തിമൂലം ഹോട്ടലുകൾക്കു സാരമായ ക്ഷീണം പററിയിട്ടുണ്ട്. അവർക്കോ? കഷ്ടം! അവരുടെ നിലയും ദയാർഹമാണ്. ഇന്നവരിൽ ചിലർ ജോലി അന്വേഷിച്ചുവരുന്നു. അവരെ ആർക്കു ജോലിക്കുവേണം. വഴക്കാളികളെ ആർക്കുവേണം! എത്ര അവരോടു കരുണകാണിക്കാം? എന്നെപ്പോലെ കഷ്ടപ്പെട്ടുവന്ന ഒരു പാവത്തിന്റെ പേരിൽ ശ്രദ്ധ കാണിക്കാതിരിക്കില്ലെങ്കിൽ! അതിനുള്ള സാഹചര്യമാണോ ഇവർ സൃഷ്ടിക്കുന്നതു്? ഇത്തരം തൊഴിലാളിസംഘടനകൾ മനുഷ്യരെ തമ്മിലകററുകയല്ലേ ചെയ്യുന്നതു്? പരസ്പരവിശ്വാസം ഇല്ലാതാക്കുകയല്ലേ ചെയ്യുന്നതു്! സാഹോദര്യം നശിപ്പിക്കുകയല്ലേ? അന്യഥാ തങ്ങളിലുണ്ടായിരുന്ന കാരുണ്യഭാവത്തെ ഇങ്ങനെ നശിപ്പിച്ച് ലോകോപദ്രവംചെയ്യുന്ന ഈ സംഘടനയിൽ എന്തിനു ഞാൻ അംഗമാകുന്നതു്? എന്തിനാണ്? നന്ദിപൂർവ്വം ഞാൻ എന്റെ ഉപകർത്താവിനെ സേവിച്ചുകൊള്ളട്ടെ! എന്റെ പാവപ്പെട്ട അമ്മയേയും കുട്ടികളേയും പുലർത്തിക്കൊള്ളട്ടെ! ദയവായി എന്നെ ഉപദ്രവിക്കരുതേ എന്നു ഞാനപേക്ഷിക്കുന്നു.

എന്റെ ജീവിതമാർഗ്ഗം ഞാൻ വലിച്ചെറിയണമോ? ഞാൻ അദ്ദേഹത്തെ എതിർക്കണമോ? അങ്ങനെ ഞാൻ ചെയ്യുന്നതു് എനിക്കോ, അദ്ദേഹത്തിനോ നന്മയായിരിക്കുമെന്നു നിങ്ങൾ വിചാരിക്കുന്നോ? ഞാനൊരു കരിങ്കാലി? നമുക്കിനി പിരിയാം. നിങ്ങൾക്കും ആരെയെങ്കിലും സംരക്ഷിക്കേണ്ട ചുമതല ഉണ്ടായിരിക്കുമല്ലോ! എന്റെ ഈ കഥ നിങ്ങൾക്കു ഒരു നല്ലമാർഗ്ഗം തെളിക്കട്ടെ! ക്ഷമിക്കുക! എനിക്കു പോകണം. ഇനി താമസിക്കാൻ സമയമില്ല."

ശങ്കരൻകുട്ടി കഥ പറഞ്ഞ് എഴുന്നേററു. എന്റെ ബോധശൂന്യമായ ജീവിതപ്രയാണം! ലക്ഷ്യമില്ലാത്തപോക്ക്! അന്ധകാരത്തിലൂടെയുള്ള തപ്പൽ! ഹാ! ഒരു നേരിയ വെളിച്ചം വിരിഞ്ഞതുപോലെ ഒരു തോന്നൽ. ഞാൻ പറഞ്ഞു:—"ആകട്ടെ, കുറെക്കാലംകൊണ്ട് ഒരു തൊഴിലും ഇല്ലാതെ ഞാൻ അലയുകയാണെന്ന്" ഒരുപക്ഷെ ശങ്കരൻകുട്ടി അറിഞ്ഞുകാണുകയില്ല. എന്തായാലും ഈ സംഘടന ആർക്കും ഒരു നന്മയും ചെയ്യാൻ പോകുന്നില്ല. നിങ്ങൾ പറഞ്ഞതു സത്യമാണ്. ഞാൻ ഈ സംഘടനയിൽനിന്നും മാറാൻ നിശ്ചയിച്ചിരിക്കുന്നു. നിങ്ങൾ ദയവായി എനിക്കൊരുപകാരം ചെയ്യണം. നിങ്ങളുടെ ഹോട്ടലിൽ എനിക്കുകൂടി ഒരു തൊഴിൽ തരണം! എന്റെ അപേക്ഷ ഇന്നാരും കേൾക്കുകയില്ല. പിന്നെന്തുചെയ്യാം! സംഘടനയുടെ പ്രവർത്തനം അറിയുന്നവരുണ്ടോ! എത്ര ദ്രോഹം ഈ സംഘടന വരുത്തിവച്ചു എന്നെനിക്കറിയാൻകഴിയുന്നു! ദയവായി എനിക്കുവേണ്ടി നിങ്ങൾ ഒന്നു ശ്രമിക്കുമോ? എത്രപേർ തൊഴിലില്ലാതെ അലഞ്ഞുതിരിയാനും, നശീകരണമാർഗ്ഗങ്ങളിൽ ചരിക്കാനും ഈ സംഘടനകൾ കാരണമായിരിക്കുന്നു. നിങ്ങൾ എന്റെ കാര്യം ഒന്നു ശ്രദ്ധിക്കുക! ഒരു തൊഴിൽ!"

ശങ്കു: "എനിക്കു നിങ്ങളെ സഹായിക്കാൻ സാധിച്ചേക്കാം. കുറച്ചു ക്ഷമിക്കുക. ഇപ്പോൾ നമുക്കു പിരിയാം. നമസ്തേ!"

—

## സോഡാലിററികളുടെ ശ്രദ്ധയ്ക്കു്

തേവര കോളേജ് സോഡാലിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്താൻ പോകുന്ന "ഐഡിയൽ" (Ideal) എന്ന മാസികയിലേക്ക് കേരളത്തിലുള്ള വിവിധ സോഡാലിററിസംഘടനകളുടെ (കോളേജ്, ഹൈസ്കൂൾ, ഇടവക) ചുരുങ്ങിയ റിപ്പോർട്ടുകൾ ക്ഷണിച്ചുകൊള്ളുന്നു. ആയതു് ഫെബ്രുവരി 15-നകം താഴെക്കാണുന്ന മേൽവിലാസത്തിൽ അയച്ചിരിക്കേണ്ടതാണ്. കോപ്പികൾ വേണ്ടവർ അതും അറിയിക്കണം.

സി. കെ. ജോൺ, സീനിയർ ബി. എ.
സോഡാലിററി പ്രീഫെക്ട്
എസ്. എച്ച്. കോളേജ്, തേവര.


## വാറംഗൽ
### ഒരു പുതിയ രൂപത

പ്രൊപ്പഗന്താ തിരുസംഘം ജനുവരി 26-ാം തീയതി പ്രസിദ്ധപ്പെടുത്തിയ ഒരു കല്പനയനുസരിച്ച് വാറംഗൽ ഒരു പുതിയ രൂപതയായി ഉയർത്തപ്പെട്ടിരിക്കുന്നു. ഹൈദ്രാബാദ് രൂപതയുടെ ഒരു ഭാഗമായിരുന്നു വാറംഗൽ. ഇററാലിയൻ സ്വദേശിയായ മോൺ. അൽഫോൻസൊ ബരാററായാണ് വാറംഗൽ രൂപതയുടെ പ്രഥമമെത്രാനായി നിയമിതനായിരിക്കുന്നതു്. ഹൈദ്രാബാദ് രൂപതയുടെ മെത്രാനായി ഇൻഡ്യാക്കാരനും പോണ്ടിച്ചേരി സഹായമെത്രാനുമായ മോൺ മർക്കോ തൊപ്പു നിയമിക്കപ്പെട്ടിരിക്കുന്നു. അതേതുടർന്ന് പോണ്ടിച്ചേരി സഹായമെത്രാനായി ബാംഗളൂർ റീജനൽ സെമിനാരി പ്രൊഫസറായ മോൺ ആർ. അംബ്രോസിനെയും പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ട് നിയമിച്ചിരിക്കുന്നു.

## ആവശ്യമുണ്ട്

തൈക്കൂടം (ഭൂവാററിപ്പ) സത്യദീപം ഏജൻസി ഏറെടുത്തു നടത്താനാഗ്രഹിക്കുന്നവർ ഉടനെ അപേക്ഷിക്കുക.

മാനേജർ, സത്യദീപം



മറയിൽനിന്നു മുളയാം!



ആശാനും ശിഷ്യനും.

x x x

നവദീക്ഷിതൻ: "വിജയത്തിന്റെ രഹസ്യം എന്തിലാണടങ്ങിയിരിക്കുന്നതു്?"
സത്യസന്ധനായ രാജതന്ത്രജ്ഞൻ: "വോട്ടു കൂടുതൽ എതിർപക്ഷത്തായിരിക്കുമെന്നു മുൻകൂട്ടി കാണുന്നതിൽ."

x x x

ഒരു ശിപായിക്കു ഫാക്ടറിമാനേജർ 25 രൂപയ്ക്കുപകരം 26 രൂപ ശമ്പളം കൊടുത്തു. ശിപായി ഒരക്ഷരം മിണ്ടാതെ അതു കൊണ്ടുപോയി. മാനേജർക്കു പററിയ അബദ്ധം പിന്നീടു മനസ്സിലായതിനാൽ, പിറേറമാസത്തിൽ 24 രൂപ മാത്രം കൊടുത്തു. ഉടൻതന്നെ ശിപായി: "സർ, ഒരു രൂപ കുറവുണ്ട്."
മാനേജർ: "എടോ, കഴിഞ്ഞമാസത്തിൽ ഒരു രൂപ കൂടുതൽ തന്നപ്പോൾ താനൊരക്ഷരം മിണ്ടിയില്ലല്ലോ. എന്നിട്ടിപ്പോൾ......!"
ശിപായി: "കഴിഞ്ഞമാസം സാറിനൊരു പിശകുപററി. അതു ഞാനത്ര ഗൗനിച്ചില്ല. സാറിനു പിന്നെയും പിശകു പററുന്നതു കാണുമ്പോൾ ഞാനെങ്ങനെ മിണ്ടാതിരിക്കും?"

x x x

ഗ്രാമീണവൃദ്ധൻ: "ഈ മുറിക്കു ഞാൻ വാടക തരണമെന്നാണോ നീ വിചാരിക്കുന്നതു്? ഞാൻ നാട്ടിൻപുറത്തുനിന്നു വന്നവനാണെന്നു കരുതി എന്നെ മുട്ടിക്കാമെന്നാണോ വിചാരം?"
ഹോട്ടലിലെ പ്യൂൺ: "അമ്മാവാ ഇതിൽ കയറ്; കോപിക്കാതെ. ഇതു ലിഫ്ററാണ്."

# സത്യദീപം

പത്രാധിപന്മാർ

വെരി. റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോ. ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 26 | ERNAKULAM FEBRUARY 4, 1953 | No. 24


## മാർ ഗ്രിഗോറിയോസ് തിരുമേനി

തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമനസ്സിലെ സഹായമെത്രാനായി നിയമിതനായിരിക്കുന്ന മോൺ ബനഡിക്ട് എം എ ഡി ഡി എൽ പി എച്ച് മാർ ഗ്രിഗോറിയോസ് എന്ന നാമത്തിൽ കഴിഞ്ഞ വ്യാഴാഴ്ച മെത്രാനായി അഭിഷേചിക്കപ്പെട്ടിരിക്കുന്നു. അത്യന്തം ആനന്ദമയമായ ഈ ശുഭാവസരത്തിൽ, തിരുമേനിക്ക് സത്യദീപം സകലവിധ മംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

മാർ ഗ്രിഗോറിയോസ് തിരുമേനി ഈ സമുന്നതസ്ഥാനത്തിന് സർവ്വഥാ യോഗ്യനാണെന്നതിനു സംശയമില്ല. ഒരു യാക്കോബായക്കാരനായി വളർന്നശേഷം ബാല്യപ്രായത്തിൽ, മാറു കൂട്ടം ബോധങ്ങളെ കൂടാതെ ഏകസ്ഥനായി, കത്തോലിക്കാസഭയിൽ പ്രവേശിക്കയും പ്രശസ്തമായി വൈദികപഠനം നിർവ്വഹിക്കയും വിവിധരംഗങ്ങളിൽ നിസ്വാർത്ഥമായ സേവനമനുഷ്ഠിക്കയും ചെയ്തിട്ടുള്ള തിരുമേനിയുടെ സംഭവബഹുലമായ ജീവചരിത്രം അതിനു മതിയാകുന്ന തെളിവു നൽകുന്നുണ്ട്. തിരുമനസ്സുകൊണ്ട് തിരുവല്ലയിൽനിന്നും അധികം അകലെയല്ലാതെ സ്ഥിതിചെയ്യുന്ന കല്ലൂപ്പാറയിലെ കുലീനമായ മുണ്ടപ്പാലത്തിങ്കൽ തങ്ങളുടെ കുടുംബത്തിൽ വറുഗീസ് ഇടിക്കുള, അന്നാമ്മ എന്നീ ദമ്പതിമാരുടെ സീമന്തസന്താനമായി 1916 ഫെബ്രുവരി 1-ാം തീയതി ഭൂജാതനായി. തിരുമനസ്സിലെ മാതാവായ ശ്രീമതി അന്നാമ്മ മോറാൻ മോർ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമനസ്സിലെ സഹോദരപുത്രിയാണ്. തിരുമേനി ചെറുപ്പത്തിൽ കുഞ്ഞുകുട്ടി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കല്ലൂപ്പാറ മിഡിൽ സ്കൂളിലും ഇരവിപേരൂർ സെൻറ് ജോൺസ് ഹൈസ്കൂളിലും പഠനം നടത്തി, 1932-ൽ സ്കൂൾഫൈനൽ പാസ്സായി. 1933-ൽ വെണ്ണിക്കുളത്തു ബഥനാശ്രമത്തിൽവച്ച് തിരുമേനി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. ഈ വിഷയത്തിൽ തിരുമേനിക്കു വഴികാട്ടികളായിരുന്നത്, കല്ലൂപ്പാറ സ്വദേശികളായ റവ. ഫാദർ ഏബ്രഹാം മാക്കേൽ, റവ ഫാദർ കുര്യാക്കോസ് ഇളഞ്ഞേലിൽ എന്നീ വൈദികരാണ്. ഇവരും മുമ്പും ചില അത്മായരും നേരത്തെ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരുന്നു.

1935-ൽ, 19-ാമത്തെ വയസ്സിൽ, കുഞ്ഞുകുട്ടി ബഥനാശ്രമത്തിൽ ചേർന്നു. ഒരു കൊല്ലത്തെ നൊവിഷ്യേറ്റിനും ഒരു കൊല്ലത്തെ ലത്തീൻ പഠനത്തിനുംശേഷം പട്ടത്തുള്ള സെൻറ് അലോഷ്യസ് പെററിസെമിനാരിയിൽ ചേർന്ന് പഠനംതുടങ്ങി. ഇപ്പോൾ എറണാകുളം അതിരൂപതയുടെ വികാരിജനറാളായിരിക്കുന്ന മോസ്റ്റ് റവ മോൺ മാത്യു പോത്തനാംമുഴി പി എച്ച് ഡി ഡി ഡി ആയിരുന്നു അന്ന് പ്രസ്തുത സെമിനാരിയുടെ റെക്ടർ. പെററിസെമിനാരിയിലെ പഠനം അവസാനിച്ചതോടെ തിരുമേനി സന്യാസവ്രതമനുഷ്ഠിക്കയും ബനഡിക്ട് എന്ന പേർ സ്വീകരിക്കുകയും ചെയ്തു. 1938-ൽ കാണ്ടിയിലെ പേപ്പൽ സെമിനാരിയിലേക്ക് അയക്കപ്പെട്ടു. അവിടെയും ബ്രദർ ബെനഡിക്ട് സതീർത്ഥ്യരുടേയും ഗുരുക്കന്മാരുടേയും സവിശേഷമായ സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതനായി. പ്രസ്തുത കലാലയത്തിൽനിന്നും തിരുമേനി എൽ പി എച്ച്, എൽ ഡി എന്നീ തത്വശാസ്ത്ര വേദശാസ്ത്രബിരുദങ്ങൾ പ്രശസ്തമാംവണ്ണം കരസ്ഥമാക്കി. 1944 ആഗസ്റ്റ് 24-ാം കാണ്ടിമെത്രാൻ ഡോക്ടർ റെഞ്ഞോ തിരുമനസ്സിൽനിന്നും പുരോഹിതപട്ടം സ്വീകരിച്ചു. ആ ഡിസംബർ മാസത്തിൽ തിരുവനന്തപുരത്തു തിരിച്ചെത്തി, പെററിസെമിനാരിയിൽ പ്രൊഫസ്സർ ജോലിയും പുറമേ മിഷൻപ്രവർത്തനവും നിർവഹിച്ചുതുടങ്ങി. 1946-ൽ ഫാദർ ബനഡിക്ട് തൃശ്ശിനാപ്പള്ളി സെൻറ് ജോസഫ്സ് കോളേജിൽ ചേരുകയും ധനതത്വശാസ്ത്രം ഐച്ഛികമായെടുത്ത് മൂന്നു വർഷത്തിനുശേഷം, ഒന്നാംക്ലാസിൽ മദ്രാസ് പ്രസിഡൻസിയിൽ ഒന്നാമനായി ബി എ ഓണേഴ്സ് ബിരുദം നേടുകയും ചെയ്തു. 1949 മേയ് മാസത്തിൽ പുതുതായി ആരംഭിച്ച മാർ ഈവാനിയോസ് കോളേജ് പ്രിൻസിപ്പലായി ചാർജേററു. വാർഡൻ ജോലിയും ഫാദർ ബനഡിക്ട് തന്നെയാണ് നിർവ്വഹിച്ചിരുന്നത്. രണ്ടുകൊല്ലത്തിനുശേഷം, അമേരിക്കയിൽ ഉപരിപഠനം പൂർത്തിയാക്കിവന്ന ഫാദർ നങ്ങച്ചിവീട്ടിലിനെ പ്രിൻസിപ്പൽ സ്ഥാനം ഏല്പിച്ചിട്ട് ഫാദർ ബനഡിക്ട് വൈസ് പ്രിൻസിപ്പലും വാർഡനുമായി. ഇന്നും കോളേജിലെ പ്രൊഫസർമാരുടേയും വിദ്യാർത്ഥികളുടേയും കണ്ണിലുണ്ണിയാണ് തിരുമേനിയെന്ന സംഗതി പ്രത്യേകം പ്രസ്താവ്യമാണ്. 1952 ഒക്ടോബർ 25-ാം തിരുവനന്തപുരം മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിക്കപ്പെട്ടു. ഡിസംബർ 27-ാം റമ്പാൻസ്ഥാനം സ്വീകരിച്ചു. 1953 ജനുവരി 29-ാം, മാർ ഈവാനിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും മാർ സേവേറിയോസ്, മാർ തോമസ് തറയിൽ എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും മെത്രാനായി അഭിഷേചിക്കപ്പെടുകയും ചെയ്തു.

തിരുമനസ്സിലെ പിതാവും മാതാവും ജീവിച്ചിരിപ്പുണ്ട്. അവർക്ക് യഥാക്രമം 60-ം 52-ം വയസ്സു പ്രായമായിരിക്കുന്നു. സ്വപുത്രൻ വൈദികനായി കാണ്ടി സെമിനാരിയിൽനിന്നും തിരിച്ചെത്തിയശേഷം അവരും സഭയുമായി പുനരൈക്യപ്പെട്ടു. സ്വപുത്രൻ മെത്രാൻപദമാരോഹണംചെയ്യുന്നതു കാണുവാനുള്ള അസുലഭഭാഗ്യവും അനുഗൃഹീതരായ ആ ദമ്പതികൾക്കു കൈവന്നിരിക്കുന്നു. അവരുടെ മൂന്നാമത്തെ പുത്രൻ ഇപ്പോൾ ബഥനാശ്രമത്തിൽചേർന്നു വൈദികപഠനത്തിനു ഒരുങ്ങിവരികയാണ്.

ആഴമേറിയ വിജ്ഞാനം, പ്രാർത്ഥനാതല്പരത, വിനയം, സൗമ്യശീലം, സേവനസന്നദ്ധത തുടങ്ങിയ വിശിഷ്ടഗുണങ്ങളാൽ സമലംകൃതനായ മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ മേല്പട്ടജീവിതം ശ്രേയസ്കരമായിരിക്കുമെന്നതിനു ദ്വിപക്ഷമില്ല. പുനരൈക്യചരിത്രത്തിൽ അതൊരു പുതിയ അദ്ധ്യായം ഇറക്കുമെന്നും നമുക്കു പ്രതീക്ഷിക്കാം. 1953 ജനുവരി 3-ാം, കൂനൻ കുരിശു സത്യം കഴിഞ്ഞിട്ട് 3 ശതവത്സരം പൂർത്തിയായിരിക്കുന്നു. ഗ്രിഗോറിയോസ് എന്ന ഒരു മെത്രാൻ കേരളത്തിൽ വന്നു യാക്കോബായ ശീശ്മയെ ഈ മണ്ണിൽ നട്ടിട്ട് 1965-ൽ 3 ശതവത്സരം പൂർത്തിയാകും. അന്നേക്കെങ്കിലും എല്ലാവരും ശീശ്മ ഉപേക്ഷിച്ച് കത്തോലിക്കാസഭാമാതാവിൻെറ മടിയിൽ അഭയംതേടുവാൻ സർവ്വശക്തനായ ദൈവം ഇടയാക്കട്ടെ എന്നു നമുക്കു പ്രത്യാശിക്കാം. ഈ സംഗതികൾ മുൻനിറുത്തി ആലോചിക്കുമ്പോൾ മോൺ. ബനഡിക്ട് സ്വീകരിച്ചിരിക്കുന്ന ഗ്രിഗോറിയോസ് എന്ന നാമധേയം ഏററം അന്വർത്ഥമായിരിക്കുന്നതും ദൈവപരിപാലനയാലാണ് ഈ നാമം സ്വീകരിക്കാനിടയായതെന്നും കാണാവുന്നതാണ്.

തിരുമനസ്സിലെ മെത്രാൻപദപ്രാപ്തി ദൈവമഹത്വത്തിനും തിരുസ്സഭയുടെ വിജയത്തിനും നിദാനമായി ഭവിക്കട്ടെ. തിരുമേനിക്ക് ഒരിക്കൽക്കൂടി മംഗളമാശംസിക്കുകയും തിരുമേനിക്ക് ആവശ്യമായ സകലവിധ അനുഗ്രഹങ്ങളും സർവ്വശക്തനായ ദൈവം പ്രദാനംചെയ്യുമാറാകട്ടെ എന്ന് അകമഴിഞ്ഞു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അമേരിക്കൻപ്രസിഡൻറ് ദൈവസഹായം ആശ്രയിക്കുന്നു

ഇക്കഴിഞ്ഞ നവമ്പറിൽ നടന്ന അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ പൊതുതിരഞ്ഞെടുപ്പിൽ വിജയിയായ മിസ്റ്റർ ഡ്വൈററ് ഐസനോവർ ആ മഹാരാജ്യത്തിലെ 34-ാമത്തെ പ്രസിഡൻറായി ഈ ജനുവരി 20-ാം ഭരണഭാരം ഏറെറടുത്തു. ആ റിപ്പബ്ളിക്കിൻെറ സ്ഥാപകന്മാർ അതിനെ മതേതരരാഷ്ട്രമായിട്ടാണ് രൂപീകരണം ചെയ്തിട്ടുള്ളത്. മതേതരരാഷ്ട്രത്തിൻെറ ശരിയായ നിർവ്വചനമനുസരിച്ച് ദൈവവിശ്വാസത്തിനും മതാനുഷ്ഠാനത്തിനും അവയർഹിക്കുന്ന സ്ഥാനം അവിടെ ഇന്നോളം നൽകിപ്പോന്നിട്ടുണ്ട്. യാതൊരു മതത്തേയും ആ രാഷ്ട്രം പ്രത്യേകമായി ആദരിക്കുകയോ യാതൊരു മതത്തോടും പക്ഷപാതപരമായി പെരുമാറുകയോ ചെയ്യരുതെന്നുമാത്രമേ നിർബന്ധമുള്ളു.

### രാധാകൃഷ്ണൻ മതേതരരാഷ്ട്രത്തെപ്പററി

മതേതരരാഷ്ട്രത്തിൻെറ പ്രസ്തുത നിർവ്വചനം നിരീശ്വരന്മാരും നിർമ്മതന്മാരുമല്ലാത്ത രാജ്യതന്ത്രജ്ഞന്മാർ സാമാന്യമായി സമ്മതിച്ചിട്ടുള്ളതാണ്. ഈ ജനുവരി 24-ാം മുസ്ലിങ്ങളുടെ വകയായ ആലിഗർ സർവ്വകലാശാലയിലെ കൺവൊക്കേഷൻ പ്രസംഗം നടത്തിയ ഇൻഡ്യൻ യൂണിയനിലെ വൈസ്പ്രസിഡൻറ് ഡോക്ടർ രാധാകൃഷ്ണൻ മതേതരരാഷ്ട്രത്തെ ഇപ്രകാരം നിർവ്വചിക്കുകയുണ്ടായി: "നമ്മുടെ രാഷ്ട്രം മതേതരമാണെന്നു പറയുമ്പോൾ, മനുഷ്യൻെറ ഭൗമികജീവിതം സ്വയംപര്യാപ്തമാണെന്നും സൗഭാഗ്യം അളക്കപ്പെടേണ്ടത് സാമ്പത്തികമായ ജീവിതതോതുകളാലോ ഭൗതികവസ്തുക്കളുടെ സംഭരണങ്ങളാലോ ആണെന്നും അർത്ഥമാകുന്നില്ല. യാതൊരു പ്രത്യേകമതത്തിനും വിശേഷാൽ അവകാശങ്ങൾ നൽകപ്പെടുകയില്ലെന്നും സന്മാർഗ്ഗസംഹിതക്ക് വിരുദ്ധമായി പെരുമാറാത്തപക്ഷം യാതൊരു ജനവും മതപരമായ വിശ്വാസങ്ങൾക്കുവേണ്ടി മർദ്ദിക്കപ്പെടുകയില്ലെന്നുമാണ് അതിൻെറ അർത്ഥം. നമ്മുടെ മതപരമായ ബോദ്ധ്യങ്ങൾ പരിത്യജിക്കണമെന്ന് നമ്മോടാവശ്യപ്പെടുന്നില്ല. മതപരമായ കാര്യങ്ങളിലുള്ള പ്രജായത്തപാരമ്പര്യം മതേതരരാഷ്ട്രത്തിൻെറ ആശയത്തിൽ ഉൾക്കൊണ്ടിരിക്കുന്നു."

### ഐസനോവർ ഉറച്ച ദൈവവിശ്വാസി

അമേരിക്കയിലെ പുതിയ പ്രസിഡൻറായ ഐസനോവർ ഏററവും ഉറച്ച ഒരു ദൈവവിശ്വാസിയാകുന്നു. ഇക്കാലത്തെ സർവ്വപ്രധാനങ്ങളായ ആവശ്യങ്ങളിൽ ഒന്ന് ദൈവത്തിലുള്ള ധാർമ്മികവിശ്വാസമാണെന്നാണ് അദ്ദേഹത്തിൻെറ അഭിപ്രായം. കഴിഞ്ഞ തിരഞ്ഞെടുപ്പിനുശേഷം അമേരിക്കയിൽ ഒരു സ്ഥലത്ത്(Waldorf Astoria Hotel) "ഫ്രീഡം ഫൗണ്ടേഷൻ" എന്ന സ്ഥാപനത്തിൻെറ വകയായി നടന്ന ഒരു യോഗത്തിൽ പ്രസംഗിക്കവേ അദ്ദേഹം പ്രസ്തുതാഭിപ്രായം പ്രകാശിപ്പിക്കുകയുണ്ടായി. ആ സ്ഥാപനത്തിൻെറ പ്രത്യേകവിധാനത്തിൽ "ദൈവത്തിലുള്ള ധാർമ്മികമായ വിശ്വാസം" എന്ന മുദ്രാവാക്യം ഉൾപ്പെട്ടിരിക്കുന്നതിനെ പരാമർശിച്ച് അദ്ദേഹം പ്രസ്താവിച്ചതിങ്ങനെയാണ്: "ഈ ആശയം ഈ കേന്ദ്രപട്ടണത്തിൻെറ ഹൃദയത്തിൽനിന്നും വാഷിംഗ്ടണിൽനിന്നും മണലാരണ്യത്തിലും പർവ്വതങ്ങളിലുമുള്ള വിദൂരസ്ഥമായ കുടിലിലേക്ക് വിതരണം ചെയ്യാൻമാത്രം ശക്തരാകുവാൻ നമുക്ക് കഴിയുമെങ്കിൽ, അതു നിർവ്വഹിക്കാനും അതിൻെറ ശക്തിയിൽ ലോകത്തിൻെറ മുമ്പാകെ നില്ക്കുവാനും നമുക്കു കഴിയുമെങ്കിൽ, നമ്മുടെ നേതൃത്വം സാമ്രാജ്യമോഹത്തിൻേറതല്ലെന്നും പ്രത്യുത ശുശ്രൂഷയുടേതാണെന്നും മററു സകല ജനതതികളും കാണാതിരിക്കയില്ല. കമ്മ്യൂണിസംപോലെയുള്ള യാതൊരു അടിമത്വസിദ്ധാന്തത്തിനും ഒട്ടും മുന്നേറുവാൻ കഴിയാത്തവിധം ആ വിശ്വാസംമൂലം നാം ശക്തരായിരിക്കും. സമാധാനത്തിൻെറ കാര്യത്തിൽ നാം കൂടുതൽ ഉറപ്പുള്ളവരായിരിക്കും. നമ്മുടെ പുത്രന്മാർക്കും നമ്മുടെ പൗത്രന്മാർക്കും ധനത്തെപ്പററി ഉറപ്പുകൊടുക്കാനൊത്തില്ലെങ്കിലും, എന്നാൽ ദൈവത്തോടും സഹപൗരന്മാരോടും യോജിച്ച് അന്തസ്സുള്ള രീതിയിൽ ജീവിക്കുവാനുള്ള സന്ദർഭങ്ങളെപ്പററി ഉറപ്പുകൊടുക്കുന്നതുമായ ജീവിതം പ്രദാനം ചെയ്യുവാൻ നമുക്കു കഴിവുണ്ടാകുമെന്ന് നമുക്കു കൂടുതൽ തീർച്ചയുണ്ടായിരിക്കും." മനുഷ്യോചിതമായ അന്തസ്സോടുകൂടിയും സഹപൗരന്മാരുമായി സമാധാനത്തിലും ജീവിക്കുവാൻ ദൈവവിശ്വാസം ആവശ്യകമാണെന്നുള്ള ഈ ബോദ്ധ്യം പ്രസിഡൻറ് സ്ഥാനം ഏററെടുത്ത അവസരത്തിൽ നടത്തിയ ഉൽഘാടനപ്രസംഗത്തിലും ഐസനോവർ പ്രകാശിപ്പിക്കുകയുണ്ടായി.

### പ്രസിഡൻറിൻെറ ഉൽഘാടനപ്രസംഗം

ഐക്യസംസ്ഥാനങ്ങളുടെ പ്രസിഡൻറിൻെറ ഉദ്യോഗം വിശ്വസ്തതയോടുകൂടി വഹിച്ചുകൊള്ളാമെന്നും തൻെറ കഴിവ് പരമാവധി ഉപയോഗിച്ച് ഐക്യസംസ്ഥാനങ്ങളുടെ ഭരണഘടന പാലിക്കുകയും സംരക്ഷിക്കുകയും കാക്കുകയും ചെയ്തുകൊള്ളാമെന്നും "തൻെറ ദൈവത്തിൻെറ മുമ്പിൽ" താൻചെയ്ത സത്യപ്രതിജ്ഞയെ അനുസ്മരിപ്പിച്ചുകൊണ്ടാണ് പുതിയ പ്രസിഡൻറ് ഉൽഘാടനപ്രസംഗം ആരംഭിച്ചത്. മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തിലും സ്വതന്ത്രജീവിതത്തിനുള്ള അവൻെറ അവകാശത്തിലും ഉള്ള വിശ്വാസത്തെ അദ്ദേഹം പ്രസംഗത്തിൽ ഉയർത്തിപ്പറഞ്ഞു. "ഈ വിശ്വാസം നമ്മുടെ പിതാക്കന്മാരുടെ അഭേദ്യമായ വിശ്വാസമാകുന്നു. സനാതനവും സന്മാർഗ്ഗികവും പ്രകൃത്യനുസൃതവുമായ നിയമങ്ങളാൽ ഭരിക്കപ്പെടുന്ന അനശ്വരമായ മനുഷ്യാത്മാവിലുള്ള നമ്മുടെ വിശ്വാസമാണത്. ഈ വിശ്വാസം ജീവിതത്തെപ്പററിയുള്ള നമ്മുടെ പൂർണ്ണമായ വീക്ഷണത്തെ നിർവ്വചിക്കുന്നു. സ്രഷ്ടാവിൽനിന്നുള്ളതും മനുഷ്യൻെറ അനന്യാപേക്ഷണീയങ്ങളുമായ അവകാശങ്ങളെ ഉൾക്കൊള്ളുന്നതും സകല മനുഷ്യരേയും അവിടുത്തെ ദൃഷ്ടിയിൽ സമന്മാരാക്കുന്നതുമായ ദാനങ്ങളെ അവിഭക്തമായി ഈ വിശ്വാസം സംസ്ഥാപിക്കുന്നു." "ഈ വിശ്വാസമാണ് നമ്മുടെ ജീവിതരീതിയെ മുഴുവനും ഭരിക്കുന്നത്. ജനങ്ങളാകുന്ന നാം നേതാക്കന്മാരെ തിരഞ്ഞെടുക്കുന്നത് ഭരിക്കുവാനല്ല, പ്രത്യുത സേവനംചെയ്യുവാനാണെന്ന് അതു വ്യവസ്ഥാപിക്കുന്നു. ഇഷ്ടമുള്ള ജോലി തിരഞ്ഞെടുക്കുവാനും ആ ജോലിയുടെ പ്രതിഫലം പററുവാനും നമുക്കവകാശമുണ്ടെന്ന് അതു നിർബന്ധിക്കുന്നു. ലോകത്തിൻെറ അസൂയാവിഷയമായിരിക്കുന്ന നമ്മുടെ സ്വതന്ത്രമായ ഉല്പാദനശക്തിക്ക് അതു പ്രേരണനൽകുന്നു. തൻെറ സകല സൃഷ്ടികളിലുമുള്ള സമത്വത്തെ നിഷേധിക്കുവാൻ ശ്രമിക്കുന്ന ഏതു മനുഷ്യനും സ്വാതന്ത്ര്യത്തിൻെറ ചൈതന്യത്തെ ഒററിക്കൊടുക്കുകയും ക്രൂരസ്വേച്ഛാധിപതികളുടെ [illegible] ക്ഷണിക്കുകയും ചെയ്യുകയാണെന്ന് അതു മുന്നറിവുനൽകുന്നു. നാമെല്ലാവരും ഈ തത്വങ്ങൾ മുറുകെപ്പിടിക്കേണ്ടതായിട്ടുള്ളതുകൊ

ന്നാണു് ഇന്നേദിവസം നടന്നിരിക്കുന്ന ഈ രാഷ്ട്രീയമാററങ്ങളിൽ അസാധാരണമായ തകിടംമറിച്ചിലോ കുഴപ്പങ്ങളോ ഉണ്ടാകാതിരിക്കുന്നതു്. നേരെമറിച്ചു് നമ്മുടെ രാഷ്ട്രപിതാക്കന്മാർ നമുക്കു നൽകിയിട്ടുള്ള പ്രമാണപത്രികകളിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ നമ്മെത്തന്നെ പ്രതിഷ്ഠിക്കുവാനുള്ള നിശ്ചയത്തെയാണു് ഈ മാററം പ്രകാശിപ്പിക്കുന്നതു്. നമ്മുടെ രാജ്യത്തോടും ദൈവത്തിന്റെ ശ്രദ്ധാപൂർവ്വകമായ പരിപാലനയോടും നമുക്കുള്ള വിശ്വാസത്തെ പ്രത്യക്ഷമായി നാം നവീകരിക്കുന്നുണ്ടെന്നും ഈ മാററം പ്രകടമാക്കുന്നു."

അനന്തരം നിരീശ്വരവും സ്വാതന്ത്ര്യഹാരിയുമായ കമ്മ്യൂണിസത്തെ, അതിന്റെ പേരെടുത്തു പറയാതെയാണെങ്കിലും, ഇപ്രകാരം പരാമർശിക്കുന്നു:

"ഈ വിശ്വാസത്തിന്റെ ശത്രുക്കൾ ദൈവത്തെയല്ല പ്രത്യുത അക്രമത്തെയാണറിയുന്നതു്, ദൈവശക്തിയെയല്ല അക്രമപ്രയോഗത്തെയാണറിയുന്നതു്. അവർ മനുഷ്യരെ രാജ്യദ്രോഹം പരിശീലിപ്പിക്കുന്നു. മററുള്ളവരുടെ പട്ടിണിയെ മുതലെടുത്തു് അവർ ഉപജീവിക്കുന്നു. അവരെ എതിർക്കുന്ന എതിരിനെയും, സത്യത്തെ പ്രത്യേകിച്ചും, അവർ പീഡിപ്പിക്കുന്നു. മനുഷ്യം അല്പസ്വല്പം മാത്രം വ്യത്യാസമുള്ള മതാനുഷ്ഠാനങ്ങളെ സംബന്ധിക്കുന്ന നിർജ്ജീവമായ ന്യായവാദങ്ങൾ അതിലില്ല ഇപ്പോൾ സംഘട്ടനമുള്ളതു്. ഈ സംഘട്ടനം നമ്മുടെ പിതാക്കന്മാരുടെ വിശ്വാസത്തെയും നമ്മുടെ പുത്രന്മാരുടെ ജീവിതങ്ങളെയും നേരിട്ടു് ബാധിക്കുന്നതാണു്. നമ്മുടെ സ്വാതന്ത്ര്യങ്ങളുടെ വിദ്യാലയങ്ങളിലും ദേവാലയങ്ങളിലും നിന്നു് നമുക്കു ലഭിച്ചിട്ടുള്ള ആത്മീകജ്ഞാനംമുതൽ സ്വാതന്ത്ര്യതൊഴിലാളിയുടെയും മുതലാളിയുടെയും സൃഷ്ടിപരമായ മാന്ത്രികശക്തിവരെയുള്ള യാതൊന്നും തൊടപ്പെടാതെ നിധിയാകട്ടെ ഈ സമരത്തിന്റെ പരിധിയിൽനിന്നു് ഒഴിഞ്ഞു് സുരക്ഷിതമായിരിക്കുന്നില്ല. സ്വാതന്ത്ര്യവും അടിമത്തവും തമ്മിലാണു് സമരം; പ്രകാശവും അന്ധകാരവും തമ്മിൽ."

## നയപരിപാടികളുടെ പ്രഖ്യാപനം

ദൈവത്തിലും ദൈവവചനത്തിൽ അടിയുറച്ചിരിക്കുന്ന മനുഷ്യമാഹാത്മ്യത്തിലും ഇതുവരെ ഉറച്ച വിശ്വാസമുള്ള പുതിയ പ്രസിഡന്റിന്റെ നയപരിപാടികൾ അതേവിശ്വാസമുണ്ടായിരുന്ന അടുത്ത മുൻഗാമികളായ റൂസ്‌വെൽട്ടിന്റെയും ട്രൂമന്റെയും നയപരിപാടികളിൽനിന്നു് തത്വത്തിലും പ്രയോഗത്തിലും വ്യത്യസ്തമായിരിക്കുവാൻ ന്യായമില്ലല്ലോ. ആ മുൻഗാമികൾ ഒരുപോലെ കഴിഞ്ഞ 20 കൊല്ലം തുടർച്ചയായി രാജ്യത്തിന്റെ ഭരണഭാരം വഹിച്ചുകൊണ്ടിരുന്ന ഡെമോക്രാററിക് പാർട്ടിക്കാരുടെ സ്ഥാനാർത്ഥികളായിരുന്നു. പുതിയ പ്രസിഡന്റാകട്ടെ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയാണു്. റിപ്പബ്ലിക്കൻ പാർട്ടിയുടെ നയം അമേരിക്കയെ ഇതരദേശങ്ങളിലെ രാഷ്ട്രീയകാര്യങ്ങളിൽനിന്നു ഒഴിച്ചും മാററപ്പെട്ടതും നിർത്തുന്നതായിരുന്നതിനാൽ, റൂസ്‌വെൽറ്റിന്റെയും ട്രൂമന്റെയും ഭരണത്തിൽ സ്വതന്ത്രങ്ങളായ ലോകരാഷ്ട്രങ്ങളുടെ നേതൃത്വം വഹിച്ച അമേരിക്ക പുതിയ പ്രസിഡന്റിന്റെ ഭരണത്തിൽ ആ നേതൃത്വത്തിൽനിന്നു പിൻവലിയുമോയെന്നു് പലരും സംശയിക്കാതിരുന്നില്ല. അടിസ്ഥാനരഹിതമായ ആ ശങ്കയെ തീർക്കുന്ന മട്ടിലാണു് പുതിയ പ്രസിഡന്റ് ഉൽഘാടനപ്രസംഗത്തിൽ പ്രഖ്യാപിച്ച നയപരിപാടികൾ വെളിയിച്ചിരിക്കുന്നതു്. ലോകസമാധാനത്തിനുവേണ്ടി അമേരിക്ക ഏറെറടുത്തിരിക്കുന്ന രാഷ്ട്രീയവും സാമ്പത്തികവുമായ നേതൃത്വം യാതൊരു ലോപവുംകൂടാതെ തുടർന്നുകൊണ്ടിരിക്കുമെന്നാണു് പ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ളതു്. ആ നേതൃത്വത്തിൽ മാർഗ്ഗദർശകം നൽകുന്ന നിശ്ചിതതത്വങ്ങൾ ഒൻപതായിരിക്കുമെന്നും പുതിയ പ്രസിഡന്റ് ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അവ ഇങ്ങനെ സംക്ഷേപിക്കാം. യുദ്ധത്തെ വെറുക്കുന്നെങ്കിലും ആക്രമശക്തികളെ തടഞ്ഞുനിർത്തുവാൻ വേണ്ടത്ര ശക്തി അമേരിക്ക വികസിപ്പിക്കുകയും അങ്ങനെ സമാധാനത്തിന്റെ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. അക്രമികളെ പ്രീണിപ്പിക്കുന്ന ഹീനശ്രുതിയായ സമ്പ്രദായം അമേരിക്ക സ്വീകരിക്കുകയില്ല. കാരണം, "കരയോട്ടാവു് ചുമലിൽ വഹിക്കുന്ന ചുമടു് ഒരു അടിമവേലക്കാരൻ കരങ്ങളിൽ വഹിക്കുന്ന ചങ്ങലയോളം ഭാരമുള്ളതല്ല." ലോകത്തിലെങ്ങുമുള്ള സ്വാതന്ത്ര്യജനങ്ങൾ അമേരിക്കയുടെ ശക്തിയും മഹത്വവും അവരുടെ ആശ്രയമായി കരുതുന്നതനുസരിച്ചു് അവരുടെ സ്വാതന്ത്ര്യസംരക്ഷണത്തിനുവേണ്ടിയുള്ള സഹായങ്ങൾ അമേരിക്ക നൽകിക്കൊണ്ടിരിക്കും. ലോകത്തിലെ ഒരോ ജനതയും ഉള്ള വ്യക്തിത്വത്തെ ആദരിക്കേണ്ടതാകയാൽ അമേരിക്ക അതിന്റെ രാഷ്ട്രീയവും സാമ്പത്തികവുമായ സമ്പ്രദായങ്ങൾ മററുള്ള ജനതകളുടെമേൽ അടിച്ചേല്പിക്കുവാൻ ഒരിക്കലും ശ്രമിക്കുന്നതല്ല. സ്വാതന്ത്ര്യപ്രേമികളാണെന്നു് തെളിഞ്ഞിട്ടുള്ള രാഷ്ട്രങ്ങളുടെ ക്ഷേമത്തിനും സുരക്ഷിതത്വത്തിനുംവേണ്ട സഹായം നൽകുവാൻ അമേരിക്ക പരിശ്രമിക്കുന്നതാണു്. തങ്ങളുടെ കഴിവനുസരിച്ചു് അവരും പൊതുവായ സ്വാതന്ത്ര്യസംരക്ഷണത്തിൽ പരിപൂർണ്ണമായും മാന്യമായും ഭാഗം വഹിക്കണമെന്നു് അമേരിക്ക പ്രതീക്ഷിക്കുന്നു. ലോകത്തിലെ ഏതെങ്കിലും ഒരു ജനത ദരിദ്രരായിരിക്കുന്നതു് സകല ജനതകളുടെയും സുസ്ഥിതിക്കു് ആപത്തായിരിക്കുമെന്നതിനാൽ, ഉല്പാദനത്തിന്റെയും വ്യാപാരത്തിന്റെയും കാര്യങ്ങളിൽ എല്ലാവർക്കും പ്രോത്സാഹനജനകങ്ങളായ നയങ്ങൾ അമേരിക്ക സ്വീകരിക്കുന്നതാണു്. ലോകത്തിലെ വിവിധഭാഗങ്ങളിലുള്ള സ്വാതന്ത്ര്യജനങ്ങൾ അവരവരുടെ ആവശ്യമനുസരിച്ചു് സാമ്പത്തികവും സൈനികവും രാഷ്ട്രീയവുമായി ഉണ്ടാക്കുന്ന പ്രാദേശികഗ്രൂപ്പുകളെ അമേരിക്ക ആദരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. സ്വാതന്ത്ര്യത്തെപ്പോലെ സ്വാതന്ത്ര്യസംരക്ഷണവും ഏകവും അവിഭക്തവുമാണെന്നുള്ള ബോധ്യത്താൽ, ഒരു വർഗ്ഗമോ ഒരു ജനതയോ മറെറാരു വർഗ്ഗത്തെയോ ജനതയെയോകാൾ ഏതെങ്കിലും അർത്ഥത്തിൽ താഴ്ന്നവരാണെന്നോ ദുഷിക്കപ്പെടേണ്ടവരാണെന്നോ ഉള്ള എല്ലാ ധാരണയെയും അമേരിക്ക നിരാകരിക്കുന്നു. ഐക്യരാഷ്ട്രസമിതിയെ സമാധാനത്തിനായുള്ള സകല ജനങ്ങളുടെയും സജീവചിഹ്നമായി ബഹുമാനിച്ചുകൊണ്ടു്, അതിനെ ഫലപ്രദമായ ഒരു ശക്തിയാക്കുവാൻ അമേരിക്ക ശ്രമിക്കും. മാന്യമായ സമാധാനം നേടുന്നതിൽ അമേരിക്ക വിട്ടുവീഴ്ചയോ ക്ഷീണമോ കൂടാതെ എന്നും പ്രവർത്തിച്ചുകൊണ്ടിരിക്കും. ഈ നയപരിപാടികൾ ധീരതയോടും സ്നേഹത്തോടുംകൂടി പ്രാവർത്തികമാക്കുവാൻ "സർവ്വശക്തനായ ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടു്" ഐസനോവർ ഉൽഘാടനപ്രസംഗം ഉപസംഹരിച്ചു.

പുതിയ പ്രസിഡന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഈ നയപരിപാടികളനുസരിച്ചുള്ള അമേരിക്കയുടെ നേതൃത്വത്തിൽ, ദൈവവിശ്വാസത്തിനും മനുഷ്യത്വത്തിനും സന്മാർഗ്ഗജീവിതത്തിനും സ്വാതന്ത്ര്യസ്വാദനത്തിനും എതിരായി ലോകത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആക്രമണശക്തികളെ തടഞ്ഞുനിർത്തുവാനും, തദ്വാരാ ലോകത്തിനു് സമാധാനവും സുസ്ഥിതിയും കൈവരുവാനും ഇടവരുത്തണമെന്നു് സർവ്വശക്തനായ ദൈവത്തോടു് നമുക്കും പ്രാർത്ഥിക്കാം.

## അടുത്തയാഴ്ചയിൽ

ഫെബ്രുവരി

8 ഞാ: 60-ാം ഞായർ

9 തി: അപ്പോളോനിയ

10 ചൊ: സ്കൊലാസ്തിക്കാ

11 ബു: ലൂർദ്ദുമാതാവു്

12 വ്യാ: ദ്യോനിസിയോസ്

13 വെ: കത്രീന

14 ശ: വലന്തീനോസ്

## പ്രസക്തക്കുറിപ്പുകൾ

### റിപ്പബ്ലിക്ക് ദിനം

ഇൻഡ്യയെ ഭരിച്ചിരുന്ന ബ്രിട്ടീഷുകാർ 1947 ആഗസ്റ്റ് 15-ാംനു- ഭരണം വിട്ടൊഴിഞ്ഞുപോയി. തദനന്തരം ഇൻഡ്യാക്കാരുടെതന്നെ കൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഭരണഘടനനിർമ്മാണജോലിയിൽ ഏർപ്പെടുകയും 1949 നവമ്പർ 26-ാംനു- അതംഗീകരിക്കുകയും ചെയ്തു. 1950 ജനുവരി 26-ാംനു- ഭരണഘടന നടപ്പിൽ വരുത്തിക്കൊണ്ടു് ഇന്ത്യൻ സോവറിൻ റിപ്പബ്ലിക്ക് പ്രഖ്യാപിതമായി. ആ സുദിനത്തിന്റെ 3-ാം വാർഷികമാണു് ഈ ജനുവരി 26-ാംനു- ഇൻഡ്യയിലാകമാനം ആഘോഷിക്കപ്പെട്ടതു്. കൃത്യം 23 വർഷങ്ങൾക്കു മുമ്പു്, 1930 ജനുവരി 26-ാംനു-, മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ "പൂർണ്ണസ്വരാജ് ദിനം" പ്രഖ്യാപിക്കപ്പെട്ടു. അനേകായിരം സ്ത്രീപുരുഷന്മാർ സ്വരാജ്യത്തിന്റെ പരിപൂർണ്ണസ്വാതന്ത്ര്യത്തിനായി ധർമ്മസമരം ചെയ്തുകൊള്ളാമെന്നു് സത്യപ്രതിജ്ഞ ചെയ്തു. ആകയാൽ ജനുവരി 26-ാംനു- ഇന്ത്യക്കെന്നും സുസ്മരണീയദിനമായിരിക്കും. ഇത്തവണത്തെ റിപ്പബ്ലിക്ക് ദിനത്തിൽ ഇൻഡ്യയുടെ പ്രസിഡണ്ടു് ഡോക്ടർ രാജേന്ദ്രപ്രസാദ് രാജ്യവാസികളെയെല്ലാം സംബോധന ചെയ്തുകൊണ്ടു് ഡൽഹിയിലെ ആകാശവാണി റേഡിയോ സ്റ്റേഷനിൽനിന്നു് ഒരു പ്രഭാഷണം പ്രക്ഷേപിക്കുകയുണ്ടായി. ഇക്കഴിഞ്ഞ മൂന്നുകൊല്ലങ്ങളിൽ കോൺഗ്രസ് ഗവർമ്മെന്റിന്റെ കീഴിൽ രാജ്യത്തിനുണ്ടായ നേട്ടങ്ങളെ അദ്ദേഹം ചൂണ്ടിക്കാണിച്ചു. 600-ഓളം നാട്ടുരാജ്യങ്ങൾ അവയുടെ സ്വാതന്ത്ര്യമായ നില വെടിഞ്ഞു് ഇന്ത്യയൂണിയന്റെ ഘടകങ്ങളായിത്തീർന്നു. ജനാധിപത്യാദർശങ്ങളോടുകൂടിയ ഒരു ഭരണഘടന ഇന്ത്യൻ കൺസ്റ്റിറ്റ്യുവന്റ് അസംബ്ലി നിർമ്മിച്ചു. ലോകത്തിലെ ഒരിടത്തും ഒരു കാലത്തും നടന്നിട്ടില്ലാത്തവിധത്തിൽ അത്ര വിപുലമായ തോതിലും അത്യുത്സാഹത്തോടുകൂടിയും പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയ പൊതുതിരഞ്ഞെടുപ്പു് ഏററവും വിജയകരമായി നിർവ്വഹിക്കപ്പെട്ടു. കർഷകരാജ്യമായ ഇന്ത്യയിലെ കാർഷികസമ്പ്രദായങ്ങൾക്കു കാലോചിതമായ പരിവർത്തനങ്ങൾ ചെയ്യുവാൻ തുടങ്ങി. മിക്കവാറും എല്ലാ നാടുകളിലും സെമിന്താരിയും ജന്മിത്തവും സമ്പ്രദായങ്ങൾ നിയമാനുസൃതം നിർത്തലാക്കുന്ന ജോലി സ്വീകരിക്കപ്പെട്ടു. ഭക്ഷ്യവിഭവങ്ങളുടെ കാര്യത്തിൽ സ്വയംപര്യാപ്തമായ നില പ്രാപിക്കുവാൻ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന കമ്മ്യൂണിറ്റി പ്രോജക്ടുകളിൽ 55 എണ്ണം കഴിഞ്ഞകൊല്ലം ഏർപ്പെടുത്തി. ജലസേചനം, ഗതാഗതം മുതലായ കാര്യങ്ങളിൽ ക്രമപ്രവൃദ്ധമായ വികസനമുണ്ടായി. വ്യവസായങ്ങളും വർദ്ധിച്ചുതുടങ്ങി. ഇന്ത്യയുടെ വിഭജനത്തിനു ശേഷമുണ്ടായ ഏററവും വലിയ അഭയാർത്ഥിപ്രശ്നവും ആശ്ചര്യകരമായവിധം ഏതാണ്ടു പരിഹരിക്കപ്പെട്ടു. അന്തർദേശീയ ലോകത്തിൽ ഇന്ത്യ അസൂയാവഹമായ സ്ഥാനം സമ്പാദിച്ചു. ലോകമെങ്ങും മുഴങ്ങിക്കൊണ്ടിരിക്കുന്ന ഭീതിയിൽ ഇന്ത്യ തന്റെ സമാധാനസന്ദേശവുമായി മുന്നോട്ടുവന്നിരിക്കുന്നതിൽ ലോകരാഷ്ട്രങ്ങൾ സന്തോഷിക്കുന്നു. കൈവന്ന സ്വാതന്ത്ര്യം സാമ്പത്തികരംഗങ്ങളിൽ പ്രത്യേകിച്ചും സുസ്ഥിരമാക്കുവാൻ ലക്ഷ്യം വച്ചുകൊണ്ടു് ഒരു പഞ്ചവത്സരപദ്ധതി ആരംഭിച്ചിരിക്കുന്നു. അതിന്റെ വിശദാംശങ്ങളെപ്പററി വിവിധപാർട്ടികളുടെയിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിലും അതു് അംഗീകരിച്ചു പദ്ധതിയുടെ വിജയത്തിനായി സകലരും ത്യാഗബുദ്ധിയോടുകൂടി പരിശ്രമിക്കണമെന്നുള്ള ആഹ്വാനത്തോടും "ദൈവം നിങ്ങളെയെല്ലാം അനുഗ്രഹിക്കട്ടെ" എന്ന ആശംസയോടുംകൂടി തന്റെ പ്രക്ഷേപണം പ്രസിഡണ്ടു് ഉപസംഹരിച്ചു. മൂന്നുകൊല്ലങ്ങൾക്കിടയിൽ കോൺഗ്രസ് ഗവർമ്മെന്റിന്റെ കീഴിൽ ഇന്ത്യക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ നിഷ്പക്ഷമനസ്കരായ ആരെയും ആശ്ചര്യപ്പെടുത്തുന്നതാണു്. സ്വരാജ്യത്തിന്റെ ഭാവി ഭദ്രമാക്കുവാൻ സകല പൗരന്മാരും ജാതിമതഭേദചിന്തകൂടാതെ സ്വയം പ്രതിജ്ഞചെയ്തു് സഹകരിക്കേണ്ടിയിരിക്കുന്നു.

### അമേരിക്കൻ സ്ഥാനപതിയുടെ പ്രശംസ

ഇന്ത്യയിൽ അമേരിക്കയുടെ സ്ഥാനപതിയായിരിക്കുന്ന മിസ്റ്റർ ചെസ്റ്റർബൗൾസ് ഈ റിപ്പബ്ലിക്ക് ദിനത്തിൽ നൽകിയ സന്ദേശം മുകളിൽ വിവരിച്ച നേട്ടങ്ങൾക്കു ഉത്തമസാക്ഷ്യം വഹിക്കുന്നു. "ഇന്ത്യൻ റിപ്പബ്ലിക്കിന്റെ ഈ വാർഷികദിനത്തിൽ ഇന്ത്യയെ അഭിവാദ്യംചെയ്യുന്നതു് ഞങ്ങൾക്കു ഭിമാനവും സവിശേഷബഹുമതിയുമാണെന്നു് അമേരിക്കക്കാർ വിചാരിക്കുന്നു" എന്ന വാക്കുകളോടുകൂടിയാണു് സന്ദേശം ആരംഭിക്കുന്നതു്. "അഞ്ചുവർഷങ്ങൾക്കുള്ളിൽ നൂററാണ്ടുകളിലെ വിദേശഭരണത്തിൽനിന്നു് ഇന്ത്യ ഉയർന്നു് ലോകത്തിലെ ഏററവും വലിയ പ്രജായത്തരാഷ്ട്രങ്ങളിൽ ഒന്നായും ലോകത്തിലെ ജനതകൾക്കിടയിൽ സമാധാനത്തിനുവേണ്ടിയുള്ള ഏററവും പ്രബലമായ ശക്തികളിൽ ഒന്നായും തീർന്നു പോകുന്നതു് ഞങ്ങൾ കണ്ടിരിക്കുന്നു. അവിടുത്തെ മഹത്തായ നേട്ടങ്ങൾ — ആധുനികചരിത്രത്തിൽ യാതൊരു രാഷ്ട്രത്തിനും കിടപിടിക്കുവാൻ സാധിച്ചിട്ടില്ലാത്ത നേട്ടങ്ങൾ — ലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ചിരിക്കുന്നതുപോലെ അമേരിക്കൻ ജനതയുടെയും ശ്രദ്ധയെ ഹഠാദാകർഷിച്ചിരിക്കുന്നു. അനേകം തലമുറകൾക്കിടയിൽ ആദ്യമായി ഇന്ത്യ ഒരു ജനപദമെന്നനിലയിൽ ഏകീകൃതമാവുകയും, ഒരു പ്രജായത്തഗവർമ്മെന്റിന്റെ കീഴിൽ അവിടുത്തെ 3600 ലക്ഷം വരുന്ന ജനങ്ങൾക്കുവേണ്ടി കൂടുതൽ മെച്ചവും കൂടുതൽ പൂർണ്ണവുമായ ജീവിതം കെട്ടിപ്പടുക്കുന്ന ജോലിയിൽ സ്വയം പ്രതിഷ്ഠിക്കുകയും ചെയ്തിരിക്കുന്നതു് ഞങ്ങൾ കാണുന്നു." ഇടന്നു് ഈ ചുരുങ്ങിയ കാലത്തിനുള്ളിൽ കൃഷിവ്യവസായങ്ങളുടെ വികസനത്തിനുവേണ്ടി ഇൻഡ്യ സ്വീകരിച്ചിരിക്കുന്ന വിവിധപദ്ധതികൾ ഓരോന്നായി സന്ദേശം ചൂണ്ടിക്കാണിക്കുന്നു. "കോടി കോടി ഏക്കറുകൾ ജലസേചനം ചെയ്യുന്നവയും ലോകത്തിലെ ഏതൊരു ആധുനികരാജ്യത്തിലും ഉള്ളവയെ വെല്ലുന്നതുമായ വലിയ അണക്കെട്ടുകൾ ഞങ്ങൾ കാണുന്നു. ഇൻഡ്യയിലെ ഗ്രാമങ്ങൾക്കു് കൂടുതൽ ഭക്ഷ്യങ്ങൾ പ്രദാനംചെയ്യുവാൻവേണ്ടി കുഴൽക്കിണറുകൾ തെളിച്ചുകൊണ്ടുവരുന്നതു് ഞങ്ങൾ കാണുന്നു. ഇന്ത്യയുടെ വികസനത്തിനുവേണ്ട ഉല്പന്നങ്ങളും സമർത്ഥങ്ങളായ രീതികളും കണ്ടുപിടിക്കുന്നതിനായി ശാസ്ത്രത്തിന്റെയും ആരോഗ്യത്തിന്റെയും സാങ്കേതികജ്ഞാനത്തിന്റെയും ആധുനിക ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കപ്പെട്ടിരിക്കുന്നതു ഞങ്ങൾ കാണുന്നു. ഫെർട്ടിലൈസർ പ്ലാന്റുകൾ, പവർ പ്ലാന്റുകൾ വിമാനഫാക്ടറികൾ, കപ്പൽനിർമ്മാണസ്ഥാപനങ്ങൾ മുതലായ അടിസ്ഥാനവ്യവസായങ്ങൾ അഭൂതപൂർവ്വം ഉല്പാദനം നടത്തിക്കൊണ്ടിരിക്കുന്നതു ഞങ്ങൾ കാണുന്നു. ഇൻഡ്യയിലെ ഏററവും വലിയ മഹാമാരിയായ മലേറിയയെ ദേശവ്യാപകമായ പ്ലാനോടുകൂടി ശക്തിപൂർവ്വം ആക്രമിച്ചുകൊണ്ടിരിക്കുന്നതും ഇനിയത്തെ നല്ല കൊല്ലങ്ങൾക്കുള്ളിൽ ആ രോഗത്തെ പരിപൂർണ്ണമായും തുടച്ചുകളയുവാൻ ഉദ്ദേശിച്ചിരിക്കുന്നതും ഞങ്ങൾ കാണുന്നു. പരിഷ്കൃതങ്ങളായ കൃഷിസമ്പ്രദായങ്ങളോടും കർഷകോപകരണങ്ങളോടുംകൂടിയുള്ളം, കൂടുതൽ മെച്ചമായ ആരോഗ്യം പ്രാപിക്കുവാൻ സഹായിക്കുന്നതും, നിരക്ഷരതയെ പിടിച്ചുകെട്ടുവാനുള്ള മാർഗ്ഗങ്ങളുൾക്കൊള്ളുന്നതുമായ കമ്മ്യൂണിറ്റി പ്രോജക്ടുകൾ ലക്ഷോപലക്ഷം ഗ്രാമങ്ങളിൽ ചെന്നെത്തിക്കൊണ്ടിരിക്കുന്നതു് ഞങ്ങൾ കാണുന്നു." ഈ വികസനപദ്ധതികൾ നടപ്പിൽ വരുത്തിയിരിക്കുന്നതു് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിലെ നിർഹണീയങ്ങളായ സമ്പ്രദായങ്ങളാലല്ലെന്നു് സന്ദേശം ഊന്നിപ്പറയുന്നു. "ഇന്ത്യ അവരുടെ പുരോഗതിയിൽ ഈ മഹത്തായ പടികൾ കയറിയിട്ടുള്ളതു് ബലപ്രയോഗത്താലോ സ്വേച്ഛാധിപത്യത്താലോ അല്ല. പ്രത്യുത

പ്രജായത്തപരമായ മൂല്യങ്ങളുമാകുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സുദീർഘമായ സമരത്തിലെന്നപോലെതന്നെ ഭാവിയിലേക്കുള്ള തന്റെ പരിപാടികളിലും അവർ തന്റെ പ്രധാനപരിഗണന നൽകിയിട്ടുള്ളത് മനുഷ്യമാഹാത്മ്യത്തെ ആധാരമാക്കിയുള്ള വ്യക്തിസ്വാതന്ത്ര്യത്തിനാണ്. രണ്ടുകൊല്ലംമുമ്പ് നടത്തിയ സ്വതന്ത്രവും പ്രജായത്തപരവുമായ തിരഞ്ഞെടുപ്പിൽ, ചരിത്രത്തിൽ ഇന്നേവരെ നടന്നിട്ടുള്ളതിൽവച്ച് ഏററവും വലിയ തിരഞ്ഞെടുപ്പിൽ, അവർ തന്റെ പരിപാടിയെ, തന്റെ നേതൃത്വത്തെ, തന്റെ പുരോഗമനപരമായ വിധിനിർണ്ണായകമായ ഒരു പരീക്ഷണത്തിന് സമർപ്പിക്കുകയുണ്ടായി." ഇന്ത്യയുടെ ഈ നേട്ടങ്ങൾ പുതുതായി സ്വതന്ത്രമായിരിക്കുന്ന കൊളോണിയൽ രാജ്യങ്ങളിലെ സ്വാതന്ത്ര്യാഭിലാഷികൾക്കു പ്രജായത്തതത്വങ്ങൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുവാൻ പ്രേരണ നൽകുന്നവയാണെന്ന് സന്ദേശം പ്രസ്താവിക്കുന്നു. "ഈ നേട്ടങ്ങൾ ആശ്ചര്യാവഹങ്ങളാകുന്നു. അവ അമേരിക്കയുടെയും ലോകത്തിന്റെയും ആശ്ചര്യബഹുമാനങ്ങളെ ഏററവുമധികം അർഹിക്കുന്നവയാണ്. നമുക്കെല്ലാവർക്കും, കഴിഞ്ഞ ആറുവർഷങ്ങളിൽ കൊളോണിയൽ ഭരണത്തിൽനിന്ന് മോചനംപ്രാപിച്ച 6000 ലക്ഷം ജനങ്ങൾക്ക പ്രത്യേകിച്ചും ഈ നേട്ടങ്ങൾ പ്രചോദനകരമായ മാതൃകയാകുന്നു. പ്രജായത്തഭരണത്തിൻ കീഴ് ഒരു പുതിയ പരമാധികാരരാഷ്ട്രത്തിന് കൈവരാൻ സാദ്ധ്യമായുള്ള ഗംഭീരമായ പുരോഗതിക്ക് അവ മാതൃകയാകുന്നു."

പ്രജായത്തപരമായ ആദർശങ്ങളോടുകൂടി കോൺഗ്രസ് ഗവൺമെന്റ് ഇന്ത്യയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഭരണത്തെ പിന്തിരിപ്പനമെന്നും ഫാസിസ്റ്റെന്നും ജനലക്ഷങ്ങൾക്ക് ഹാനികരമെന്നും മററും കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും മുഴക്കുന്ന അപലപനങ്ങളെ തള്ളിക്കളയാൻ, ലോകത്തിൽവച്ച് ഏററവും പ്രജായത്തപരവും പുരോഗമനപരവും സമ്പൽസമൃദ്ധവുമായ അമേരിക്കൻ രാഷ്ട്രത്തിന്റെ ഇന്ത്യയിലെ സ്ഥാനപതിയുടെ ഈ അഭിനന്ദനം തികച്ചും പര്യാപ്തമാകുന്നു.

## ഇന്ത്യൻ കർദ്ദിനാളിന് ഇന്ത്യൻ സ്ഥാനപതിയുടെ മംഗളാശംസ

വത്തിക്കാനിലേക്കുള്ള ഇന്ത്യൻ സ്ഥാനപതിയായ മി. അസഫ് അലി ഇന്ത്യൻ കർദ്ദിനാളായ ഗ്രേഷ്യസ് തിരുമേനിക്ക് താഴെ കാണുന്ന മംഗളാശംസാസന്ദേശം അയച്ചുകൊടുത്തു: "പരിശുദ്ധ പിതാവിൽനിന്ന് സമുന്നതമായ ബഹുമതി കൈക്കൊള്ളുവാൻ അനന്യസാധാരണമായ വിശേഷാവകാശം ലഭിച്ച തിരുമേനിക്ക് എന്റെ സ്വന്തനിലയിലും എന്റെ ഗവർമ്മെണ്ടിന്റെ പേരിലും ആത്മാർത്ഥമായ മംഗളാശംസകൾ ഞാൻ സമർപ്പിച്ചുകൊള്ളുന്നു. സാർവ്വലൗകിക സാഹോദര്യത്തിന്റെയും പ്രേമത്തിന്റെയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സുവിശേഷം ഉദയം ചെയ്ത ആദ്യകാലങ്ങളിൽതന്നെ ക്രിസ്തുമതത്തെ സ്വീകരിക്കുവാനുള്ള ചരിത്രപ്രസിദ്ധമായ വിശേഷാവകാശം നമ്മുടെ രാജ്യത്തിനാണ് ലഭിച്ചത്. അതിനുശേഷമുള്ള ചരിത്രപ്രസിദ്ധമായ സംഭവമാണ് കത്തോലിക്കാസഭയിലെ അത്യുന്നതസ്ഥാനികളിൽ ഒരാളായി ഉയർത്തപ്പെടുവാൻ ഒരു ഇന്ത്യാക്കാരനുള്ള യോഗ്യത അംഗീകരിക്കപ്പെട്ടത്. റോമിൽ സന്നിഹിതനായി എന്റെ അനുമോദനങ്ങൾ നേരിട്ട് സമർപ്പിക്കുവാനുള്ള സന്തോഷവും വിശേഷാവകാശവും ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്." സ്വിററ്സർലണ്ടിൽനിന്ന് ഈ സന്ദേശം അയച്ചതിനുശേഷം ഇന്ത്യൻ സ്ഥാനപതി ശാരീരികമായ അസുഖമുണ്ടായിരുന്നിട്ടും അതു വകവയ്ക്കാതെ റോമിൽ പറന്നെത്തി കർദ്ദിനാൾ തിരുമേനിയെ നേരിട്ടുകണ്ട് അനുമോദനാശംസകൾ സമർപ്പിച്ചുവെന്ന് റിപ്പോർട്ടു ചെയ്യപ്പെട്ടിരുന്നു.

"ഇന്ത്യൻ കർദ്ദിനാളിനെ പോർട്ടുഗൽ അധിക്ഷേപിക്കുന്നു" എന്ന ശീർഷകത്തിൽ "ന്യൂയോർക്ക് ടൈംസ്" പത്രത്തിൽ അതിന്റെ റോമാലേഖകൻ അയച്ച ഒരു റിപ്പോർട്ട് പരസ്യപ്പെടുത്തിയിരിക്കുന്നതായി മദ്രാസിലെ "ഹിന്ദു"വിന്റെ അമേരിക്കയിലെ ലേഖകൻ എഴുതിയിരുന്ന ഒരു കുറിപ്പ് പ്രസ്തുത പത്രത്തിന്റെ ജനുവരി 19-ാംനു-യിലെ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ഇന്ത്യയിലെ മെത്രാസനസ്ഥാനികളുടെ നിയമനത്തിൽ തങ്ങളുടെ ചരിത്രപരമായ അവകാശങ്ങളെ പോർട്ടുഗൽ മറികടന്നിരിക്കുകയാണെന്നും, ഗ്രേഷ്യസ് തിരുമേനിയെ കർദ്ദിനാൾ പദത്തിലേക്ക് ഉയർത്തിയപ്പോൾ തങ്ങളോട് മാർപ്പാപ്പാ ആലോചിക്കാഞ്ഞതിൽ പോർട്ടുഗലിന് ആക്ഷേപമുണ്ടെന്നും, പുതിയ കർദ്ദിനാളന്മാരെ വത്തിക്കാനിലെ സ്ഥാനപതികൾ സന്ദർശിക്കണമെന്നുള്ള വത്തിക്കാൻ മര്യാദകളിൽപ്പെട്ട കർമ്മമുറകളിലും വത്തിക്കാനിലെ പോർട്ടുഗീസ് സ്ഥാനപതി ആ കർമ്മത്തിൽനിന്ന് ഒഴിഞ്ഞുമാറുവാൻവേണ്ടി സ്ഥലം വിടുകയാണുണ്ടായതെന്നും മററുമായിരുന്നു പ്രസ്തുത റിപ്പോർട്ടിന്റെ സാരം. എന്നാൽ പ്രസ്തുത റിപ്പോർട്ട് അടിസ്ഥാനരഹിതമാണെന്ന് പോർട്ടുഗീസ് ഗവർമ്മെണ്ട് ഔദ്യോഗികമായി പ്രസ്താവന പുറപ്പെടുവിച്ച വിവരം ഹിന്ദുവിന്റെ ജനുവരി 24-ാം ലക്കത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. "ബോംബെ ആർച്ചുബിഷപ്പായ മോൺസിഞ്ഞോർ വലേറിയൻ ഗ്രേഷ്യസിനെ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തിയതിൽ പോർട്ടുഗീസ് ഗവർമ്മെണ്ടിന് വിരോധമുണ്ടെന്ന് ചില വിദേശപത്രങ്ങളിൽ കണ്ട റിപ്പോർട്ടുകൾക്ക് യാതൊരടിസ്ഥാനവുമില്ല" എന്നായിരുന്നു ആ പ്രസ്താവന. മററു രാജ്യങ്ങളിലെ കർദ്ദിനാളന്മാരുടെ നിയമനത്തിലെന്നപോലെ പോർട്ടുഗൽ യാതൊരു നിലയും സ്വീകരിച്ചിട്ടില്ലെന്നും പ്രസ്താവനയിൽ പറഞ്ഞിട്ടുണ്ട്. ഗ്രേഷ്യസ് തിരുമേനിയുടെ നേരെ പോർട്ടുഗലിന് "ഏററവുമധികം പരിഗണനയും ബഹുമാനവും" ആണുള്ളതെന്നും, പ്രസ്താവനയിൽ വ്യക്തമായിരുന്നു. ഗ്രേഷ്യസ് തിരുമേനിയുടെ കുടുംബം പോർട്ടുഗീസ് പ്രജകളിൽ ഉൾപ്പെട്ടതാണെന്നും തിരുമേനിയുടെ ഭരണത്തിലുള്ള അതിരൂപതയിൽ പോർട്ടുഗീസുകാരായ അനേകം കത്തോലിക്കരുണ്ടെന്നും പ്രസ്താവനയിൽ ചൂണ്ടിക്കാണിച്ചിരുന്നു.

ചില പത്രക്കാർ വസ്തുതകൾ വകഞ്ഞുകെട്ടിയുണ്ടാക്കുന്ന [illegible] അപലപനത്തിന് ഒരു നല്ല ദൃഷ്ടാന്തം! ഹിന്ദുവിൽ കടന്നുകൂടിയ കള്ള റിപ്പോർട്ട് മുഴുവനും "കേരളകൗമുദി" പ്രസിദ്ധപ്പെടുത്തി. എന്നാൽ ആ കള്ളം നിഷേധിക്കുന്ന ഹിന്ദുവിലെ ഇടത്തുള്ള കുറിപ്പ് കൗമുദിയിൽ ഇതേവരെ (ജനുവരി 29) കാണുകയുണ്ടായില്ല. കൗമുദിയുടെ കള്ളപ്രചരണത്തിന്റെ വേറൊരു ദൃഷ്ടാന്തം!

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | 6—8—0 |
| ഇൻഡ്യക്കു പുറമെ | 8—0—0 |

## ഇടവകവാർത്തകൾ

കീഴക്കൊമ്പ്: യുവാക്കന്മാർക്കായുള്ള ഒരു ഏകാന്തധ്യാനം റവ ഫാ മാത്യു മങ്കുഴിക്കരിയുടെ നേതൃത്വത്തിൽ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു.

—കുളത്തുവയൽ: കത്തോലിക്കാ പ്രവർത്തനസംഘത്തിന്റെ വാർഷികം റവ ഫാ ജോസഫ് എടമരത്തിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. യോഗാനന്തരം "കോളേജ് വിദ്യാർത്ഥി", "പ്രതികാരം" എന്നീ പ്രഹസനങ്ങൾ അഭിനയിക്കപ്പെട്ടു.

—വല്ലാർപാടം: തിരുബാലസഖ്യത്തിൽ സ്ഥലത്തെ സഖ്യത്തിന്റെ വാർഷികം കൊണ്ടാടിയിരിക്കുന്നു. പൊതുയോഗത്തിൽ റവ ഫാ [illegible] ബെനഡിക്ട് ആദ്ധ്യക്ഷ്യം വഹിക്കുകയും ഡാ. എ എം റാഫേൽ, പി ഇ ജോർജ്ജ് എന്നിവർ പ്രസംഗിക്കുകയും ചെയ്തു.

—വായ്പൂര്: മിഷൻ പ്രവർത്തകയായ മിസ് എം എം ത്രേസ്യാമ്മ ഇന്റർമിഷനറിയിലേക്ക് പോകുന്നതുപ്രമാണിച്ച് ജനു. 25-ാംനു ഒരു യാത്രയയപ്പു നൽകപ്പെട്ടിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

### ബഡ്ജററുസമ്മേളനം

സംസ്ഥാനനിയമസഭയുടെ ബഡ്ജററുസമ്മേളനം ഫെബ്രുവരി 25-ാംനു ആരംഭിച്ച് മാർച്ച് 27-ാംനു വരെ തീർക്കാനാണെന്നറിയുന്നു.

### മുനിസിപ്പൽ തിരഞ്ഞെടുപ്പ്

തിരുകൊച്ചി മുനിസിപ്പൽ തിരഞ്ഞെടുപ്പിന്റെ ഫലം ഇതുവരെ അറിവായിട്ടുള്ളതു താഴെ ചേർക്കുന്നു:

| കൊല്ലം | |
|---|---|
| കോൺഗ്രസ് | 24 |
| സ്വതന്ത്രർ | 5 |
| ജനാധിപത്യമുന്നണി | 2 |
| ആർ. എസ്. പി. | 1 |

| മാവേലിക്കര | |
|---|---|
| കോൺഗ്രസ് | 11 |
| നായർസമാജസമിതി | 3 |
| സ്വതന്ത്രർ | 2 |

| ഇരിങ്ങാലക്കുട | |
|---|---|
| കോൺഗ്രസ് | 14 |
| കമ്മ്യൂണിസ്റ്റ് | 1 |
| സ്വതന്ത്രർ | 1 |

| എറണാകുളം | |
|---|---|
| കോൺഗ്രസ് | 25 |
| സ്വതന്ത്രർ | 7 |

| വടക്കൻ പറവൂർ | |
|---|---|
| കോൺഗ്രസ് | 13 |
| സ്വതന്ത്രർ | 2 |
| ജനാധിപത്യമുന്നണി | 1 |

| മട്ടാഞ്ചേരി | |
|---|---|
| കോൺഗ്രസ് | 24 |
| സ്വതന്ത്രർ | 4 |
| ഇന്ത്യൻ മുസ്ലീംലീഗ് യൂണിയൻ(?) | 3 |
| കെ. എസ്. പി. | 1 |

## ഇൻഡ്യാവാർത്തകൾ

### പഞ്ചാബ് ഗവർണ്ണർ

പഞ്ചാബ് ഗവർണ്ണറായിരുന്ന മി. എം. ത്രിവേദി പ്രസ്തുതോദ്യോഗം രാജിവച്ചതിനാൽ പകരം മി. സി. പി. എൻ. സിങ്ങിനെ പഞ്ചാബ് ഗവർണ്ണറായി പ്രസിഡണ്ട് നിയമിച്ചിരിക്കുന്നു. മി. സിങ്ങ് അടുത്തകാലംവരെ നിപ്പോളിലെ ഇൻഡ്യൻ സ്ഥാനപതിയായിരുന്നു.

### മദ്രാസിൽ ഉപതിരഞ്ഞെടുപ്പ്

മദ്രാസ് ലജിസ്ലേറ്റീവ് കൗൺസിലിലേക്ക് (ഉപരിസഭ) തിരഞ്ഞെടുപ്പു നടന്നതിൽ 24 സ്ഥാനങ്ങളുടേതു് അസാധുവാണെന്ന് ഇലക്ഷൻ ട്രിബ്യൂണൽ തീരുമാനിച്ചതിനെത്തുടർന്ന് പ്രസ്തുത സ്ഥാനങ്ങളിലേക്ക് വീണ്ടും തിരഞ്ഞെടുപ്പുനടത്തുവാൻ ഇലക്ഷൻ കമ്മിഷൻ ആവശ്യപ്പെട്ടിരിക്കുന്നു. ഇതിലേക്കുള്ള പോളിംഗ് മാർച്ച് 6-ാംനു നടക്കുന്നതാണെന്നറിയുന്നു.

### കയററുമതി നിരോധനം

പഞ്ചസാരയും ശർക്കരയും വിദേശങ്ങളിലേക്ക കയററി അയക്കുന്നതിനെ ഇൻഡ്യാഗവർമ്മെന്റ നിരോധിച്ചിരിക്കുന്നു.

### കമ്മ്യൂണിററി പ്രോജക്ടുകൾ

കഴിഞ്ഞ ഒക്ടോബറിൽ ഇൻഡ്യയിലാകെ കൂടി 55 കമ്മ്യൂണിററി പ്രോജക്ടുകൾ ആരംഭിക്കുകയുണ്ടായല്ലോ. അടുത്ത സാമ്പത്തികവർഷത്തിൽ 55 കേന്ദ്രങ്ങൾകൂടി നടപ്പിൽവരുത്തുന്നതാണെന്നറിയുന്നു.

### പേപ്പൽസന്ദേശം

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ മൂന്നാം വാർഷികം പ്രമാണിച്ച് 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് ഒരാശംസാസന്ദേശം ഡൽഹി അപ്പസ്തോലിക്ക് ഇന്റർനൺഷ്യേച്ചറിലെ ചാർജ്ജ് ഡി അഫയേഴ്സ് വഴി ഇൻഡ്യൻ പ്രസിഡണ്ടിന് അയച്ചിരിക്കുന്നു.

### കൃതജ്ഞത

വിശുദ്ധ യൗസേപ്പു പിതാവിന്റെ മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എന്ന, സി. ജെ.

## മാർ ഗ്രിഗോറിയോസ് തിരുമനസ്സിലെ
# മെത്രാഭിഷേകം

അന്ത്യോർഡോസിലെ ടൈററുലർ ബിഷപ്പും തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാനുമായി നിയമിതനായിരിക്കുന്ന മാർ ഗ്രിഗോറിയോസ് (മാർ ബെനഡിക്ട്) തിരുമനസ്സിലെ മെത്രാൻസ്ഥാനാഭിഷേകം ജനുവരി 29-ാംനു പട്ടത്തു പ്രത്യേകം സജ്ജമാക്കിയിരുന്ന മനോഹരപന്തലിൽവച്ച് സാഘോഷം നടന്നിരിക്കുന്നു. തിരുവനന്തപുരം, വരാപ്പുഴ മെത്രാപ്പോലീത്താമാരും, [illegible], തിരുവല്ല, തിരുവനന്തപുരം, കൊല്ലം, കോട്ടയം, കോട്ടാർ, തൃശ്ശിനാപ്പള്ളി, കോയമ്പത്തൂർ, തൃശ്ശൂർ, വിജയപുരം, ആലപ്പുഴ, കൊച്ചി എന്നീ മെത്രാന്മാരും 400-ഓളം പുരോഹിതന്മാരും മററനേകം പ്രശസ്താതിഥികളും അഭിഷേകച്ചടങ്ങുകളിൽ സംബന്ധിച്ചിരുന്നു.

കാലത്തെ 7 മണിക്കുമുമ്പായി നിയുക്തമെത്രാൻ തിരുമേനി അരമനയിൽനിന്നും ഘോഷയാത്രയായി പന്തലിലേക്ക് ആനയിക്കപ്പെട്ടു. പാളയം മെത്രാൻ ഡോക്ടർ വയലിൽ തിരുമനസ്സുകൊണ്ട് അഭിനവമെത്രാനെ അനുമോദിച്ചുകൊണ്ട് ഒരു പ്രസംഗം ചെയ്തു. വെരി റവ ഫാ ഫ്രാൻസിസ് ഡി സെയിൽസ് ടി ഒ സി ഡി, മാർ ബെനഡിക്ട് തിരുമേനിയെ സഹായമെത്രാനായി നിയമിച്ചുകൊണ്ടുള്ള തിരുസിംഹാസനത്തിലെ ബുള്ളാ വായിച്ചു. ഉടനെ സ്ഥാനാഭിഷേകച്ചടങ്ങുകൾ മാർ ഈവാനിയോസ് തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും മാർ സേവേറിയോസ്, മാർ തോമസ് തറയിൽ എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. അതിനുശേഷം തിരുവനന്തപുരം അതിരൂപതയിലെ വിശ്വാസികളുടെ വകയായി ഒരു മംഗളപത്രം മോൺ. ചെപ്പാട്ട് പീലിപ്പോസ് റമ്പാൻ വായിച്ച് സഹായമെത്രാൻ തിരുമേനിക്ക സമർപ്പിച്ചു. മാർ ഈവാനിയോസ് തിരുമനസ്സിലെ അനാരോഗ്യകാലത്ത് ശുശ്രൂഷാകാര്യങ്ങൾ നടത്തി ഇപ്പോൾ സ്ഥാനമൊഴിയുന്ന വെരി റവ ഫാ സാമുവൽ ഒ ഐ സി അവർകൾക്കും ഒരു മംഗളപത്രം നൽകപ്പെടുകയുണ്ടായി. മംഗളപത്രത്തിനും മററു സമ്മാനങ്ങൾക്കും കൃതജ്ഞത പറഞ്ഞുകൊണ്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ചെയ്ത മറുപടിപ്രസംഗത്തിൽ, മുന്നൂറുവർഷങ്ങൾക്കുമുമ്പു നടന്ന സഭാഭിന്നതയുടെ അവസാനം കുറിക്കുന്നതിനും സാധുക്കളെ സമുദ്ധരിക്കുന്നതിനുംവേണ്ടി തന്റെ മുഴുവൻ കഴിവുകളും വിനിയോഗിക്കുന്നതാണെന്ന് പ്രതിജ്ഞ ചെയ്യുകയുണ്ടായി. വെരി റവ ഫാ സാമുവൽ തനിക്ക നൽകിയ മംഗളപത്രത്തിനു കൃതജ്ഞത പറഞ്ഞു. അനന്തരം ചടങ്ങുകളിൽ സംബന്ധിച്ചിരുന്ന തിരുമേനിമാർക്കും പുരോഹിതന്മാർക്കും പ്രമുഖവ്യക്തികൾക്കും മധു നൽകപ്പെട്ടു. വൈകുന്നേരം 4-30-ന് പന്തലിൽവച്ചു നടത്തപ്പെട്ട ഡിന്നർ പാർട്ടിയിൽ 1500-ഓളം പ്രശസ്താതിഥികൾ സംബന്ധിക്കുകയുണ്ടായി.

———

കുടുംബപംക്തി

# കത്തോലിക്കാകുടുംബവും അനുകമ്പയും

(ഫാദർ ജോസഫ പുതിയാപറമ്പിൽ ബി. എ.)

"ബധിരർക്ക കേൾക്കാവുന്നതും അന്ധർക്ക കാണാവുന്നതുമായ ഒരു ഭാഷയുണ്ട്—അനുകമ്പ." (ബോവി)

കുടുംബവൃന്ദകൾ വച്ചുപിടിപ്പിക്കുന്നതിനും ഇല്ലാതാക്കുന്നതിനും ദൈവം എന്തെങ്കിലും ഒപ്പംപഴി ലോകത്തിനു പ്രദാനംചെയ്തിട്ടുണ്ടോ? ഉണ്ട്, അതാണ് കുടുംബാംഗങ്ങൾ തമ്മിലുള്ള അനുകമ്പയും സ്നേഹവും. അനുകമ്പ സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം. കുടുംബാംഗങ്ങളെ എല്ലാവരേയും സ്നേഹത്തിലും ഐക്യത്തിലും യോജിപ്പിക്കുന്ന ഒരു ശൃംഖലയത്രേ അനുകമ്പ. മനുഷ്യസമുദായത്തിൽ അനുകമ്പയുടെ അഭാവം എപ്പോൾ ഉണ്ടാകുന്നുവോ അപ്പോൾ ലോകം വിരസവും ശാപഗ്രസ്തവുമായ സ്ഥലമായിത്തീരുന്നു. മൃഗജാതിയിൽപ്പോലും അനുകമ്പ കാണാവുന്നതാണ്. കങ്കാരു മൃഗം (Kangaroo) നായാട്ടുകാരാൽ അനുധാവനം ചെയ്യപ്പെടുമ്പോൾ അവരുടെ അനുകമ്പയെ ഉളവാക്കുന്നതിനുവേണ്ടി തള്ളമൃഗം അതിന്റെ കുഞ്ഞിനെ ഉയർത്തിപ്പിടിച്ചു നായാട്ടുകാരെ കാണിക്കുന്നു.

പാപം ഒഴിച്ചു എല്ലാ സംഗതികളിലും ക്രിസ്തു നമ്മെപ്പോലെ ഒരു മനുഷ്യനായിരുന്നു. അസൂയ വിദ്വേഷം ക്രൗര്യം എന്നിവ അവിടുത്തെ ഹൃദയത്തിൽ ഉണ്ടായിരുന്നില്ല. മനുഷ്യഹൃദയമായിരുന്ന അവിടുത്തെ ഹൃദയം അനുകമ്പാപൂർണ്ണമായിരുന്നു. ലാസറിന്റെ കബറിടത്തിൽ അവിടുന്നു കരഞ്ഞുവെന്നും ജനസമൂഹത്തെ നോക്കി വിലപിച്ചുവെന്നും നാം വായിക്കുന്നു. ശിശുക്കളെ അവിടുത്തെ സവിധത്തിൽ വിളിച്ചുവരുത്തി സന്തോഷചിത്തരാക്കി. പാപികളുടെ നേരെയും അവിടുന്ന് അനുകമ്പയുള്ളവനായിരുന്നു. സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവാനും ദുഃഖിക്കുന്നവരോടുകൂടെ ദുഃഖിക്കുവാനും [illegible] ക്രിസ്തുനാഥൻ. നമ്മുടെ പൂർവ്വപിതാക്കന്മാരുടെ [illegible] അനുകമ്പയ്ക്ക് പ്രധാനസ്ഥാനമുണ്ടായിരുന്നു. അത് അചേതനവും സചേതനവുമായ വസ്തുക്കളിൽ വസിക്കുന്നുണ്ടെന്ന് അവർ വിശ്വസിച്ചിരുന്നു. [illegible] ഈ വിശ്വാസം പ്രകാശിപ്പിച്ചിരുന്നു. [illegible] ഐതിഹ്യങ്ങളും അവർ രചിച്ചിട്ടുണ്ട്. [illegible]

[illegible]

ത്താവിന്റെ ജ്ഞാനമൂലം മർദ്ദിച്ചു ഭാര്യ അദ്ദേഹത്തെ വരിപ്പിച്ചു വിവരം ചോദിച്ചറിഞ്ഞു. ഉടനെതന്നെ ആ ധീരവനിത മരുത്യത്തിന്റെ കാഠിന്യം കുറയ്ക്കുന്നതിന് തിരക്കിട്ട് [illegible] മഷിയും പേനയും കടലാസ്സും ഭർത്താവിനെ ഏല്പിച്ചു. അനന്തരം അദ്ദേഹത്തിന്റെ തോളിൽ തടവിക്കൊണ്ടു പറഞ്ഞു: "ഇനി നിങ്ങൾക്ക നിങ്ങളുടെ ഗ്രന്ഥരചന ആരംഭിക്കാം." പെട്ടെന്ന് നിരാശയും ജ്ഞാനതയുമകന്ന കാർമേഘപടലം അപ്രത്യക്ഷമായി. വിശ്രവിഖ്യാതമായ അദ്ദേഹത്തിന്റെ കൃതികൾ നിർമ്മിക്കുന്നതിൽ അദ്ദേഹം ഉദ്യുക്തനായി. അത് ലോകത്തിന്റെ ആദരവിനും പ്രീതിക്കും വിഷയമായി. ഇതിനെല്ലാം കാരണം അദ്ദേഹത്തിന്റെ പ്രിയതമയുടെ അനുകമ്പാനിർഭരമായ വചസ്സുകളായിരുന്നു. ഇപ്രകാരമുള്ള അവസരങ്ങൾ കത്തോലിക്കാ കുടുംബങ്ങളിലും ധാരാളമായി ഉണ്ടാകുന്നില്ലേ? പ്രഭാതം മുതൽ പ്രദോഷംവരെയുള്ള ആഫീസ് ജോലിയും കഴിഞ്ഞ് ഒരു ഗൃഹനായകൻ നിരാശ്ശധീനനായി ഭവനത്തിന്റെ ഒരു കോണിൽ ഇരിക്കുന്നുവെന്നു വിചാരിക്കുക. കളിക്കുന്നതിനും ഭ[illegible]ക്ഷിക്കുന്നതിനുമുള്ള സമയമായിട്ടും ഭർത്താവ് ചിന്തയിൽനിന്നും ഉണരുന്നില്ല. [illegible]

[illegible]

കൂടിയ വിനാശികകളും, അതോ സഹോദരനിൽ അനുകമ്പ പ്രദർശിപ്പിക്കുന്നതിൽ [illegible]

[illegible]


നിരാശപ്പെടേണ്ട!!
നിങ്ങളുടെ രോഗത്തിന്ന് എത്ര പഴക്കമുണ്ടായാലും വിരോധമില്ല; രോഗലക്ഷണങ്ങളുടെ മൂലകാരണങ്ങളും പ്രതിവിധികളും കണ്ടുപിടിക്കുവാൻ 500 പേജുള്ള
"അറിയേണ്ടും കാര്യങ്ങൾ"
എന്ന പുസ്തകം നിങ്ങളെ സഹായിക്കും. വില- 2 ക. മാത്രം.
കൂടുതൽ വിവരങ്ങൾക്ക് എഴുതുക:-
മാനേജർ, കാളൻ, നെല്ലായി.P.O.




നിത്യമായ സന്തോഷത്തിന്ന്
പണമാണ് മനുഷ്യനെ സന്തോഷവാനും ദുഃഖിതനുമാക്കുന്നത്. ജീവിതത്തിലെ ഓരോ പ്രധാന സന്ദർഭത്തിലും പണം അപരിത്യാജ്യമായ ഒരു വസ്തുവാണ്. എല്ലാ മാസത്തിലും നിങ്ങളുടെ വരുമാനത്തിൽ ഒരു ചില്ലറയായ അംശം ബാങ്കിൽ നിക്ഷേപിക്കുക. അങ്ങനെ ആ തുക വർദ്ധിച്ച് ചുരുങ്ങിയ ഒരു കാലയളവിനുള്ളിൽ അതു നിങ്ങൾക്ക് ധൈര്യവും പ്രയോജനവും തരുവാൻ തക്കവണ്ണം മതിയായ ഒരു സംഖ്യയായി രൂപാന്തരപ്പെടും. നിങ്ങളുടെ നിക്ഷേപങ്ങൾക്ക്
ദി കാത്തലിക്ക് ബാങ്ക് ഓഫ് ഇൻഡ്യാ ക്ലിപ്തം.
ഹെഡ് ആഫീസ്: ചങ്ങനാശ്ശേരി
ബ്രാഞ്ചുകൾ:
ആലപ്പുഴ — അതിരമ്പുഴ — കോഴിക്കോട്
ചങ്ങനാശ്ശേരി — എടത്വാ — കോട്ടയം
മണിമല — തിരുവനന്തപുരം
കാഞ്ഞിരപ്പള്ളി


Thanksgiving for favours received from Holy Family.
Augustine M. M.
Pachalam

## കച്ചവടക്കാരുടെ പ്രത്യേകശ്രദ്ധയ്ക്ക്.

[illegible] 22 1-53 മുതൽ 75 ക. യായി വില വർദ്ധിപ്പിച്ചിരിക്കുന്നു. ഇനിയും വില കൂടുവാനും സംശയിക്കുന്നു.


കൃഷി വർദ്ധിപ്പിക്കുക
[illegible]



കമ്മേർഷ്യൽ റൈസ് മിൽ,
കൊക്കാലെ — തൃശൂർ
Phone 102 Tel. CIARYEM

[illegible] കിട്ടുന്നതാണ്.
കമ്മേർഷ്യൽ റൈസ്മിൽ,
കൊക്കാലെ, തൃശൂർ
ഫോൺ: 102. കമ്പി: CIARYEM

# ചെറുകഥ

## ഹോട്ടൽ തൊഴിലാളി

(ചാരമ്മൂട്ട്)

ഞങ്ങളുടെ സംഘടനയ്ക്ക്—ഹോട്ടൽ തൊഴിലാളിയൂണിയന്—ശങ്കരൻകുട്ടിയുടെ അംഗത്വം ഒരു വലിയ പോരായ്മതന്നെ ആയിരുന്നു. എന്തെങ്കിലും ശങ്കരൻകുട്ടിയെ പിടിക്കൂടണമെന്നുതന്നെ ഞങ്ങൾ നിശ്ചയിച്ചു. സഖാക്കൾ ആ ചുമതല എന്നെ ഏല്പിച്ചു. നിഷ്പ്രയാസം അക്കാര്യം സാധിക്കാമെന്നു ഞാനും വിചാരിച്ചു. പക്ഷെ, ശങ്കരൻകുട്ടിയെ ഒന്നു കണ്ടിട്ടുവേണ്ടേ പിടികൂടാൻ? അങ്ങനെ ഇരിക്കുമ്പോഴാണ് ഒരു ഞായറാഴ്ച രാവിലെ അമ്പലത്തിൽപോയി മടങ്ങുന്ന ശങ്കരൻകുട്ടിയെ സഖാവു കുട്ടികൃഷ്ണൻ ചൂണ്ടിക്കാണിച്ചുതന്നത്. ഞാൻ പതുക്കെ അടുത്തുകൂടി. കുശലപ്രശ്നങ്ങൾക്കുശേഷം വിഷയത്തിലേക്കു പ്രവേശിച്ചു.

"നിങ്ങൾക്കൂടി ചേർന്ന് നമ്മുടെ ഹോട്ടൽതൊഴിലാളി സംഘടന ശക്തിപ്പെടുത്തണം. ഇനി അക്കാര്യത്തിൽ അമാന്തിക്കാൻ പാടില്ല. നിങ്ങൾക്ക് ആ സംഘടനയിൽ മാന്യമായ ഒരു സ്ഥാനം ലഭിക്കയും ചെയ്യും. മാത്രമല്ല, ഇനിയും നിങ്ങൾ ഒരു കൂലിക്കാരിയായി കഴിയുന്നതു് ഒരിക്കലും നിങ്ങൾക്കു ഭൂഷണമല്ല. നിങ്ങൾ ആ ഹോട്ടലിൽ നില്ക്കുന്നതുകൊണ്ട്, അവിടത്തെ മാനേജർക്ക് അല്പം ഉണ്ടുകൂടുതലുണ്ട്. അവരുടെ ആ ഊണു് ഒന്നു കുറയ്ക്കണം."

ശങ്ക: "മിസ്റ്റർ! ഇന്നത്തെ ഈ സംഘടനയിൽ ചേരാൻ ഞാനാഗ്രഹിക്കുന്നില്ല. സംഘടന ഉണ്ടായിരിക്കുന്നതു നല്ലതും പ്രയോജനപ്രദവുമാണ്. സമഷ്ടിയുടെ പൊതുവായ നന്മയായിരിക്കണം സംഘടനയുടെ ഉദ്ദേശം. ഇന്നത്തെ പല സംഘടനകളും നേരെ മറിച്ചുള്ള ലക്ഷ്യമുള്ളവയാണ്. എന്റെ ഇന്നോളമുള്ള അനുഭവംവച്ചുകൊണ്ടു നോക്കുമ്പോൾ, ഞാൻ ഈ സംഘടനയിൽ ചേരുന്നതു് ആത്മഹത്യാപരമായിരിക്കും. തിക്കും നഷ്ടകേടായിരിക്കും. 'സ്വാതന്ത്ര്യാളുകൾ സ്വയംകെട്ടി നശിക്കുമായിരിക്കും. ഞാൻ കൂലിക്കാരിയോ മററു വല്ല കൂലിയോ ആയിരിക്കാം ആകട്ടെ!"

ഞാ: "എന്താണു നിങ്ങളിങ്ങനെ പറയുന്നതു്? വ്യക്തമാക്കണം."

ശങ്ക: "വ്യക്തമാക്കണമെന്നാണെങ്കിൽ അതൊരു കഥപോലെ പറയേണ്ടിവരും. അതിനു സമയമില്ല."

ഞാ: പറയൂ, നമുക്കാ മരച്ചുവട്ടിലിരിക്കാം. ഞാൻ ആ കഥയൊന്നു കേൾക്കട്ടെ"

ശങ്ക: "നിർബന്ധമാണെങ്കിൽ പറയാം. ഇതു ഞാനല്ലം തമാശിച്ചു പറയലും വിഷമമുണ്ടാകയില്ല"

ഞങ്ങൾ വൃക്ഷച്ഛായയിലിരുന്നു. ശങ്കരൻകുട്ടി കഥ പറയാൻ ഇടങ്ങി.

ശങ്ക: "മാതാപിതാക്കന്മാരെ കുററം പറയുന്നതു ശരിയല്ല. എങ്കിലും അവരെ ക്കുറിച്ചും ചില പരമാർത്ഥകഥനങ്ങൾ—അനുഭവകഥകൾ—ആരെക്കെങ്കിലും ഉപകാരപ്രദമാകയില്ലായ്കയില്ല. മററുള്ളവരുടെ ജീവിതം ഗുണമായാലും ദോഷമായാലും, അതിൽനിന്നും ചില പാഠങ്ങൾ പഠിക്കണം, അവരവരുടെ ജീവിതഗതികൾ പ്രയോജനപ്രദമാംവണ്ണം രൂപപ്പെടുത്താനും സഹായിക്കുന്നതാണല്ലോ! ഇല്ലതിനെ തള്ളുകയും കൊള്ളേണ്ടതിനെ കൊള്ളുകയും ചെയ്യട്ടെ!

ഞങ്ങളുടെ അച്ഛൻ പൊട്ടനാണെ ഒരു ദിവസം മരിക്കയാണുണ്ടായതു്. അന്നും പതിവുപോലെ അദ്ദേഹം മദ്യപിച്ചിട്ടുണ്ടായിരുന്നു. ചാരായത്തിന്റെ ആധിക്യമാണു പെട്ടെന്നുള്ള മരണത്തിനു കാരണമെന്നു ഡോക്ടർ പറകയുണ്ടായി. പതിവിലധികമൊന്നും അന്നദ്ദേഹം കുടിച്ചിട്ടുണ്ടായിരുന്നില്ല. "അധികം വേണമെന്നില്ല, ചിലപ്പോൾ പതിവിലല്പം കുറഞ്ഞതുതന്നെയും പെട്ടെന്നുള്ള മരണത്തിനു കാരണമാകും" എന്നത്രെ ഡോക്ടർ പറഞ്ഞതു്.

അച്ഛനുള്ളപ്പോൾ ഒരു ദിവസമെങ്കിലും സമാധാനമായി ഞങ്ങൾ ഉറങ്ങിയിട്ടുള്ളതായി എനിക്കറിഞ്ഞുകൂടാ. നഞ്ഞെ എപ്പിക്കുന്നുള്ളപ്പോലെ ഞങ്ങൾ—കുഞ്ഞുങ്ങൾ—ഭയന്നുവിറച്ചിട്ടുള്ള സന്ദർഭങ്ങൾ ഓർക്കുമ്പോൾ ഇപ്പോഴും ഉൾക്കിടുകും ഉണ്ടാകുന്നു. ഇന്നെനിക്കു് അക്കാര്യങ്ങൾ ഓർക്കുമ്പോൾ ലജ്ജയാകുന്നു. അമ്മ അനുഭവിച്ചിട്ടുള്ള വേദനാപാരമ്യം അവർണ്ണനീയമാണ്. ഓരോ ദിവസത്തേയും കഥകൾ! അയ്യോ! എനിക്കു ഭയമാകുന്നു. പോകട്ടെ! അങ്ങനെ മൂന്നു കുഞ്ഞുങ്ങളേയും, ഇര

## രണ്ടാം ചരമവാർഷികം



പാറയ്ക്കൽ ഔസേപ്പു ഭാര്യ ഏലിശാ
(ത്തൊക്കൽ)
ജനനം: 21—3—1884
മരണം: 30—1—1951
"കർത്താവേ, നിത്യവിശ്രമം ഇവൾക്കു കൊടുത്തരുളേണമെ."

R. I. P.

By her beloved children

നാംപക്കീക്കതം ഉദററിക്കടിച്ചു തള്ളി കളുത്തതുപോലുള്ള തള്ളയേയും നിരാധാരമാക്കിയിട്ട് അച്ഛൻ കടന്നുപോയി

ഞങ്ങൾ—'കുടിയന്റെ മക്കൾ! നീചർ!' നിങ്ങൾ ആരെ ചാരവച്ചിരുന്നാകണം! ഞങ്ങളുടെ അവസ്ഥ! അച്ഛൻ മരിക്കുമ്പോൾ എനിക്കു പത്തു വയസ്സു പ്രായമുണ്ട് എനിക്കിളയ മൂന്നു പേർ. വസ്തുവകകളെല്ലാം അച്ഛൻ നേരത്തേ നശിപ്പിച്ചുകഴിഞ്ഞിരുന്നു.

ഞങ്ങൾ ഒരു വസ്തുപുരയിടത്തിൽ, കുറച്ചുകൂടെ താഴെ—അയാളുടെ വസ്തുവിൽ കുടിച്ചുകെട്ടിയ കുടിലിൽ—കഴിയുമ്പോഴാണു് അച്ഛന്റെ മരണം. ഞങ്ങൾ താമസിച്ച ആ വസ്തുവിന്റെ ഉടമസ്ഥന്റെ വീട്ടിൽ മെല്ലുകുത്തിക്കൊടുത്തു കിട്ടുന്ന പ്രതിഫലംകൊണ്ടു അച്ഛൻ


# ഫെഡറൽ ബാങ്ക് ലിമിററഡ്

ഹെഡാഫീസ്: ആലുവാ

ബ്രാഞ്ചുകൾ: എറണാകുളം, ചാലക്കുടി, പെരുമ്പാവൂർ, അങ്കമാലി

ബാങ്കു തലയാളായി

പ്രതിമാസലേലച്ചിട്ടി ആരംഭിക്കുന്നു

56 മാസം — നറുക്ക് ഒന്നിന് 100ക — സല 5600ക.

ആദ്യലേലം: 1953 ഫെബ്രുവരി 12-ാം തീയതി

ഹെഡാഫീസിൽവച്ചു് കുറിയിൽ 1/16-ന്റെ വരിക്കാവരെ ചേർക്കുന്നതായിരിക്കും.

കൂടുതൽ വിവരങ്ങൾക്കും അപേക്ഷാഫാറങ്ങൾക്കും ഹെഡാഫീസിലോ ബ്രാഞ്ചുകളിലോ അന്വേഷിക്കുക.

ഡയറക്ടർമാർ

ക്യാപ്റ്റൻ ഫ്രാൻസിസ് പാറയിൽ, B. A., M. B. B. S., D. A. (Eng.) (ചെയർമാൻ)
ശ്രീ ഡോക്ടർ ഇ. കെ. മാധവൻ, Ex. Minister, പറവൂർ
" ജ. ജെ. മത്തായി, മുൻസിപ്പൽ ചെയർമാൻ, ആലുവാ
" കെ. സി. എം. മേത്തർ, Ex. M. L. A., എറണാകുളം
" എബ്രഹാം വടക്കേക്കര, ലാൻഡ്‌ലോർഡ്, ആലുവാ
" പോൾ മാമ്പിളി, ലാൻഡ്‌ലോർഡ്, ഇരവൂർ
" കെ. സി. എബ്രഹാം B. A. L. T., അയ്യമ്പിള്ളി
" കെ. പി. ഉറുമീസ് B. A. B. L. (മാനേജിങ്ങ് ഡയറക്ടർ)


നേരും പൊറററണമാം അമ്മ സസന്തോഷം വഹിച്ചിരുന്നുവെന്നുള്ള പരമാർത്ഥംകൂടി പറഞ്ഞുകൊള്ളട്ടെ! എങ്കിലും, എന്തുകൊണ്ടോ, അച്ഛന്റെ മരണം ഞങ്ങൾക്കു പൊതുവേ സങ്കടകാരണമായിരുന്നു. അച്ഛന്റെ മരണശേഷമാണു ഞങ്ങൾ അനാഥരെന്നു ഞങ്ങൾക്കു തോന്നിത്തുടങ്ങിയതു്. നാഴിയരിക്കു വിലപ്പിടിപ്പുള്ള ഒരു പാത്രംപോലും ഞങ്ങളുടെ വീട്ടിൽ അവശേഷിച്ചിരുന്നില്ല.

ഈ അവസ്ഥയിൽ, ഇതൊക്കെ ഗ്രഹിച്ചു്, പാവപ്പെട്ട അമ്മയുടെ കഷ്ടപ്പാടിന്റെ ഫലത്തിൽനിന്നും ഒരോഹരി അനുഭവിച്ചുകൊണ്ടു കഴിയാൻ എനിക്കു ശക്തിയില്ലാതെയായി. എന്തെങ്കിലും ഒരു തൊഴിൽ ചെയ്തു കാശുണ്ടാക്കാൻ തക്കവണ്ണം എനിക്കു പരിചയമോ, കഴിവോ, അതിനുള്ള പ്രായമോ ഉണ്ടായിരുന്നില്ല എങ്കിലും ഞങ്ങളുടെ നില ഗ്രഹിക്കാനുള്ള കഴിവു് എനിക്കുണ്ടായിരുന്നു.

"നാഴി അരിക്കു വക എന്റെ അമ്മയ്ക്കു് അന്വേഷിച്ചുകൊടുക്കാൻ കഴിഞ്ഞിരുന്നെങ്കിൽ! ഹാ! എന്റെ ദൈവമേ, അമ്മയുടെ കഷ്ടപ്പാടിനു് അല്പമെങ്കിലും ആശ്വാസമുണ്ടാക്കാൻ എനിക്കു സാധ്യമായിരുന്നെങ്കിൽ!"— എന്നിങ്ങനെ അനുസ്യൂതമായി ഞാൻ ചിന്തിച്ചു. ഈ ചിന്തമൂലം ഉറക്കമില്ലാതെ പല രാത്രികൾ ഞാൻ കഴിച്ചിട്ടുണ്ടു്. ഞാൻ വല്ലാതെ അസ്വസ്ഥനായിരുന്നു. സങ്കടജനകമായ ഒരവസ്ഥാഭേദം അമ്മ എന്നിൽ ദർശിച്ചു. അതു് അമ്മയ്ക്കു കൂനിൽ കുരുവെന്നപോലെ പ്രയാസം വർദ്ധിപ്പിച്ചു.

എന്തിനു്, ഒരുദിവസം ഞാൻ സ്ഥലംവിട്ടു. അമ്മയോടുപോലും പറയാതെ. എനിക്കങ്ങനെ തോന്നി. എന്റെ ഈ വേർപാടു് പെററമ്മയെ എത്രമാത്രം വേദനിപ്പിച്ചിരുന്നു പറഞ്ഞറിയിക്കാവതല്ല. പറയാതെ ഇറങ്ങിപ്പോയതു്; ഞാൻ അമ്മയോടു ചെയ്ത ഏ


കാളൻ, നെല്ലായി

ഈ ദിവസത്തിൽ രോഗവിവരങ്ങൾ വിശദമായി എഴുതി അയക്കുന്നവർക്കു് ആവശ്യമായ ഔഷധോപദേശങ്ങൾ ഉടനെ ലഭിക്കുന്നതാണ്.


For favours received
through the intercession of
**SR. ALPHONSA**
A. M. Pattithanam

ററം വലിയ അപരാധമായിരുന്നു. പറഞ്ഞാൽ ഇറങ്ങിപ്പോകാൻ സാധ്യവുമായിരുന്നില്ല. എങ്കിലും അങ്ങനെയൊന്നു സംഭവിച്ചു. അങ്ങനെ ഞാനും അമ്മയെ കരയിച്ചു.

ഞങ്ങളുടെ ഗ്രാമത്തിൽനിന്നും പന്ത്രണ്ടുമൈൽ അകലമുണ്ടു് ഈ പട്ടണത്തിലേക്കു് പകൽ പന്ത്രണ്ടിയോടുകൂടി ഞാൻ ഈ സ്ഥലത്തു്—പട്ടണത്തിൽ—വന്നുചേർന്നു. ഒരു പാത്രം ചൂടുവെള്ളം കിട്ടിയാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിച്ചു പക്ഷെ, എന്തു നിവൃത്തി! കൈയിൽ കാശില്ല. അന്നോളം ആരോടും ഒന്നും ഇരന്നിട്ടില്ലാത്ത ആ പരിചയക്കുറവു് പത്രണ്ടരമണി കഴിഞ്ഞിട്ടും എന്നെ വലിച്ചിഴച്ചുകൊണ്ടുപോയി. ഞാൻ വല്ലാതെ തളർന്നു.

ഒരുനേരംമാത്രം ഭക്ഷണം—അതും ഴം—തയ്യാറാക്കുന്ന എന്റെ പാവപ്പെട്ടവീട്ടിൽ അത്താഴത്തിന്റെ ഉച്ഛിഷ്ടമായ പഴങ്കഞ്ഞിയെപ്പററി ഞാനോർത്തു! നെല്ലുകുത്താൻ പോകുന്ന അമ്മയോടൊത്തുപോകുന്ന മററു രണ്ടു കുഞ്ഞുങ്ങൾക്കും അമ്മയ്ക്കും ഉച്ചയ്ക്കു് അവിടെ ആഹാരം കിട്ടും. ആ വീട്ടിൽനിന്നും അമ്മ കൊണ്ടുവരുന്ന ഒരു "പങ്കു" എനിക്കും തൃപ്തിനൽകിയിരുന്നു. അങ്ങനെ വാത്സല്യനിധിയായ അമ്മയുടെ തൃക്കൈയിൽനിന്നു കിട്ടിയിരുന്ന ആ മരപ്പൊടിതന്നെയാണു് ഞങ്ങൾ കുഞ്ഞുങ്ങൾ കഴിഞ്ഞിരുന്നതു്.

എന്തെങ്കിലും ജോലി സമ്പാദിച്ചു് അമ്മയെ സഹായിക്കണമെന്നുള്ള ഉദ്ദേശത്തിന്റെ വികാരത്തോടുകൂടെയാണു് എന്നെ പട്ടണത്തിലേക്കു നയിച്ചതു്. പക്ഷേ, പട്ടണത്തിലെത്തിയപ്പോഴാണ്,

(ശേഷം 5-ാം പേജിൽ)


# വില്പനയ്ക്കു തയ്യാർ

ഡബിൾസ്, ഹാർമ്മോണിയം, ബൾബ്ബുകൾ, ഫ്ളൂട്ട്, മൗത്തു് ഓർഗൻ, ഡ്രോയിങ്ങ്ചട്ടകൾ മുതലായവ.

ഓർഡർ ചെയ്യാനും ആവശ്യപ്പെടുക:—
സെന്റ തെരേസ് ബുക്ക് ഡെപ്പോ
ആൻഡ് ആർട്ട് ഹോം,
മണർകാട്, T. C.

# വിമർശനവീഥി

## വർഗ്ഗീയപത്രങ്ങളെ നെഹ്‌റു അപലപിക്കുന്നു

ഇക്കഴിഞ്ഞ നാഷണൽ കോൺഗ്രസ്സ് വാർഷികത്തിൽ നെഹ്‌റു ചെയ്ത സുദീർഘമായ അദ്ധ്യക്ഷപ്രസംഗത്തിൽ വർഗ്ഗീയതയേയും വർഗ്ഗീയപത്രങ്ങളേയും അതിശക്തിയായി അപലപിച്ചു.

"ഈ രാജ്യത്ത് വർഗ്ഗീയതയില്ലെന്നും പണ്ഡിററ് നെഹ്‌റു എപ്പോഴും വർഗ്ഗീയതയെപ്പററി ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നതെന്തിനെന്നും ഈ പത്രങ്ങൾ എഴുതിവിടുകയും ചോദിക്കുകയും ചെയ്യുന്നു. ഈ പത്രങ്ങൾ വർഗ്ഗീയത നിറഞ്ഞവയാണ്. എന്നാൽ മാധ്യമികാവകാശത്തിന്റെ പേരിൽ എല്ലാവക നുണകളും പ്രസിദ്ധം ചെയ്യുവാനുള്ള പരിപൂർണ്ണമായ ലൈസൻസ് വേണമെന്നാണ് അവരുടെ ഭാവം. ജനതയെ വർഗ്ഗീയതത്വത്തിലേക്ക് ഇളക്കിവിടാൻ ഈ പത്രങ്ങൾ ശ്രമിക്കുന്നു. നുണ പറഞ്ഞ് തൃപ്തിയടയുന്നതിനുവേണ്ടി ഏററവും നീചമായ നിലയിലേക്ക് ഈ പത്രങ്ങൾ താഴുന്നു. ജനങ്ങളുടെയിടയിൽ ഭിന്നതകൾ ഇളക്കിവിടുന്നതിന് ഈ അധഃപതനനിലയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ ഏതെങ്കിലും പത്രത്തിനോ പത്രപ്രവർത്തകനോ കഴിയുന്നതെങ്ങനെയെന്ന് എനിക്കാശ്ചര്യമാണ്. രാജ്യത്തെ കെട്ടിപ്പടുക്കുന്നതിനുള്ള സംരംഭങ്ങളെ ശിഥിലമാക്കുവാൻ ഏതെങ്കിലും വ്യക്തിയോ വ്യക്തികളുടെ ഗണമോ ശ്രമിക്കുന്നുണ്ട്, അപ്പോൾ അക്രമിക്കുന്നു. അത്തരം പത്രങ്ങളെ നിയമംമൂലം മാത്രം ശരിപ്പെടുത്തുക സാദ്ധ്യമല്ല. ആകയാൽ അവയെ പ്രോത്സാഹിപ്പിക്കാതിരിക്കുന്നതു തീരുമാനിക്കേണ്ടത് ജനങ്ങളാണ്. ഉത്തരവാദിത്വമുള്ള പത്രങ്ങളുടേയും പത്രപ്രവർത്തകന്മാരുടേയും സംഘടനകൾക്കും ഇക്കാര്യത്തിൽ ഒരു ചുമതലയുണ്ട്." ഡൽഹിയിലേയും ബൊംബായിലേയും ചില പത്രങ്ങളെപ്പററി അവയുടെ പേരുകൾ പറയാതെ പണ്ഡിറ്റ്ജി പരാമർശിച്ചു. "അവ പച്ചനുണകൾ നിറഞ്ഞവയാണ്. ഈ പത്രങ്ങൾ പത്രങ്ങളല്ല, പ്രത്യുത വൻപിച്ചതോതിൽ നുണകൾ വാർത്തെടുക്കുന്ന ഫാക്ടറികളാണ് എന്നു തോന്നിപ്പോകും. അവ അധികവും പ്രസിദ്ധപ്പെടുത്തുന്നത് കിംവദന്തികളോ തെററായ വാർത്തകളോപോലുമല്ല; പ്രത്യുത ഈ പത്രങ്ങളുടെ അധിപന്മാരുടെ മനസ്സിന്റെ സൃഷ്ടികളാണ്."

### തിരു-കൊച്ചിയിലെ ചില പത്രങ്ങൾ

കോൺഗ്രസ്സ് പ്രസിഡണ്ടും പ്രധാനമന്ത്രിയുമായ നെഹ്‌റുവിന്റെ ഈ അപലപനങ്ങൾ തിരു-കൊച്ചിയിലെ ചില പത്രങ്ങൾക്ക്, "കേരളകൗമുദിക്ക്" പ്രത്യേകിച്ചും കുറിക്കുകൊള്ളുന്നവയാണ്. ദീപികയുടെ ഒരു മുഖപ്രസംഗത്തെ വിമർശിച്ച് "ആരാണ് കററുകാർ" എന്ന ശീർഷകത്തിൽ കേരളകൗമുദി പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിലെ ചില വാക്യങ്ങൾ കഴിഞ്ഞലക്കത്തിൽ ഞങ്ങൾ പരാമർശിച്ചിരുന്നല്ലോ. 'ജനതയെ വർഗ്ഗീയതത്വത്തിലേക്ക് ഇളക്കിവിടാൻ ഈ പത്രങ്ങൾ ശ്രമിക്കുന്നു' എന്ന അപലപനം അർഹിക്കുന്ന പല വാക്യങ്ങളും പ്രസ്തുത മുഖപ്രസംഗത്തിൽ ഉണ്ട്. അവയിൽ ഒന്നു കാണുക. "ഹിന്ദുമതത്തിന്റെ വൈശിഷ്ട്യത്തെപ്പററി വിമ്പിളക്കിനടന്നു സമുദായവൃക്ഷണം നടത്തുന്ന ചില ഹൈന്ദവസംഘടനകളും ഹൈന്ദവനേതാക്കന്മാരും ഈ രാജ്യത്തുണ്ട്. അവർ ഉറങ്ങുകയാണ്. അവർ അവരുടെ നെട്ടമോഹനിദ്രയിൽനിന്ന് ഉണരുകമാത്രമാണ് ദീപികയുടെ ഈ അവിവേകത്തിനും അഹങ്കാരത്തിനുമുള്ള മറുപടി." വർഗ്ഗീയതത്വത്തിലേക്കിളക്കിവിടാൻ ഏററവും പററിയ വാക്കുകൾ തന്നെ!! "നുണപറഞ്ഞ്" തൃപ്തിയടയുന്നതിനുവേണ്ടി ഏററവും നീചമായ നിലയിലേക്ക് ഈ പത്രങ്ങൾ താഴുന്നു" എന്ന അപലപനത്തെ സാധൂകരിക്കുന്നതല്ലയോ പ്രസ്തുത മുഖപ്രസംഗത്തിലെ ഈ വാക്യം: "വടക്ക് മുസ്ലീംരാജ്യമായ പാകിസ്ഥാൻ ഒരു വിശുദ്ധയുദ്ധത്തിന്റെ പടഹധ്വനി മുഴക്കുമ്പോൾ, ഒരിക്കൽ മരിച്ച കുരിശുയുദ്ധത്തിന്റെ തമ്പേറു മുഴക്കുകയാണ് കത്തോലിക്കാമെത്രാന്മാർ ചെയ്തിരിക്കുന്നു." കത്തോലിക്കാമെത്രാന്മാരെ ചെളിവാരിയെറിയുവാൻ ഏററവും നീചമായ നിലയിലേക്കുള്ള താഴ്ചയല്ലേ ഇത്? 'ഈ പത്രങ്ങൾ പത്രങ്ങളല്ല; വൻപിച്ചതോതിൽ നുണകൾ വാർത്തെടുക്കുന്ന ഫാക്ടറികളാണെന്നു തോന്നിപ്പോകും' എന്ന അപലപനം തികച്ചും യഥാർത്ഥമാണെന്നു തെളിയിക്കുന്ന വാക്യം പ്രസ്തുത മുഖപ്രസംഗത്തിലുള്ളതു കാണണമോ? "ലോകപുരോഗതിക്കു പ്രതിബന്ധമായി നില്ക്കുന്ന റോമാസിംഹാസനത്തിനു ഭാരതത്തെ അടിയറവച്ചു പാശ്ചാത്യശക്തികൾക്കു വീണ്ടും അങ്ങനെ വിധേയമാക്കാനുള്ള ഈ നശീകരണസംരംഭത്തെ രാജ്യാഭിമാനമുള്ള ഭാരതീയൻ അസഹിഷ്ണുതയോടെ നോക്കിനില്ക്കണമെന്നാണോ ഭാരതകത്തോലിക്കരായ [illegible] നമ്മെ ശാസിക്കുന്നതെന്ന് വിനയപുരസ്സരം ഞങ്ങൾ ചോദിച്ചുകൊള്ളുന്നു." റോമാസിംഹാസനം ലോകപുരോഗതിക്കു പ്രതിബന്ധമായി നില്ക്കുകയാണെന്നു പ്രസ്താവിക്കുന്ന പത്രം വൻപിച്ചതോതിൽ നുണകൾ വാർത്തെടുക്കുന്ന ഫാക്ടറി തന്നെയാണെന്നതിന് ഗ്ലാഡ്സ്റ്റൺ എന്ന മഹാന്റെ—ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന, കഴിഞ്ഞ നൂററാണ്ടിലെ ഏററവും വലിയ ഇംഗ്ലീഷ് രാജ്യതന്ത്രജ്ഞനായിരുന്ന, ഗ്ലാഡ്സ്റ്റന്റെ—വാക്കുകൾ സാക്ഷ്യംവഹിക്കുന്നു:—"റോമൻ കത്തോലിക്കാസഭ (കോൺസ്റ്റന്റയിന്റെ കാലത്തിനുശേഷം) ആയിരത്തി അഞ്ഞൂറുവർഷങ്ങളായി, നാഗരികതയുടെ തലപ്പത്ത് മാർച്ചുചെയ്തുകൊണ്ടിരിക്കുകയാണ്; യാത്രചെയ്യുന്ന വണ്ടിക്കു കുതിരകളെന്നപോലെ അവൾ തന്റെ രഥത്തോട്, ലോകത്തിലെ പ്രധാനപ്പെട്ട മാനസികവും ഭൗതികവുമായ ശക്തികളെ ഘടിപ്പിച്ചിരിക്കുകയുമാണ്: അവളുടെ കലാവൈദഗ്ദ്ധ്യം, ലോകത്തിന്റെ കലാവൈദഗ്ദ്ധ്യം; അവളുടെ ബുദ്ധിശക്തി, ലോകത്തിന്റെ ബുദ്ധിശക്തി; അവളുടെ മഹത്വവും പ്രാഭവവും മഹിമാവും പ്രശാന്തഗാംഭീര്യവുമാണ്, പരിപൂർണ്ണമായിട്ടല്ലെങ്കിലും, മിക്കവാറും ഈ വിഷയങ്ങളിൽ ലോകത്തിന് അഭിമാനഹേതുകമായി വന്നിട്ടുള്ളത്."

### മംഗളപത്രത്തിലെ സാക്ഷ്യം

ഭാരതത്തിലെ കത്തോലിക്കരുടെ മതപ്രചരണോത്സാഹം, റോമാസിംഹാസനത്തിനു ഭാരതത്തെ അടിയറവച്ച് പാശ്ചാത്യശക്തികൾക്ക് വീണ്ടും അതിനെ വിധേയമാക്കാനുള്ള നശീകരണസംരംഭമാണെന്ന പ്രസ്താവവും പത്രമാകുന്ന ഫാക്ടറിയിൽ വാർത്തെടുത്ത വൻപിച്ചതോതിലുള്ള നുണതന്നെ. ഈ വസ്തുതയ്ക്ക് ഒന്നാംതരം തെളിവു ചൂണ്ടിക്കാണിക്കാം. ദീപികയുടെ മുഖപ്രസംഗത്തിന് അവസരം നല്കിയ ശതാബ്ദ്യാഘോഷങ്ങളിൽ അദ്ധ്യക്ഷതവഹിക്കുവാൻ റോമാസിംഹാസനത്തിന്റെ പ്രത്യേകപ്രതിനിധിയായി എഴുന്നള്ളിയ കർദ്ദിനാൾ തിരുമേനിക്ക്, ഭാരതത്തിലെ 32 കത്തോലിക്കാമെത്രാസനാദ്ധ്യക്ഷന്മാർ സന്നിഹിതരായിരിക്കെ, എറണാകുളം മെത്രാപ്പോലീത്താ തിരുമേനി വായിച്ചുസമർപ്പിച്ച മംഗളപത്രത്തിലെ ഒരു ഭാഗമാണ് ഞങ്ങളുദ്ധരിക്കുന്നത്. "ഞങ്ങളുടെ പിതൃഭൂമി ഒരു ശിശുറിപ്പബ്ലിക്കാണ്. ഞങ്ങളുടെ ഭരണഘടന എല്ലാമതങ്ങൾക്കും, ന്യൂനപക്ഷസമുദായങ്ങളുടേയും [illegible] വ്യക്തിസ്വാതന്ത്ര്യം [illegible] സ്വാതന്ത്ര്യം പ്രദാനം ചെയ്തിട്ടുണ്ട്. എന്നാൽ സഹോദരഭൂരിപക്ഷസമുദായങ്ങളുടെ നീതിബോധത്തിലും സൗഹാർദ്ദത്തിലുമാണ് ഞങ്ങൾക്കു കൂടുതൽ വിശ്വാസം. ഇതിനുമുമ്പുവച്ചിരുന്ന റിസർവേഷൻ പരിരക്ഷകളെല്ലാം ഐകമത്യമായി ഇന്നിതാ ഉപേക്ഷിച്ചിരിക്കുന്നു. കവിനാഥനും സ്നേഹസാന്ദ്രനുമായ ഞങ്ങളുടെ പ്രധാനമന്ത്രി പണ്ഡിററ് നെഹ്‌റുവിന്റെ സർക്കാരിൻ കീഴിൽ സുരക്ഷിതരാണെന്ന ബോധം ഞങ്ങൾക്കുണ്ട്. കൂടാതെ, വിസ്തൃതമായ ഈ ഉപഭൂഖണ്ഡത്തിന്റെ ഭാഗധേയത്തിനു വിജയകരമായി വഴിതെളിക്കുവാൻ ആവശ്യമായ വൈദഗ്ദ്ധ്യവും ശക്തിയും ബോധവും അദ്ദേഹത്തിനു നല്കണേ എന്ന്, ഇന്ത്യയുടെ രക്ഷാധികാരികളായ അപ്പസ്തോലന്മാരോട് ഞങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഇന്നത്തെ കോളുകളിൽനിന്ന് ശാന്തിപൂർണ്ണവും അഭിവൃദ്ധിപൂർണ്ണവുമായ മഹത്തായ ഒരു ഇന്ത്യയുടെ ഉദയത്തിനായും ഞങ്ങൾ പ്രാർത്ഥിക്കുന്നു."

### കർദ്ദിനാളിന്റെ വാക്കുകൾ

കർദ്ദിനാൾ തിരുമേനി മംഗളപത്രത്തിനു നല്കിയ മറുപടിയിലെ ഒരു ഭാഗവുമുദ്ധരിക്കാം: "ഈ ആഘോഷങ്ങളുടെ ആരംഭത്തിൽ ഭാരതത്തോട് ഒരു നിശ്ചയം ചെയ്യേണ്ടതുണ്ട്. അതായത്, ഇന്ത്യക്ക് വി. തോമായും വി. ഫ്രാൻസിസ് സേവ്യറും വഴിയായി സിദ്ധിച്ചിരിക്കുന്ന നന്മക്ക് കൃതജ്ഞതാസൂചകമായി, എല്ലാം [illegible] ദൈവത്തെയും ദൈവത്തെപ്രതി അയൽക്കാരനെയും സ്നേഹിച്ച് യഥാർത്ഥക്രിസ്ത്യാനികളായി ജീവിക്കുവാൻ പ്രതിജ്ഞചെയ്യണം. ഈ ആഘോഷങ്ങളുടെ പരിണതഫലം ഇതാണെങ്കിൽ അതു സെൻറ് തോമസിന്റെയും സെൻറ് സേവ്യറുടെയും മഹത്വം വർദ്ധിപ്പിക്കുന്നതാണ്. അതു മഹത്തായ ഇന്ത്യൻ ജനതയ്ക്ക് ബഹുമതിയും പ്രശസ്തിയും ഉളവാക്കുന്നതാണ്. അതു എല്ലാവരുടേയും ഹൃദയങ്ങളിൽ സന്തോഷവും സമാശ്വാസവും വളർത്തും. അങ്ങനെ നാം മാനവസമുദായത്തിൽ സമാധാനത്തെ വർദ്ധമാനമാക്കും."

### മാർപ്പാപ്പായുടെ ആഹ്വാനം

റോമാസിംഹാസനസ്ഥനായ 12-ാം പിയൂസ് തിരുമേനി പ്രസ്തുത ആഘോഷങ്ങൾക്ക് മകുടം ചാർത്തിക്കൊണ്ട് പ്രക്ഷേപണം ചെയ്ത ആശീർവാദസന്ദേശത്തിലെ ചില വാക്യങ്ങളും പ്രസക്തങ്ങളാണ്. "ഈ അടുത്തു കഴിഞ്ഞ കൊല്ലങ്ങൾ ഇന്ത്യ അവളുടെ ചരിത്രത്തിന്റെ ഒരു പുതിയ യുഗത്തിലേക്ക് പ്രവേശിക്കുന്നതു കാണുകയുണ്ടായി. ഉയർന്നുവരുന്ന രാഷ്ട്രത്തിന്റെ അസ്തിവാരമുറപ്പിക്കുന്നതിൽ, അവളുടെ ജനങ്ങളിൽ സുബുദ്ധിയും യോഗ്യതയുമുള്ള ഘടകങ്ങളുടെയെല്ലാം സഹകരണം ആവശ്യമായിരിക്കുന്നു. ആ സഹകരണം ചെയ്യുവാൻ അവർക്ക് അവകാശവും ഉണ്ടായിരിക്കുന്നു. ഏഷ്യയുടെ ആത്മാവിനുവേണ്ടി നന്മയുടേയും തിന്മയുടേയും ശക്തികൾ ശ്രദ്ധേയമായ ഒരു സംഘട്ടനത്തിലേർപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ സംഘട്ടനത്തിന്റെ പരിണതഫലത്തിൽ തൂങ്ങിനില്ക്കുന്നതെന്താണെന്ന് നിങ്ങൾക്കറിയാം. ഈ സംഘട്ടനത്തിലും രാഷ്ട്രം കെട്ടിപ്പടുക്കുന്നതിലും മതവും സത്യവിശ്വാസവും വഹിക്കേണ്ട സുപ്രധാനവും പരമവുമായ ഭാഗം എന്താണെന്ന് നിങ്ങൾ അറിയുകയും ചെയ്യുന്നുണ്ട്. അങ്ങേയററം ഗൗരവമായ ഒരു ഘട്ടത്തിൽ നാം നിങ്ങളെ ആഹ്വാനം ചെയ്യുന്നു. ... .... ... ... ... .... നിങ്ങളുടെ ജനങ്ങൾക്കും നിങ്ങളുടെ ഗവൺമെന്റിനും സഭയുടെ സാമൂഹ്യപാഠങ്ങൾ കാണിച്ചുകൊടുക്കേണ്ടതു ഒരു നില നിങ്ങൾക്കുണ്ട്. ആ പാഠങ്ങൾ സാമൂഹ്യനീതിയിലും, ഓരോരുത്തർക്കും സമുദായത്തോടും സമുദായത്തിന് ഓരോ വ്യക്തിയോടുമുള്ള ചുമതലയിലും അധിഷ്ഠിതങ്ങളായിരിക്കുന്നു. അവയുടെ ലക്ഷ്യം സാമൂഹ്യക്രമത്തിന്റെ സമാധാനമാണ്; ഒരു രാഷ്ട്രത്തിലെ ഏററം വിനീതനായ അംഗത്തിനും ആവശ്യമായവയെങ്കിലും ഉണ്ടായിരിക്കത്തക്കവണ്ണം വിഭിന്നതാല്പര്യങ്ങളെ സംയോജിപ്പിക്കുകയാണ്. ഓരോ മനുഷ്യവ്യക്തിയുടേയും അഭിമാനത്തേയും സ്വാഭാവികാവകാശങ്ങളേയും പററിയുള്ള വിട്ടുവീഴ്ച കൂടാത്ത ആദരപ്രകടനത്തിലാണ് അതിന്റെ ശക്തി."

മംഗളപത്രത്തിലേയും കർദ്ദിനാളിന്റേയും മാർപ്പാപ്പായുടേയും ഈ വാക്കുകൾ ഭാരതത്തെ റോമാസിംഹാസനത്തിന് അടിയറവച്ചു വീണ്ടും പാശ്ചാത്യശക്തികൾക്ക് വീണ്ടും അതിനെ വിധേയമാക്കാനുദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണോ?

ഏതു രാജ്യത്തിലെയും കത്തോലിക്കരും, കത്തോലിക്കാമെത്രാന്മാരും അങ്ങനെ [illegible] വിദേശികളായ മെത്രാന്മാർ, ആ രാജ്യത്തോട് ഭക്തിയുള്ളവരും അതിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരും ആയിരിക്കണമെന്നതാണ് റോമാസിംഹാസനത്തിന്റെ അഭേദ്യമായ നിശ്ചയവും ഉദ്ബോധനവും. അതിനു എത്ര തെളിവുകളും ചൂണ്ടിക്കാണിക്കാവുന്നതാണ്. ഇൻഡോനേഷ്യയെ സംബന്ധിച്ചുള്ള ഒന്നു തൽക്കാലം ഉദ്ധരിക്കാം. പുതുതായി ജന്മമെടുത്ത ഇൻഡോനേഷ്യൻ റിപ്പബ്ലിക്കിന്റെ ഒന്നാമത്തെ സ്ഥാനപതി വത്തിക്കാനിൽവെച്ച് മാർപ്പാപ്പായ്ക്ക് തന്റെ അധികാരപത്രം സമർപ്പിച്ച അവസരത്തിൽ (മേയ് 26, 1950) തിരുമനസ്സുകൊണ്ടു ചെയ്ത പ്രസംഗത്തിലെ ചില വാക്യങ്ങൾ കണ്ടാലും:

'700 ലക്ഷം പൗരന്മാരുള്ള ഈ ജനപദം, അതിന്റെ സ്വാതന്ത്ര്യത്തെ സംസ്ഥാപിക്കുവാനും ശക്തിപ്പെടുത്താനുമുള്ള സമരങ്ങളിൽ സകലരുടേയും സഹോദരപരമായ സഹായവും പ്രോത്സാഹനവും അർഹിക്കുന്നുണ്ട്. ഈ ലക്ഷ്യത്തിൽ ആ രാജ്യം എത്തിച്ചേരണമെന്നുള്ള ആഗ്രഹം മററാരെയുംകാൾ നമുക്കാണുള്ളത്. നമ്മുടെ ഹൃദയത്തിന് ഏററവും പ്രിയപ്പെട്ടവരായ ഇൻഡോനേഷ്യൻ ജനത അവരുടെ അസ്തിത്വത്തിന്റെ ഈ മണിക്കൂറിൽ സൗഭാഗ്യത്തിലേക്കും പുരോഗതിയിലേക്കും അഭിവൃദ്ധിയിലേക്കും ചരിത്രഗമനം ചെയ്യുന്നതു കാണുവാനുള്ള നമ്മുടെ ആഗ്രഹം എത്ര പരമാർത്ഥമാണെന്ന് സമസ്തവും അറിഞ്ഞുകൊണ്ടിരിക്കുന്ന ദൈവത്തിനറിയാം. നമ്മുടെ വിശ്വാസത്തിലും ബോധ്യത്തിലും പങ്കുകൊള്ളുന്ന സകലരുടേയും ആഗ്രഹം ഇതാണ്. ഇൻഡോനേഷ്യയിൽ ജോലിചെയ്യുന്ന തിരുസ്സഭയുടെ മക്കൾ വിദ്യാഭ്യാസം, പരസ്നേഹപരകർത്തവ്യം എന്നിവകളിൽ നിസ്സ്വാർത്ഥമായും ത്യാഗസന്നദ്ധരായും സ്വരാജ്യത്തിനും സഹപൗരന്മാർക്കും സേവനംചെയ്യുവാനുള്ള മഹത്തായ മോഹത്തിൽ മററാരേക്കാളും താഴെയായിരിക്കുകയില്ലെന്ന് നമുക്ക് ഉറപ്പുണ്ട്. മഹത്തായ മനുഷ്യകുടുംബത്തിലെ അംഗങ്ങളെന്നനിലയിലും കത്തോലിക്കരെന്ന നിലയിലും ഇത് അവരുടെ കർത്തവ്യമാകുന്നു. പ്രസിദ്ധമായ [illegible] രാഷ്ട്രകുടുംബത്തിലെ അംഗങ്ങൾക്കും ഇൻഡോനേഷ്യൻ ജനപദത്തിലെ സകലവർഗ്ഗക്കാർക്കും നമ്മുടെ ആശംസകൾ എത്തിച്ചുകൊടുക്കണമെന്ന് നാം അങ്ങയോടഭ്യർത്ഥിക്കുന്നു. നിങ്ങളുടെ രാഷ്ട്രം അഭിവൃദ്ധിപ്രാപിച്ചുകാണുന്നതിൽ നാം എല്ലായ്പോഴും സന്തോഷമുള്ളവനായിരിക്കുമെന്ന് എല്ലാവരും ഉറപ്പുകൊള്ളട്ടെ."

രാജ്യത്തെ കെട്ടിപ്പടുക്കുന്നതിനുള്ള സംരംഭങ്ങളെ ഇപ്രകാരം വർഗ്ഗീയവിഷം വമിച്ചും നുണകൾ വാർത്തെടുത്തും ശിഥിലമാക്കുവാൻ യത്നിക്കുന്ന വ്യക്തികളും വ്യക്തികളുടെ ഗണവും പത്രങ്ങളുമാണ് സാക്ഷാൽ രാജ്യത്തിന്റെ "കററുകാർ."

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol 26 Ernakulam February 4, 1953 No. 24


## വിവിധവൃത്താന്തങ്ങൾ

### ടിറ്റോയെ സ്വീകരിക്കാൻ
### ബ്രിട്ടീഷ് കത്തോലിക്കരുടെ എതിർപ്പ്

യൂഗോസ്ലാവിയാ സന്ദർശിച്ചശേഷം ടിറ്റോയെ ബ്രിട്ടനിലേക്കു ക്ഷണിച്ചിട്ടു പോന്നിരിക്കയാണ്. കത്തോലിക്കരുടെ കൈതവത്തിൽ കുളിച്ചു കഴിയുന്ന ഈ ഏകാധിപതിയെ തങ്ങളുടെ രാജ്യത്തിൽ സ്വീകരിക്കുന്നതിലുള്ള പ്രതിഷേധം ബ്രിട്ടീഷ് കത്തോലിക്കർ നാനാവഴിക്കും ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. എന്നിട്ടും അദ്ദേഹത്തെ സ്വീകരിക്കേണ്ടതന്നെയാണ് ഗവൺമെൻറ് തീർച്ചപ്പെടുത്തുന്നതെങ്കിൽ രണ്ടു ലക്ഷം കത്തോലിക്കർ വേണ്ടുന്ന ഒരു പ്രതിഷേധപ്രകടനം ടിറ്റോയുടെ സ്വീകരണദിവസം ലണ്ടനിൽ നടത്താനാണ് കത്തോലിക്കർ കരുതിയിരിക്കുന്നത്. തൊഴിലാളിക്യാബിനററിൽ മന്ത്രിയായിരുന്ന റിച്ചർഡ് സ്റ്റോക്ക്സ് ആദിയായ കത്തോലിക്കാപ്രമുഖന്മാരാണ് ഇതിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചുവരുന്നത്. ഈ ആധുനിക നീറോയെ നമ്മുടെ രാജ്യത്തിലേക്ക് എഴുന്നള്ളിക്കാൻ തക്കവണ്ണം നാം അത്ര അധഃപതിച്ചുപോയോ? എന്നാണ് ഗ്ലാസ്ഗോ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ചോദിക്കുന്നത്.

### ബ്രിട്ടീഷ കമ്മ്യൂണിസ്റ്റുകാർ
### കെനിയാ വിപ്ലവത്തിനിടയിൽ

കെനിയായിലെ "മൗ മൗ" സംഘത്തിൻെറ ചരടുവലി മുഴുവൻ ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റുപാർട്ടിയാണ് നടത്തുന്നതെന്നു ഇതിനകം പ്രത്യക്ഷമായിരിക്കുന്നു. ഡെയിലി വർക്കർ പത്രം സങ്കോചംകൂടാതെ പറയുന്നു: ലക്ഷ്യത്തിൽ ഗവർമ്മെൻറു മൗമൗ ബഹളം പൊക്കിപ്പിടിച്ചുകൊണ്ടിരിക്കുന്നത് ഗവർമ്മെൻറിൻെറ അക്രമനയങ്ങളെ മൂടിവെയ്ക്കുവാൻവേണ്ടി മാത്രമാണ്. ബ്രിട്ടീഷ സാമ്രാജ്യമേധാവിത്വം കെനിയായിൽനിന്നു പിൻവലിക്കട്ടെ, തടവുകാരെയെല്ലാം വിട്ടയക്കട്ടെ" കെനിയായിലെ ബഹളക്കാർ ആവശ്യപ്പെട്ട നിബന്ധനകളും ലണ്ടനിലെ കമ്മ്യൂണിസ്റ്റു പാർട്ടി ഉന്നയിച്ച നിർദ്ദേശങ്ങളും ഒരേ ദിവസമാണ് പ്രസിദ്ധീകൃതമായത്. രണ്ടും വള്ളിപുള്ളി ഭേദംകൂടാതെ ഒന്നുതന്നെയായിരുന്നു. സാമ്രാജ്യത്തെ തകർക്കുന്ന നയം കമ്മ്യൂണിസ്റ്റ് കേന്ദ്രത്തിൽ കരുപിടിപ്പിച്ചിരിക്കയാണെന്നു തോന്നുന്നു.

### ഗ്രീസിലെ തെരഞ്ഞെടുപ്പ്
### കമ്മ്യൂണിസ്റ്റ് പരാജയം

ചെങ്കൊടിയോടു ഗ്രീക്കുകാർക്കുള്ള വെറുപ്പ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അവർ സവിശേഷം പ്രത്യക്ഷപ്പെടുത്തി. ജനാധിപത്യമുന്നണിയെന്ന പേരിലാണ് കമ്മ്യൂണിസ്റ്റുകാർ അവിടെ മത്സരപ്രചരണവേലകൾ നടത്തിയതു്. 80 ലക്ഷം വോട്ടുകളിൽ കഷ്ടിച്ചു് ഒന്നരലക്ഷമേ അവർക്കു സമ്പാദിപ്പാൻ സാധിച്ചുള്ളു. ഒരു നിയോജകമണ്ഡലത്തിലെങ്കിലും വിജയം കൈവരിപ്പാൻ അവർക്ക് കഴിഞ്ഞില്ല. മാർഷൽ പപ്പാഗോസിൻെറ കക്ഷിക്ക് വലിയ ഭൂരിപക്ഷം ലഭിക്കയും, ഗ്രീസിൻെറ പരിത്രാതാവായ അദ്ദേഹം ഭരണഭാരം ഏല്ക്കുകയും ചെയ്തു. അടുത്ത നാലുകൊല്ലത്തെ ഭരണംകൊണ്ട്, കമ്മ്യൂണിസ്റ്റുകാരിൽനിന്നു രാജ്യത്തിനു നേരിട്ട കേടുപാടുകൾ ഒട്ടേറെ പരിഹരിപ്പാൻ അദ്ദേഹത്തിനു സാധിക്കുമെന്നു എല്ലാവരും പ്രതീക്ഷിക്കുന്നു.

### ജനനനിയന്ത്രണമല്ല
### ഭക്ഷ്യനിയന്ത്രണമാണ് ആവശ്യം

ജനസംഖ്യ വർദ്ധിച്ചുവരുന്നു, ഭക്ഷ്യസാധനങ്ങൾ ദുർലഭമായിവരുന്നു, അതിനാൽ ജനനനിയന്ത്രണം നടപ്പാക്കിയില്ലെങ്കിൽ ലോകം പട്ടിണിയിലാകും ഇതാണെല്ലാ ഇന്നത്തെ മുറവിളി. ന്യൂസിലൻഡ് ടാബ്ലറ്റ് പത്രത്തിൽ ഈ അബദ്ധസിദ്ധാന്തത്തെ ഖണ്ഡിച്ചുകൊണ്ടു ഒരു വിദഗ്ദ്ധൻ എഴുതുന്നു: സമ്പത്തിൻെറ വ്യതിചലിക്കുന്നതിനെ പകരം ഭക്ഷ്യസാധനങ്ങളുടെ വിതരണക്കുഴപ്പമാണ് ലോകം ഇന്നു ശ്രദ്ധിക്കേണ്ടത്. ഉദാഹരണമായി ഏഷ്യയിലെ ജനസംഖ്യയിൽ 4 ശതമാനമേ ഉത്തര അമേരിക്കയിൽ വസിക്കുന്നുള്ളു. എന്നാൽ ലോകത്തിലെ ഭക്ഷ്യവിഭവങ്ങളിൽ 60 ശതമാനവും അവരാണ് ഭക്ഷിക്കുന്നത്. എന്നാൽ 38 ശതമാനം ജനങ്ങൾ ഉൾക്കൊള്ളുന്ന ഏഷ്യയ്ക്കു ആകെയുള്ളതിൻെറ 19 ശതമാനം മാത്രമേ ലഭിക്കുന്നുള്ളു. 200 കോടി ജനങ്ങളെ തീറ്റിപ്പോറ്റാനുള്ള വകയേ ഇന്നു ലോകത്തിലുണ്ടാകുന്നുള്ളു എന്നാണ് ജനനനിയന്ത്രണവാദികൾ കണക്കാക്കിയിരിക്കുന്നത്. എന്നാൽ ശരിയായ വിതരണം നടത്തുന്നപക്ഷം 400 കോടി വയറുകൾക്കുള്ള വക ഇപ്പോൾത്തന്നെ ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്നു സ്ഥിതിവിവരക്കണക്കുകൾ വെളിയിക്കുന്നുണ്ട്.

## FAMOUS CONVERTS
**(Continued)**

DR. SELWYN GRAVE, Senior Lecturer of Philosophy at the University of Perth, was received into the Catholic Church last year. He was the guest speaker at the first public function of the Newman Society of Perth, Western Australia on April 30th, 1952. Prior to going to Western Austral a, Mr. Grave was subWarden at St. John's Anglican Theological College, New Zealand.

ELIZABETH LAURA ADAMS, a Negro author of distinction, was born in 1909 in Santa Barbara. California. From her parents she inherited a love of art and a marked talent for music. After a search for religious truth that lasted almost nine years she entered the Church in 1929. Her talents have found expression in music, drama, poetry and prose. Her poems have been highly acclaimed. Her book: "Dark Symphony" stamps her as a writer of originality and power. She has a brilliant prospect before her. She is a member of the 3rd Order, of the Gallery of Living Catholic Authors, and plans to specialise in writing plays on Negro life.

PETER FREDERICK ANSON, Author and Artist, born in 1899, is a descendant of the famous Adm. Lord Anson. He came into the Church in 1913 along with most of the members of the Caldey Anglican Benedictines. He belongs to the 3rd Order. As an artist he has exhibited at home and abroad, and is the founder-member of the Society of Marine Artists. He has illustrated scores of books, and has written and illustrated such fine books as: "Six Pilgrim's Sketch Books." "The Catholic Church in Modern Scotland," "The Caravan Pilgrim," "The Church and the Sailor," "The Religious Orders of Great Britain and Ireland," and many others.

JOCELYN MARY CATHERINE TOYNBEE, the sister of the famous historian Arnold Toynbee, has an impressive array of degrees in the Classics which she has made her life work. She is an M A of Cambridge, a Ph D of Oxford, a Fellow of the Society of Antiquaries. She is a lecturer on the arts in Cambridge University, and the director of Classical Studies at Newnham College, Cambridge. She became a Catholic in 1930. She has contributed scholarly articles to a number of magazines and has published "The Hadrianic School" and "Roman Medallions."

### നവവത്സരരശ്മികൾ
(ജയിംസ് തോപ്പിൽ)

സ്വപ്നങ്ങൾ വികാരത്തിൻ
ചിറകിൽ കേറ്റുംകൊണ്ടു
സുപ്തിയിൽ കഴികയാ-
യിന്നലെവരേക്കും നാം
കൺതുറന്നുണരാനൊന്നിന്നൽ കയായ്
നവവർഷ-
കല്യാണനാളേ, നിൻെറ പൂർണ്ണനി
ദർശിക്കുവാൻ
അമ്പത്തിരണ്ടിൽ കണ്ട ലോകമല്ലിനി
നമ്മ-
ളമ്പത്തിമൂന്നിൽ കണ്ടു കൺകുളി-
ർക്കുവാൻ പോവു!
പുത്തനാം കാല്പാടുകളെ രൂവൻ
കാലത്തിൻെറ
നൽതങ്കമണൽത്തിണ്ട കാണുമാറൻ
കിടക്കുന്നു.
വരുവിൻ തോഴരേ, ഒരാണ്ടു
വേദന്മാരേ നവ്യ-
വരശ്രീകാരമേവം വർഷത്തെ
കാഴ്ചക്കുവാൻ,
സ്വാതന്ത്ര്യം ചെയ്തിടാവു പുത്തനാ-
മൂട്ടപ്പന്തി-
യാത്രമാം ഭവ്യമാസുരപ്രഭാതത്തെ.
കർമ്മത്തിൻ കളിത്തൊണിയേറിനാം
കർത്തവ്യവും
ധർമ്മവും നിറവേറി മേൽക്കുമേൽ
മുന്നേറുമ്പോൾ
പുതുവത്സരത്തിൻെറ യന്ത്രമാവിൻ
കതി-
രതിരം പ്രകാശമേ, നേർവഴി
തെളിക്കാവൂ!!

വിജ്ഞാനവീഥി

## ഇന്ത്യയിലെ
## കത്തോലിക്കാവിദ്യാലയങ്ങൾ

| | കോളേജ് | ഹൈസ്കൂൾ | മിഡിൽ സ്കൂൾ | പ്രൈമറി | ട്രെയിനിംഗ് | സാങ്കേതിക | അംഗഹീനർക്ക | ആകെ |
|---|---|---|---|---|---|---|---|---|
| **വിദ്യാലയങ്ങൾ** | | | | | | | | |
| ആൺകുട്ടികൾക്ക് | 27 | 264 | 468 | 4099 | 22 | 57 | 1 | |
| പെൺകുട്ടികൾക്ക് | 21 | 265 | 281 | | 50 | 94 | 1 | 5650 |
| **അദ്ധ്യാപകർ** | | | | | | | | |
| സന്യാസികളും വൈദികരും | 208 | 700 | 180 | 78 | 24 | 76 | | 1266 |
| സന്യാസിനികൾ | 116 | 1916 | 1804 | 2165 | 107 | 188 | 2 | 6298 |
| അൽമായപുരുഷർ | 316 | 2205 | 1966 | 7256 | 63 | 148 | 11 | 11966 |
| അൽമായസ്ത്രീകൾ | 82 | 2710 | 1577 | 3418 | 49 | 41 | 9 | 7886 |
| അകത്തോലിക്കപുരുഷർ | 548 | 1878 | 710 | 1251 | 70 | 37 | | 4494 |
| അകത്തോലിക്കസ്ത്രീകൾ | 159 | 1150 | 528 | 664 | 45 | | 4 | 2550 |
| ആകെ | 1429 | 10559 | 6766 | 14832 | 358 | 490 | 26 | |
| **വിദ്യാർത്ഥികൾ** | | | | | | | | |
| കത്തോലിക്ക ആൺകുട്ടികൾ | 4961 | 60013 | 56420 | 166265 | 739 | 2401 | 21 | 280820 |
| കത്തോലിക്ക പെൺകുട്ടികൾ | 1649 | 46709 | 41901 | 125406 | 1808 | 4156 | 23 | 221652 |
| അകത്തോലിക്ക ആൺകുട്ടികൾ | 2258 | 6469 | 4330 | 16457 | 105 | 100 | 12 | 29741 |
| അകത്തോലിക്ക പെൺകുട്ടികൾ | 992 | 6611 | 3802 | 12652 | 530 | 103 | 10 | 24700 |
| അക്രൈസ്തവ ആൺകുട്ടികൾ | 13387 | 76709 | 45022 | 105577 | 810 | 1159 | 174 | 242888 |
| അക്രൈസ്തവ പെൺകുട്ടികൾ | 3873 | 55224 | 32653 | 64201 | 932 | 238 | 159 | 157280 |
| ആകെ | 27080 | 251735 | 184128 | 480658 | 4924 | 8157 | 399 | 957081 |